Malayalanadu Weekly, Quilon
22 August 1976
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം:

തകഴി പതിനഞ്ചിലെത്തിയപ്പോൾ
— പി. ഭാസ്കരനുണ്ണി 2

ഇരുവായൂർ ദേവപ്രശ്നം—ആറു
വാശ്ശേരിനാണ്ഞോസ്യർ 8

ഏറുപറച്ചിലുകളെപ്പറ്റിയും
ആത്മകഥാകഥനത്തെപ്പറ്റിയും
ചില ചിന്തകൾ
— ജോൺമാർക്ക് ചക്കാലക്കൽ 26

അനന്തരതിയുടെ ആഴങ്ങളിൽ
എന്തുസംഭവിക്കുന്നു?
— നരേന്ദ്രപ്രസാദ് 50

കവിത:

അമ്മൂമ്മ
— സച്ചിദാനന്ദൻ 7

ശ്രീഷ്മാന്തക്കുറിപ്പുകൾ
— വി. സുന്ദരേശൻ 53

കഥ:

അതിത്തിയുടെ വേരുകൾ
— ജോയിക്കുട്ടി പാലയ്ക്കൽ 9

കൃഷ്ണഗാഥ
— പി. ആർ. നാഥൻ 17

നിലാവസ്തമിച്ച രാവുകൾ
— കെ രാമചന്ദ്രൻ 41

നോവൽ:

പിതാമഹൻ II
— വി. കെ. എൻ 28

അർച്ചന
— സാറാതോമസ് 31

പ്രേയസി
— സി. രാധാകൃഷ്ണൻ 37

സ്ഥിരം പംക്തികൾ:

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 14

കണ്ടതും കേൾക്കാത്തതും
— കാമ്പിശ്ശേരി 21

ഗ്രന്ഥനിരൂപണം
— ഗോപി, കൊട്ടങ്ങല്ലൂർ 46

മുഖഭാവചിത്രങ്ങൾ
— വി. ബി. സി. നായർ 54

സിനിമ
— വി 59

മുഖചിത്രം:

ഫോട്ടോ കെ. എസ്. ദിനകർ

പുസ്തകം എട്ട് □ ലക്കം പതിനാല് □ 1152 ചിങ്ങം 7

ബുദ്ധിപരമായ അരാജകത്വത്തിന്റെ വിരാമത്തിനും ഒരു വിപ്ലവം— സമൂലമായ പരിവർത്തനം കൂടിയേകഴിയൂ. രാജ്യത്തിന്റെ മനസ്സാക്ഷി സദാ ഒരു വെടിമരുന്നുശാലപോലെ പൊട്ടിത്തെറിക്കു സന്നദ്ധമായിരിക്കെ, തീപ്പൊരി ഏതു ഭാഗത്തുനിന്നാണെന്നു ചിന്തിക്കുകയില്ല. സ്വന്തം രാജ്യത്തിലെ അദ്ധ്വാനിച്ചു പട്ടിണികിടക്കുന്നവർഗ്ഗത്തിന്റെ പ്രാതിനിധ്യം പ്രതീക്ഷിക്കുന്ന വർത്തമാനകാലത്തിന്റെ ക്ഷോഭത്തിനു് കാത്തിരിപ്പിന്റെ സൗമനസ്യം ദർശിക്കുകയില്ല. "പാവങ്ങൾ" ഒരു വിപ്ലവമഹാകാവ്യമായിരുന്നു. ഫ്രഞ്ചുവിപ്ലവത്തിനുശേഷം, ഫ്രാൻസിലുണ്ടായ പരിവർത്തനത്തിന്റെ ദർപ്പണമാണതു്. എന്നിട്ടും കേരളത്തിന്റെ മേധാവിലാസമേഖലകളിൽ വിപ്ലവകരങ്ങളായ അന്തർതന്തുക്കൾതന്നെ അതു് സൃഷ്ടിച്ചു. അന്നവരെ അസ്പൃശ്യങ്ങളായി ഗണിച്ചിരുന്നതു്, അമൂല്യരത്നങ്ങളായി മാറി. അനർഘങ്ങളായി കരുതിയിരുന്നതു്, വെറും ചവറുകളായിത്തീർന്നു, നിഷ്കളങ്കരായ കുഞ്ഞുങ്ങൾ സാമൂഹ്യദ്രോഹികളായി വഴിപിഴച്ചുപോകുന്നതു്, അവരുടെ കുറ്റംകൊണ്ടല്ല മാനുഷത്തിന്റെ ദേവതകൾ വ്യഭിചരിക്കുന്നതു്, അവരുടെ തെറ്റുകൊണ്ടല്ല;— പുതിയ പൈദൃതപ്രകാശമാണു് എഴുത്തുകാരന്റെ മനസ്സിൽ "പാവങ്ങൾ" പരത്തിയതു്. മാർഗ്ഗങ്ങൾ പലതുണ്ടായിരുന്നു. കൃത്യമായ ലക്ഷ്യബോധരാഹിത്യമാണു് നമ്മുടെ പഴയ എഴുത്തുകാരെ നാനാവഴിക്കും ചുറ്റിച്ചതു്. ഇപ്പോൾ, അവർക്കു പാതതെളിഞ്ഞുകിട്ടിയിരിക്കുന്നു. എവിടെയാണു് തനിക്കു ചെന്നെത്തേണ്ടതെന്നവിഷയത്തിൽ ചാഞ്ചാട്ടമില്ല.

വർഷങ്ങൾ പലതുകഴിഞ്ഞിട്ടാണു് പാവങ്ങൾ വിതച്ച വിപ്ലവക്കാറ്റ് ഇവിടത്തെ സാഹിത്യകൃതികളിൽ പ്രാണവായുവായി തുടിക്കുവാൻ തുടങ്ങിയതു്. അതിനു് ഒരു സമാധാനമേയുള്ളൂ. പുതിയ ഒരാശയം. ഒരു ദർശനം വെട്ടിവിഴുങ്ങാൻ എളുപ്പമാണു്. അതു് ചിന്തയുടെ ഗർഭാശയത്തിൽക്കടന്നു്, സ്വതഃ ചേതപ്പെട്ടതാതെ സമന്വയിച്ചു്, അണ്ഡമായി വർദ്ധിപ്പിച്ചു്, തനതായ വ്യക്തിത്വത്തോടെ പുനർജനിക്കാൻ കാലം കുറച്ചെടുക്കും. കഞ്ഞിക്കാലുകാണാൻ അമ്മ എത്ര ധിറുതിപ്പെട്ടാലും, അനുഭവവിധി കൃത്യമായ കാലത്തേ അവക്കു പറഞ്ഞിട്ടുള്ളൂ. ഇവിടെയും അതുതന്നെയാണു നടന്നതു്. പക്ഷെ, പുതിയആജനനത്തിനുമുമ്പു് ചുവന്ന ചക്രവാളത്തിലെ അരുണോദയത്തിനുമുമ്പു് ഗർഭാരിഷ്ടതകൾ പലതു് ഇവിടെ അനുഭവിച്ചു. ഗർഭത്തിൽവച്ചുതന്നെ പിള്ളയെ നശിപ്പിക്കാൻ ഉപജാപങ്ങൾ നിരങ്ങിലയിലും കവിസദസ്സുകളിലും നടന്നു. അവരിഷ്ടിക്കുന്ന ആവണപ്പലകകളുടെഓരോകാല്പംജീർണ്ണിച്ചു"ഊരിവീഴുന്നതു് വിഡ്ഢികളായ ആ ആഭിജാത്യക്കാർ അപ്പോഴും അറിഞ്ഞിരുന്നില്ലെന്നുള്ളതാണു് കർക്കശമായ നേരമ്പോക്കു്.

ശ്രീ. എം. പി. പോൾ "നോവൽ സാഹിത്യം" പ്രസിദ്ധീകരിക്കുന്നതു് 1930 ലാണു്. ഈ വർഷംതന്നെ, ശ്രീ. മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ "അപ്ഫന്റെ മകൾ" പുറത്തുവന്നു. "അപ്ഫന്റെ മകൾ" വരാൻപോകുന്ന മാറ്റത്തിന്റെ നാന്ദികുറിക്കലായിരുന്നു. മലയാളനോവൽ രംഗത്തിലെ അപാകതകളേയും ന്യൂനതകളേയുംകുറിച്ചു് ധൈര്യപൂർവ്വം സംസാരിക്കുവാൻ ശ്രീ. എം. പി. പോളിനു കഴിഞ്ഞുവെന്നതു്, അന്നോളം ഉണ്ടായ വിലക്ഷണകൃതികളുടെ സൗലഭ്യത്തേയും ഉത്തമനോവലുകളുടെ ദുർലഭ്യത്തേയുമാണു് പ്രകാശിപ്പിക്കുന്നതു്. അപ്രിയങ്ങളും അസുഖകരങ്ങളുമെങ്കിലും, സത്യം സത്യമാണു്. നാടുവാഴിപ്രഭുത്വത്തിന്റെ കറുനിറഞ്ഞ ആശയഗതികളും അനാരോഗ്യകരങ്ങളായ സങ്കല്പങ്ങളും കലയിലൂടെ അഷ്ടബന്ധമിട്ടുറപ്പിച്ചിരിക്കുന്നതു് സൂക്ഷ്മദർശിയായ ഒരു നിരൂപകനു മാത്രമേ കണ്ടെത്താൻ സാധിക്കൂ. നേരമ്പോക്കിനുവേണ്ടി എഴുതുന്ന നോവലുകളിൽ, അതിന്റെ കർത്താക്കൾ അറിഞ്ഞോ അറിയാതെയോ വന്നുചേരുന്ന ഈ വിഷാണുക്കളെ കലയുടെ നിരതിശയമായ ഐന്ദ്രജാലികപ്രഭാപ്രസരംമൂലം സാധാരണ വായനക്കാരൻ കണ്ടെത്തുന്നില്ല. അവന്റെ ചിന്താശക്തിയേയും ഭാവനയേയും ദുഷിപ്പിച്ചു്, ഫ്യൂഡലിസത്തിന്റെ മാരാരോഗമായ ആത്മീയാടിമത്തത്തിലേയ്ക്കു് അവനെ അതു് നയിക്കുന്നു. ഇതിനെതിരായ കലാപം പാവങ്ങൾ അഴിച്ചുവിട്ടു. മിതസ്വരത്തിലെങ്കിലും, ചില ദാരുണസത്യങ്ങൾ ശ്രീ. പോൾ, കൃത്യമായ അളവിലും മൂക്കത്തിലും പിഴപറ്റാതെ പറഞ്ഞുവയ്ക്കുകയും ചെയ്തു.

"... ഇന്നുള്ള നോവലുകളിൽ മിക്കവാറും ആദർശപരമായ ഒരവസ്ഥയെത്തുപ്രതിപാദിക്കപ്പെടുന്നതു". കേരളത്തെക്കുറിച്ചു് യാതൊന്നും കേട്ടിട്ടില്ലാത്ത ഒരാൾക്കു് ഈ നോവലുകളിൽനിന്നു് നമ്മെപ്പറ്റിയുള്ള അവ്യാജമായ ജ്ഞാനം ലഭിക്കുവാൻ വഴിയുണ്ടോ?... ഇന്നത്തെ നോവലുകൾ കേരളീയരുടെ സാമുദായികസ്ഥിതികൾ വെളിപ്പെടുത്തുന്നുണ്ടോ? അവരുടെ ആചാരങ്ങളേയും ജീവിതക്രമങ്ങളേയും അവ പരാമർശിക്കുന്നുണ്ടോ? അവരുടെ ആദർശങ്ങൾ അവയിൽനിന്നു് അനുമേയമാണോ? ഈ ചോദ്യങ്ങൾക്കു അഭിമാനകരമായ ഒരു സമാധാനം നൽകുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

"കേരളം ഒരു ചെറിയ അമേരാപുരിയാണെന്നും കേരളത്തിലെ സ്ത്രീകൾ പതിവ്രതാശിരോമണികളാണെന്നും, ഇവിടത്തെ ആദർശങ്ങളും ജീവിതസമ്പ്രദായവും യഥാർത്ഥപരിഷ്കാരത്തിന്റെ പരമകാഷ്ടയാണെന്നും അതു നമ്മുടെ രാജ്യത്തെക്കുറിച്ചു യാതൊരു ജ്ഞാനവുമില്ലാത്തവർ നമ്മുടെ നോവലുകളിൽനിന്നു ഗ്രഹിക്കുകപക്ഷെ, വാസ്തവം അപ്രകാരമാണോ? നമ്മുടെ സമുദായഘടന നിർദ്ദോഷമാണോ? മലയാളസ്ത്രീകളെല്ലാം അരുന്ധതികളാണോ? നമ്മുടെ ആചാരങ്ങളിൽ അനാശാസ്യമായി ഒന്നും ഇല്ലയോ? ദുരഭിമാനതിമിരം ബാധിക്കാത്തവർ ഈ പ്രശ്നങ്ങൾക്കു സമാധാനം പറയട്ടെ ... സത്യം പറയുവാൻ ധൈര്യവും ശേഷിയും ഉള്ളവർ എഴുതുന്ന നോവലുകൾ മാത്രമെ സമുദായ സംസ്കാരത്തിനു് ഉപയുക്തങ്ങളാവുകയുള്ളൂ." (നോവൽ സാഹിത്യം— എം. പി. പോൾ.)

സംസ്കൃതസാഹിത്യത്തിലെ പ്രബന്ധങ്ങളും നാടകങ്ങളും മറ്റും, ഭാഷയിൽ നോവൽ രീതിയിൽ രചിച്ചു വായിക്കാൻ ശീലിച്ചവരാണു് നമ്മുടെ അന്നത്തെ തലമുറയുള്ള ആസ്വാദകവലയം. അവരുടെ ഇഷ്ടത്തിന്റെ നാഴികവട്ടയിലൂടെ ഉതിർന്നുവീണതാണു് അക്കാലത്തെ മലയാള നോവലുകൾ. "മൂന്നകടികം" വായിച്ചുകഴിഞ്ഞപ്പോൾ, സ്വശിഷ്യരിലൊരാളോടു് ഈ നാടകം മലയാളത്തിൽ ആഖ്യായികയാക്കിമാറ്റിയാൽ കൊള്ളാമെന്നു് ഒരു പണ്ഡിതസഹൃദയൻ ആജ്ഞാപിച്ചു. ആ ശിഷ്യന്റെ "കൃത്യാന്തരപാരതന്ത്ര്യ"ത്താൽ അക്കാര്യം നടന്നില്ല. അങ്ങനെ എത്രയോ നോവലുകൾ ഇവിടെ ഉണ്ടാകാതെപോയി. "സംസ്കൃതസാഹിത്യത്തിലെ ഉത്തമ നാടകങ്ങളെല്ലാം നമ്മുടെ ഭാഷയിൽ ആഖ്യായികാരൂപേണ അവതരിപ്പിച്ചാൽ കൊള്ളാമെന്നു ചിരകാലമായി ആശിച്ച സഹൃദയർ അക്കാലത്തെ ആദരവു നേടിയ അന്തർതന്തുക്കളായിരുന്നു, അവരുടെ "കൃത്യാന്തരബാഹുല്യം" ഭാഷയ്ക്കും സാഹിത്യത്തിനും അനുഗ്രഹമായി എന്നല്ലാതെ എന്താ പറയേണ്ടതു്? പക്ഷെ, ഇതിൽനിന്നു് ഒരു വസ്തുത ഊറിവരുന്നുണ്ടു്; പുരോഗമനപരമായ അന്തർധാരകളോടുള്ള ബോധപൂർവ്വമായ അജ്ഞതയും നിഷേധവും."

മുൻപ്രിയന്മാരായ ഈ സാഹിത്യപ്രണയികളും നിശ്ശബ്ദരായിരുന്നില്ല. വിശേഷിച്ചും, അവരുടെ കലീനമായ മുകുരത്തെ ഭഞ്ജിക്കുമാറു് ആധുനികചിന്താഗതികൾ എല്ലാ രംഗങ്ങളിലും പുതിയ ചാലു

പി. ഭാസ്കരനുണ്ണി

തകഴി പതിനഞ്ചിലെത്തിയപ്പോൾ

കൾ കീറിയപ്പോൾ. മനസ്സിന്റെ ഗർഭഗൃഹങ്ങളിൽ സംഘർഷാത്മകമായി നിലനിന്ന യാഥാസ്ഥിതികത്വത്തിന്റെ ഏതു സമയത്തും വഴുതിവീണേക്കാമെന്ന ഭീഷണിയോടെ വത്തിച്ച മേൽക്കോയ്മയും, അധീശത്വം പിടിച്ചുപറ്റിയേ അടങ്ങൂ എന്ന വാശിയോടും ആവേശത്തോടും പടഹധ്വനി മുഴക്കുന്ന ഉൽപ്പതിഷ്ണുത്വവും, തമ്മിലുള്ള സംഘട്ടനം അതോടെ അനിവാര്യമായിത്തീർന്നു.

തകഴിക്ക് പതിനഞ്ചുവയസ്സുള്ളപ്പോൾ 1927-ൽത്തന്നെ സാഹിത്യത്തിലെ അന്നത്തെ തമ്പുരാക്കന്മാർ "കേരളസാഹിത്യപരിഷത്" എന്ന സംഘടന സ്ഥാപിച്ചു. സ്വന്തം നിലനില്പായിരുന്നു, അതിന്റെ പ്രധാനലക്ഷ്യമെന്നു് ഓരോ പരിഷത് സമ്മേളനങ്ങളും തെളിയിച്ചു. പരിഷത് സമ്മേളനങ്ങളിൽ അന്നനടന്ന പ്രസംഗങ്ങളേയും തീരുമാനങ്ങളേയും കുറിച്ചു് കേസരി എ. ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗങ്ങൾ വായിച്ചാൽ ഇതു് ബോദ്ധ്യമാകും. പല അവസരങ്ങളിലായി നന്നേ പരിഷത്സമ്മേളനങ്ങളെ വിമർശിച്ചുകൊണ്ടുള്ള കേസരിയുടെ ലേഖനങ്ങൾ, അക്കാലത്തെ ദന്തഗോപുരസങ്കല്പങ്ങളുടെ അജീർണതയുടേയും ബുദ്ധിപരമായ അസത്യത്തിന്റേയും അയുക്തിയുടേയും തനിനിറം വെളിപ്പെടുത്തുന്നതാണു്. പ്രത്യക്ഷത്വവും അടിമത്തവും, വിഭവൈശാര്യങ്ങളും, ദാരിദ്ര്യവും, ലൗകികസുഖാനുഭവഭാഗ്യവും വിപര്യയവും, ഉയർന്ന ജാതിയിലുള്ള ജന്മസുകൃതവും ചെറുകുടിലിലെ പിറവിയുടെ ഹീനതയും സനാതനബ്രഹ്മമായ ഈശ്വരന്റെ ഇച്ഛയാണെന്ന ഉറച്ചവിശ്വാസം ജനസമൂഹത്തിന്റെ വിചാരഗതികളിൽ അലിഞ്ഞു ചേർന്നിരുന്നു. സാമൂഹ്യപുരോഗതിക്കു വിപ്ലവവും വിനയും വരുത്തിക്കൊണ്ടു് ഭീകരമായ ഒരു തന്മയീഭാവമാണു് മതവും സാഹിത്യവുമായി ഇവിടെ നൂറ്റാണ്ടുകളായി നിലനിന്നിരുന്നതു്. അതിനെ മറികടക്കാൻ, മേധാശക്തിയുടെ അജയ്യത പോലും ഭയന്ന ഉപനിഷത്തുകളിലേയോ വേദങ്ങളിലേയോ സ്വതന്ത്രചിന്താശിലപദ്ധതി, സാമാന്യജനത്തിനജ്ഞാതമായിരുന്നു. അതറിഞ്ഞവർ, സ്വന്തം നിലനില്പിനു വേണ്ടി അതു് മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറച്ചുവയ്ക്കുകയും അതിനെ തന്ത്രപൂർവ്വം സ്വന്തം വർഗ്ഗത്തിന്റെ ഭൗതികജീവിതശ്രേണിയിലേയ്ക്കുള്ള കറങ്ങുന്ന കോവേണിയിലെ പടികളാക്കി ഉപയോഗിക്കുകയും ചെയ്തു. പുരാണേതിഹാസങ്ങളും ഇതര മലയാളസാഹിത്യപ്രസ്ഥാനങ്ങളും മതതത്വങ്ങളിൽ നിന്നു് മനുഷ്യന്റെ സാംസ്കാരികജീവിതത്തെ അനുസ്യൂതമായി കാണുന്നതു് പാപമാണെന്നു് ശഠിച്ചു. സങ്കല്പാതീതമായ ഭോഗലാലസതയും, ഒരിറ്റു കഞ്ഞിക്കു വേണ്ടിയുള്ള ആത്മപ്രലപനത്തിനും കാരണപുരുഷനായി മുകളിൽ ഒരു ദൈവം ഉണ്ടു്. ദരിദ്രനെക്കുറിച്ചു ചിന്തിക്കുന്നതും പറയുന്നതും ദൈവവിരോധമാണെന്ന പേടിപ്പെടുത്തുന്ന ഞെട്ടൽ സമുദായമദ്ധ്യത്തിൽ വേരുന്നി നിന്നു. കാരണം, ഘോരദാരിദ്ര്യത്തിനു് നിദാനം, ഈശ്വരശാപമത്രെ. ശാപത്തിൽപ്പെട്ട വലയുന്നവനെ കണ്ണീരുകൊണ്ടെങ്കിലും കാരുണ്യപൂർവ്വം തലോടുന്നതു് ഈശ്വരകോപത്തെ ക്ഷണിച്ചു വരുത്തലാണു്. ആരുണ്ടു്, എവിടേയോ കിടക്കുന്ന കൊട്ടവാളെടുത്തു് സ്വന്തം കാലിൽ വെട്ടി വേദനിപ്പിക്കുവാൻ? —

നിത്യമായ ക്ഷേമത്തിനും ദുർഭിക്ഷതയ്ക്കും കാരണം ഈശ്വരനാണെന്നും, ഈശ്വരനറിയാതെ ഈ അണ്ഡകടാഹത്തിൽ ഒന്നും സംഭവിക്കുന്നില്ലെന്നും, തന്റെ മുൻജന്മത്തിലെ കുസൃതികർമ്മങ്ങൾകൊണ്ടുണ്ടായ ഈ അനന്തമായ ക്ലേശം പുനർജന്മത്തിലെങ്കിലും ആവർത്തിക്കാതിരിക്കാൻ പട്ടിണിയുടേയും അടിമത്തത്തിന്റേയും നെരിപ്പോടിൽ ആത്മാഹുതി ചെയ്തു് ദൈവപ്രീതിനേടുന്നതാണു് നേരായ മാർഗ്ഗമെന്നും വിശ്വസിച്ചുവശായ ഒരു ജനസമുദായത്തിന്റെ അലംഘനീയമായ വിധേയത്വം, മനുഷ്യപുരോഗതിക്കും നന്മയ്ക്കും മൗലികമായ എല്ലാ ധാർമ്മികമൂല്യങ്ങൾക്കും കനത്ത ഭീഷണിയാണു്. ആ ഭീഷണിയുടെ കയത്തിലേയ്ക്കു് ഒരു ഷോക്ട്രീറ്റ്മെന്റിനു വേണ്ടി പില അപകടകരങ്ങളായ ചുഴികൾ തന്നെ സൃഷ്ടിക്കുവാനാണു് ക്രാന്തദർശികളായ ചിന്തകന്മാർ യത്നിച്ചതു്: "പാവങ്ങൾ" തൊട്ടു് അതാരംഭിക്കുകയും ചെയ്തു. ആരെപ്പറ്റിയാണു് സഹാനുഭൂതിയോടെ ചിന്തിക്കുകയും പറയുകയും കേൾക്കുകയും ചെയ്യുന്നതു് പാപ

മലയാള സാഹിത്യത്തിൽ സാഹിത്യകാരന്മാരുടെ വ്യക്തിത്വ
വിശകലന സമീപനത്തിൽ പുതുമസൃഷ്ടിച്ച
വി. ബി. സി. നായരുടെ

'പൂർണ്ണതതേടുന്ന അപൂർണ്ണബിന്ദുക്കളു'ടെ

മൂന്നാം ഭാഗം!

ആരൊക്കെയാണു്
ഈ മൂന്നാംഭാഗത്തിൽ പ്രത്യക്ഷപ്പെടുന്നതു്?
തുടർന്നുള്ള പരസ്യങ്ങൾ കാണുക.

മാധവിക്കുട്ടിയുടെ
നീണ്ടകഥ

'രോഹിണി'

മലയാളത്തിലെ ലബ്ധപ്രതിഷ്ഠരായ
സാഹിത്യകാരന്മാരുടെ
ഏഴു കഥകളും
ഏഴു കവിതകളും

എക്കാലവും ചർച്ചചെയ്യപ്പെടുന്ന
ഏക വിശേഷാൽപ്രതി

മലയാളനാടു് ഓണപ്പതിപ്പു് 1976

ഒറ്റപ്രതി
1രൂപാ 50പൈസ

മാനേജർ
മലയാളനാടു് വാരിക
തിരുവനന്തപുരം

പൂർണ്ണതതേടുന്ന അപൂർണ്ണ ബിന്ദുക്കൾ തമിഴിൽ

മലയാളനാടിലെ കഴിഞ്ഞ മണ്ഡലങ്ങളിൽ പ്രസിദ്ധീകരിച്ച വി. ബി.സി. നായരുടെ "പൂർണ്ണതതേടുന്ന, അപൂർണ്ണബിന്ദുക്കൾ" ഇപ്പോൾ പ്രസിദ്ധതമിഴ് സാഹിത്യമാസികയായ "ദീപ"ത്തിൽ പ്രസിദ്ധീകരിച്ചുവരുന്നു. മലയാളസാഹിത്യത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ട, ഈ ഫീച്ചർ തമിഴ് വായനക്കാരെ ഹഠാദാകർഷിച്ചുവരുന്നു. മലയാളത്തിലെ പ്രഗത്ഭരായ സാഹിത്യകാരന്മാരെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് തമിഴ് ഭാഷയിലെ വായനക്കാർക്ക് ലഭിക്കുന്നതു് ഇതാദ്യമാണു്. ഇളങ്കോ രനാണു് തമിഴിലേക്കു് ഈ ലേഖനപരമ്പര വിവർത്തനം ചെയ്തിരിക്കുന്നതു്. ഹിന്ദിയിലും താമസിയാതെ ഈ ഫീച്ചർ പ്രത്യക്ഷപ്പെടുന്നതാണു്.

മായി ഗണിക്കപ്പെട്ടിരുന്നവരുടെ ആ സംഖ്യാതീതമായ നിരാധാരരെക്കുറിച്ചായിരുന്നവല്ലോ "പാവങ്ങ"ളിൽ ചർച്ച ചെയ്യപ്പെട്ടതു്. ഈ ഭൂമുഖത്തിലെ കോടാനുകോടി പാവങ്ങളെ സൃഷ്ടിച്ചു വിട്ടതു് ഈശ്വരന്റെ ദോഷമല്ല, മനുഷ്യരാശിയുടെ ഹൃദയസ്ഥാനം നോക്കി കാലാനുഗതമായി കൗശലപൂർവ്വം ദംശിക്കുന്ന ഫാസിസ്റ്റു ചിന്താഗതിയെന്ന കാളിയനാണെന്നും യുഗോ ഓർമ്മിപ്പിച്ചു. ബ്രാഹ്മണനും മഹാരാജാവും ദൈവത്തിന്റെ പ്രതിപുരുഷന്മാരൊ, ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങളോ ആണെന്ന ചിന്താഗതിക്കും, ആ വഴിക്കു് മെല്ലെ ഉലച്ചിൽ തട്ടാൻ തുടങ്ങി. പുണ്യപാപങ്ങൾക്കും, സദാചാര, നൈതിക, ധാർമ്മികമൂല്യധാരകൾക്കും പുതിയ നിർവ്വചനങ്ങളും ഭാഷ്യങ്ങളും വേണ്ടിവന്നു. വഴങ്ങുവാനും വണങ്ങുവാനുമുള്ള തലമുറകളായ ശീലം, യുക്തിയുടെ ഇരുവെട്ടൽ നൈമിഷികമായെങ്കിലും ഉണ്ടായ നേരത്തെല്ലാം ഒന്നറച്ചു നിന്നു് പല്ലിറുമ്മി. മതി, ഇനി കാര്യങ്ങളുടെ ശരിയായ ഗതിക്കുള്ള ഒഴുക്കു് നിർവ്വിഘ്നം സഭവിച്ചു കൊള്ളുമെന്ന ഘട്ടത്തോളം, അതെത്തി. അതിന്റെ പ്രത്യക്ഷലക്ഷണമാണു്, "കേസരി"യുടെ മുഖപ്രസംഗങ്ങൾ.

നാട്ടുവാഴിത്തത്തിന്റെ മനുഷ്യഗന്ധിയല്ലാത്ത കലാസങ്കേതങ്ങളും ആധുനികചിന്താഗതിക്കാരുടെ കലാസങ്കേതങ്ങളും ഒട്ടുവിൽ സ്ഫോടകമാംവിധം ഏറ്റുമുട്ടുകതന്നെ ചെയ്തു. കേരളസാഹിത്യപരിഷത്തിന്റെ കോഴിക്കോട്ടു വച്ചു നടന്ന വിദ്യാർത്ഥിസമ്മേളനത്തിനു് ക്ഷണിക്കപ്പെട്ട ശ്രീ. കെ. പി. കറുപ്പനു്, കലയിലെ ശാശ്വതമൂല്യവാദികൾ ഊണിനേർപ്പാടു ചെയ്തതു് ഒരു അരയന്റെ പീടികയിലായിരുന്നുവെന്ന കാര്യം ഒരു താങ്ങായി, തണലായി ഓർമ്മയിൽ നില്ലട്ടെ. വിശാലമായ വായനക്കാഴ്ചകൾക്കു്, ലേശം തുറന്ന കിളിവാതിലിന്റെ നേരിയ വിടവു മതി. തുടർന്നു്, കേസരിയുടെ മുഖപ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ കൂടി വായിക്കുക.

1106-ലെ കൊല്ലം സമ്മേളനത്തെപ്പറ്റി— "...ശിശുമരണം അത്യധികമായി സംഭവിക്കുന്ന കേരളത്തിൽ അഞ്ചു വയസ്സു മാത്രം പ്രായമുള്ള പരിഷത്ശിശുവും പഞ്ചതത്വം പ്രാപിച്ചതു കൊണ്ടു് സൂക്ഷ്മദൃക്കുകൾ ആശ്ചര്യപ്പെട്ടുകയില്ല. ശിശുമരണത്തിനു് ഒരു കാരണം മാതാപിതാക്കന്മാരെ സംബന്ധിച്ചുള്ള ദുഷ്യങ്ങളാണു"—

"സാഹിത്യദുഷ്പ്രഭുത്വം ഇന്നു ഭരിക്കുന്ന ജനങ്ങളും വകവെച്ചു കൊടുക്കുകയില്ല.—വിഗ്രഹധ്വംസനവും നവീനാദർശങ്ങളും ഭാഷാഭിമാനികൾ ശ്രദ്ധിക്കേണ്ടവയായ പല നിർദ്ദേശങ്ങളും—പ്രസംഗങ്ങളിൽ ഞങ്ങൾ കാണുന്നുണ്ടു്." (കേസരി, 1931 ജനുവരി 14)

"—സാഹിത്യവിഗ്രഹാരാധനക്കാരും സാഹിത്യവിഗ്രഹധ്വംസകരും തമ്മിൽ ഒരു മഹായുദ്ധവും പരിഷത്പന്തലിൽ വച്ചു നടന്നു— സാഹിത്യത്തിൽ സ്വതന്ത്രചിന്ത വേണമെന്ന മെ. വേലുപ്പിള്ള രാസ്തി, ചേലനാട്ടു അച്യുതമേനോൻ മുതലായവർ പ്രസംഗവും പ്രവൃത്തിയും കൊണ്ടും, അതു പാടില്ലെന്നു തങ്ങളുടെ പ്രവൃത്തി കൊണ്ടു മെ. ഉള്ളൂർ പരമേശ്വരയ്യരും പി. കെ. നാരായണപിള്ളയും വിശദമാക്കി—വിഗ്രഹധ്വംസനവും സ്വതന്ത്രചിന്തയും സാഹിത്യപോഷണത്തിനു് അപരിത്യാജ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ—ഇന്നത്തെ പേരുകേട്ട സാഹിത്യവിമർശകരെ സംബന്ധിച്ചും ഒരു വിഗ്രഹധ്വംസനം നടത്തേണ്ടതാണെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. മലയാളത്തിലെ നോവൽ സാഹിത്യത്തെപ്പറ്റി വിമർശിച്ചപ്പോൾ പരിണാമഗുപ്തി പരിപാലിക്കുന്നതിന്റെ പ്രാധാന്യം മി. മൂർക്കോത്തു കുമാരൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഇതിനേക്കാൾ അത്യാവശ്യം മലയാളനോവലുകളെ സംബന്ധിച്ചിടത്തോളം സ്വഭാവവർണ്ണനയിൽ (Character) ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. മലയാളനോവലുകളെ സംബന്ധിച്ചും ഒരു വിഗ്രഹധ്വംസനപ്രസ്ഥാനം തുടങ്ങേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു—" (കേസരി, 1931 ജനുവരി 21)

1109-ലെ നിലമ്പൂർ സമ്മേളനത്തെപ്പറ്റി — സാഹിത്യലോകത്തിലെ യാഥാസ്ഥിതികരുടെ പിടിയിൽനിന്നു മോചനം ലഭിക്കുവാൻ പരിഷത്തിനു സാധിക്കുമോ എന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു— പണ്ടത്തെ കക്ഷിമത്സരങ്ങളും സാഹിത്യസമ്മാട്ടുകളുടെ തോന്ന്യാസങ്ങളും ഇത്തവണത്തെ സമ്മേളനത്തിൽ ഉണ്ടാകാതെയിരിക്കുവാൻ സൂക്ഷിക്കണം," (കേസരി, 1934 ഫെബ്രുവരി 14)

"— — നമ്പൂരിയും നായരും തീയനും ക്രിസ്ത്യാനിയും മുസ്ലീമും ഇങ്ങനെ പന്തിഭോജനം നടത്തുവാൻ ഇടയാക്കിയതിനു് നിലമ്പൂർ രാജാവവർകളെ എത്രമാത്രം അഭിനന്ദിച്ചാലും മതിയാകുന്നതല്ല. അതിഥിസൽക്കാരകാര്യത്തിൽ നിലമ്പൂർ രാജാവവർകൾ കാണിച്ച അനിതരസാധാരണമായ ഔദാര്യം ഒരുഭാവത്തിൽ പ്രശംസനീയമാണെങ്കിലും ഇന്നത്തെ ലോകഗതിയെ അനുസരിച്ചു് പ്രമുഖന്മാരെയും മുതലാളികളെയും അവരുടെ സ്ഥാനങ്ങളിൽനിന്നു് മറിച്ചിട്ടു തൊഴിലാളികളെ ആസ്ഥാനങ്ങളിൽ സ്ഥാപിക്കുവാൻ സഹായിക്കേണ്ടവരായ സാഹിത്യകാരന്മാർക്കു് നിലമ്പൂർ രാജാവിന്റെ ഔദാര്യം അദ്ദേഹം പ്രതിനിധീകരിക്കുന്ന പ്രമുഖലോകത്തോടും മുതലാളിലോകത്തോടും ഒരു കടപ്പാടുണ്ടാക്കി തീർക്കുന്നതിനാൽ മറ്റൊരുഭാവത്തിൽ അതു് ആക്ഷേപാർഹമാണെന്നു പറയാതെ ഗത്യന്തരമില്ല." (കേസരി, 1934 മേയു് 16) "— — ഗാഢമായി ആലോചിച്ചാൽ വിശ്വസാഹിത്യലോകത്തിൽ കണ്ടുവരുന്ന ഒരു അസന്ധേയമായ ഭിന്നിപ്പിന്റെ പ്രതിബിംബനമാണു് സാഹിത്യപരിഷത്തും യുവജനസാഹിത്യസമ്മേളനപ്രസ്ഥാനവും തമ്മിലുള്ള ഭിന്നിപ്പു് എന്നു മനസ്സിലാക്കാൻ കഴിയും."

തകഴി പതിനഞ്ചിലധികം, സാഹിത്യത്തിൽ സാധാരണം രംഗപ്രവേശംചെയ്ത കാലത്തു് മലയാളസാഹിത്യരംഗത്തുണ്ടായ പ്രക്ഷുബ്ധാവസ്ഥയെ പ്രതിഫലിപ്പിക്കുവാൻ ഒരളവിനു് തല്പരാലം ഇതുപോലും മതി.

(തകഴിയുടെ കൃതികളെക്കുറിച്ചുള്ള പഠനഗ്രന്ഥത്തിൽ നിന്നു്)

—o—

അത്യുക്തം

സച്ചിദാനന്ദൻ

എന്റെ അമ്മുക്കുട്ടിയു് കിറുക്കായിരുന്നു
കിറുക്കുമൂത്തു് മരണമായി.
എന്റെ ദൂരബന്ധനായ അമ്മാമൻ
അവരെ വണ്ടിയാലിൽ പൊതിഞ്ഞു്
കലവറയിൽ സൂക്ഷിച്ചു.
പഴുത്തുണങ്ങിയപ്പോൾ
അവർ വിത്തുകളായിപ്പൊട്ടിച്ചിതറി
കലവറ ജനലഴിയുടെ പുറത്തുചാടി
അതിലൊരു കുരു പട്ടുമുളച്ചു
എന്റെ ദേഹമായി
വെയിലും മഴയുംവന്നു
അവരുടെ കിറുക്കുമുളച്ചു
ഞാനും.
പിന്നെ ഞാനെങ്ങിനെ
സ്വർണ്ണപ്പല്ലുള്ള കുരങ്ങനാരെക്കുറിച്ചു്
കവിതയെഴുതാതിരിക്കും?

***

ഗുരുവായൂർ ദേവപ്രശ്നം

ആറുവാശ്ശേരി നാണുജോത്സ്യർ

പല പണ്ഡിതന്മാരായ പ്രാശ്നികന്മാർ ചേർന്ന നടത്തിയതാണ് ഗുരുവായൂർ ദേവപ്രശ്നം. മാതൃഭൂമിയിലാണ അതിന്റെ ചാത്തു ചേത്തുകണ്ടതു്. ഗുരുവായൂർ ക്ഷേത്രംപോലെ പ്രാധാന്യമർഹിക്കുന്നതാണ ക്ഷേത്രസംബന്ധിയായ പ്രശ്നവും അതിന്റെ ചാത്തും. അല്ലെങ്കിൽ പ്രശ്നകഥയും ചാത്തും പത്രത്തിൽകാണുകയില്ലായിരുന്നു. പത്രത്തിൽ ചേത്തതു പൊതുജനങ്ങളുടെ അറിവിനും ജിജ്ഞാസാശമനത്തിനുമാണന്നവേണം വിചാരിക്കുവാൻ. പൊതുജനങ്ങളിൽ ജ്യോത്സ്യന്മാരുൾപ്പെട്ടമല്ലൊ? പ്രശ്നം ജ്യോതിഷത്തിലേ പ്രമാണം ഫലം ഇങ്ങനെയുള്ള രണ്ടു വിഭാഗങ്ങളിൽ ഒന്നായ ഫലഭാഗത്തിൽ പെട്ടതാണ്. പ്രമാണത്തോടുകൂടാതെ ഫലഭാഗത്തിനു നിലനിൽപ്പില്ല.

"ലക്ഷണപ്രമാണാഭ്യാം വസ്തുസിദ്ധിഃ"
"മാനാധീനാമേയസിദ്ധിഃ

മാനസിദ്ധിസ്തുലക്ഷ്യതേ."

പ്രമേയമായ വസ്തുവിന്റെ അല്ലെങ്കിൽ ഫലത്തിന്റെ സിദ്ധിക്ക ലക്ഷണപ്രമാണങ്ങൾ കൂടിയേതീരു എന്നാണിതിന്റെ സാരം. ഗുരുവായൂർ ദേവപ്രശ്നത്തിന്റെ ചാത്തു വായിച്ചപ്പോൾ ലക്ഷണപ്രമാണസമ്പന്നമായ ഒരു ചാത്താണെന്നു തോന്നിയില്ല. കാരണം പ്രശ്നസമയം ആരൂഢരാശി ഗ്രഹസ്ഥിതി അംശകങ്ങൾ മുതലായ പ്രമാണാത്മകങ്ങളായവ ചാത്തിലില്ലാത്തതുതന്നെ. തലയില്ലാത്ത ഉടൽപോലെയാണ ചാത്തിന്റെ സ്വഭാവമെന്നു ശ്രദ്ധിക്കാതെ വായിക്കുമ്പോൾ തോന്നിപ്പോകും. പ്രശ്നത്തിലെ ഫലവിചാരത്തിന്റെ പോക്കും ആശങ്കാജനകമാണ്. "അടുത്തകാലത്തുണ്ടായ പ്രതിഷ്ഠാനന്തരം സാന്നിദ്ധ്യഭാവത്തിൽ ചില ശിഥിലതകൾ സംഭവിച്ചിട്ടുണ്ടെങ്കിലും അതു പരിഹരിക്കപ്പെടാവുന്നതാണ്" ഇതു ചാത്തിലേ വാക്യമാണ്. വാക്യത്തിന്റെ വൈകല്യമിരിക്കട്ടെ. ചില ശൈഥില്യങ്ങൾ ഏവ. പരിഹാരമെങ്ങനെ. എന്നു പറയുന്നില്ല. സാന്നിദ്ധ്യത്തിലാണോ ശൈഥില്യം ഭാവത്തിലാണോ എന്ന സംശയം ശേഷിക്കയുംചെയ്യുന്നു. ഇങ്ങനെ സംശയമുദിപ്പിക്കുന്ന ഭാഗങ്ങൾ ചാത്തിൽ കുറവല്ല. ധ്വജപ്രതിഷ്ഠാനന്തരശേഷമാണ അനിഷ്ടസംഭവങ്ങൾ അധികമുണ്ടായിട്ടുള്ളതു്അതുകൊണ്ടു ധ്വജം സ്ഥാനത്തിലല്ലനില്ക്കുന്നതു് എന്നുള്ള നിഗമനം എങ്ങനെ ശരിയാവും? ധ്വജം സ്ഥാനപ്രതിഷ്ഠിതമല്ലെന്നു നിർണ്ണയിക്കുവാൻ ജ്യോത്സ്യന്മാർ കണ്ട ന്യായം വ്യക്തമാക്കുന്നില്ല. രണ്ടു വ്യാഴവട്ടക്കാലത്തിനുമുമ്പുമുതൽ കണ്ടുതുടങ്ങിയ അനിഷ്ടസംഭവങ്ങൾ ധ്വജപ്രതിഷ്ഠ അസ്ഥാനത്തിലായതുകൊണ്ടാണെന്നു പറയുന്നതിൽ യുക്തിയില്ല. കാര്യനിയതപൂർവ്വവൃത്തിയാണു കാരണം. ഇവിടെ അനിഷ്ടസംഭവങ്ങൾ കാര്യവും ധ്വജപ്രതിഷ്ഠ കാരണവുമാണ്. ധ്വജപ്രതിഷ്ഠയാകുന്ന കാരണത്തിനുമുമ്പേ അനിഷ്ടസംഭവങ്ങളാകുന്ന കാര്യങ്ങളുണ്ടായതായി വിചാരിക്കുക എങ്ങനെ? ധ്വജപ്രതിഷ്ഠ അനിഷ്ടസംഭവങ്ങൾക്കു കാരണമല്ലെന്നു ഇതുകൊണ്ടു സിദ്ധിക്കുന്നു. തന്നെയുമല്ല ധ്വജപ്രതിഷ്ഠ ശരിയല്ലെന്നു സ്ഥാപിക്കുവാൻ ശാസ്ത്രീയമായ ഒരു ന്യായവും പറയുന്നുമില്ല. ധ്വജം സ്ഥാനത്തിൽ പ്രതിഷ്ഠിതമല്ലെന്ന ശാസ്ത്രീയവും യുക്തിയും കാണിച്ചു സമർത്ഥിക്കയാണ പ്രാശ്നികന്മാർ ചെയ്യേണ്ടതു്. അതു ചെയ്തിട്ടില്ലെന്നു മാത്രമല്ല ധ്വജം നിൽക്കുന്നതസ്ഥാനത്തിലായാലും ദേവനു ഹിതമാണെന്നു ഒഴിവും. ധ്വജപ്രതിഷ്ഠയും ദേവനും തമ്മിൽ ഒരു ബന്ധവുമില്ലെന്നല്ല ഇതുകൊണ്ടു ഗ്രഹിക്കുവാനാവു. ധ്വജം അസ്ഥാനത്തിലാണു് അനിഷ്ടസംഭവങ്ങൾ കുടുഹേതുവാ

[ശേഷം 63-ൽ]

കുതിരയുടെ വേരുകൾ

കാൽച്ചുവട്ടിൽ പ്രഭാതത്തിന്റെ നനവു്; കരിയിലകളുടെ ആത്മനാദം.

ആഞ്ഞിലിച്ചുക്ക കൊത്തിച്ചികയുകയായിരുന്ന കാക്കകൾ തറയിൽനിന്നു പറന്നു മാറിയിരുന്നു ചെരിഞ്ഞുനോക്കുന്നതു് അയാൾ കണ്ടു.

പാദങ്ങൾക്കടിയിൽ ഞെരിഞ്ഞുടഞ്ഞ മഞ്ഞച്ചുളകൾ.

മഞ്ഞപ്പൂക്കളുള്ള ഏതോ വൃത്തികെട്ട കുട്ടിയുടെ ഓർമ്മ.

പുല്ലുടർപ്പുൽ കാലുരസി. പടർന്നുകയറിയ മഞ്ഞനിറം മായുന്നില്ല.

ഇരുകൈകൾകൊണ്ടും ആലിംഗനത്തിൽ ഒതുക്കാനാവാതെ തടിച്ചുനിൽക്കുന്ന ആഞ്ഞിലിയിലയായിരുന്ന അയാളുടെ ശ്രദ്ധ. കടലാവണക്കിൻ പത്തലുകളുടെ വേലി ആഞ്ഞിലിയിൽ വന്നുമുട്ടുന്നു. വേലിക്കു് ഇരുപുറവും മഞ്ഞച്ചുളകൾ.

പെട്ടെന്നു തോളത്തുവീണ ചിതറിയ ആഞ്ഞിലിച്ചുക്ക.

ശാപ വാക്കുകളുച്ചരിച്ചു് കൈവീശി.

പക്ഷേ, മുകളിൽ, കൈവീശിയോ കല്ലെറിഞ്ഞോ ഓടിക്കാവുന്നതിലും മുകളിലായിരുന്ന കാക്കകൾ.

അയാൾ വേലിക്കിടയിൽ കയറിനിന്നു് ആഞ്ഞിലിത്തടിയിലേക്കു നോക്കി, വേലിക്കു് ഇരുവശത്തേക്കും വികസിച്ചുനിൽക്കുന്ന മരം, ചുവട്ടകൾവച്ചു് അളന്നു.

പുഞ്ചിരി വിടർന്നു.

കരിയിലകൾ അമരുന്നതു കേട്ടു് നോക്കി.

ഭാര്യ.

"ആഞ്ഞിലി മുക്കാൽഭാഗവും നമ്മുടെ പറമ്പിലാ."

അന്തോനിയുടെ വാക്കുകളിൽ സന്തോഷത്തിന്റെ തിളക്കം.

മൗനത്തിന്റെ നിമിഷങ്ങൾ.

"ഇവ്ടെ വേലിക്കിടയിൽ വന്നുനിന്നു നോക്കു."

"നമ്മുടെ പറമ്പിന്റെ വടക്കുവശത്തു മാത്രമല്ല, തെക്കുപശത്തും വേലിതന്നെയാ."

"ഈ മരം—"

"അതു മുക്കാൽഭാഗവും നമ്മുടെ പറമ്പിലാ. തങ്കപ്പനു വേലിയുടെ അട്ടത്തുനിന്നു നോക്കു."

"ശരിയാണല്ലോ, ആഞ്ഞിലിയുടെ വടക്കുവശത്തു വേലിക്കപ്പുറമുള്ള ആ പുരയിടം അന്തുജന്റേതായിരുന്നു. അല്ലേ?"

"ങാ... അവൻ വിറ്റുപോയിട്ടു കുറേക്കാലമായില്ലേ? ആഞ്ഞിലി അതിരിൽനിന്നുണ്ടു വളർന്നു"

ജോയിക്കുട്ടി പാലത്തുങ്കൽ

"അതൊരു പ്രശ്നമാണല്ലോ അന്തോനിച്ചാ."

"ഹേയ്"— അതൊന്നുമില്ല. അതിനു വടക്കുള്ള എല്ലാമരങ്ങളിൽനിന്നും ചവറിറ

ഞെട്ടി.

അയാൾക്കു ശബ്ദിക്കാൻ കഴിഞ്ഞില്ല, ഏതാനും ചുവട്ടകൾ മാത്രം സ്വന്തം പുരയിടം. അതിനപ്പുറത്തു മറ്റൊരുവേലി, രണ്ടു വേലിക്കുള്ളിൽ വിതിക്കുറഞ്ഞ ഒരു തുണ്ടുഭൂമി.

"തങ്കപ്പൻ വന്നു നിൽക്കുന്നു."

ഭാര്യ തിരികെ നടന്നു.

"ഹല്ലാ," അന്തോനിച്ചൻ കാലത്തെ എ

നോവലെറ്റ് ഒന്നു്

സ്റ്റേറുകാണാനിറങ്ങിയോ?"

തങ്കപ്പന്റെ നർമ്മബോധത്തിനു നേരെ ചിരിക്കുന്നതായി ഭാവിച്ചു.

തങ്കപ്പന്റെ കണ്ണു് ആഞ്ഞിലിയിൽ ഉടക്കിനിന്നു.

ക്കും, തെക്കുവശത്തു് ഞാൻ കൊട്ടത്ത സ്ഥലമില്ലേ? ആ വേലിക്കു് അപ്പുറം, അവിടന്നും മരങ്ങൾ വെട്ടി പക്ഷേ, ഈ ആഞ്ഞിലിയേൽ മാത്രം കറിയാച്ചൻ തൊട്ടിട്ടില്ല; ഞാനും. അതിങ്ങനെ നിക്കുക"

"ഓ" രണ്ടുവശോം ഇപ്പം കറിയാച്ചന്റെ കൈയിലായല്ലോ. അല്ലേ?"

"രണ്ടല്ല. മുന്നുവശവും. ഞങ്ങളുടെ പുരയിടത്തിന്റെ പുറകിലുള്ളതും അയാടെയല്ലെ."

അന്തോനിയുടെ ശബ്ദം ദുർബ്ബലമായിരുന്നു.

"ഈ തെക്കുവശത്തെ വേലിക്കും തെക്കു പുറത്തല്ലാരുന്നോ അന്തോനിച്ചന്റെ പഴയ വീടു്?"

അന്തോനി നോക്കി.

തേന്മാവിന്റെ പിന്നിൽ പൊളിഞ്ഞിളകിക്കിടക്കുന്ന സിമിൻറുതറ.

അയാളുടെ തൊണ്ടയിൽ ഒരു തേങ്ങൽ തങ്ങിനിന്നു.

"കറിയാച്ചനെന്താ വീടു പൊളിച്ചുകൊണ്ടു പോയതു്?"

"ടൗണിൽ വീടുള്ളവക്കു് ഈ നാട്ടുമ്പുറത്തെന്തിനാ വീടു്."

പിന്നെയും അന്തോനി തകർന്നടഞ്ഞുകിടക്കുന്ന സിമൻറു കട്ടകളിലേക്കു നോക്കി.

"ഞങ്ങളുടെ നാട്ടിൽ ഒരുകാലത്തു് ഏറ്റവും നല്ല വീടുണ്ടായിരുന്നതു് അന്തോനിച്ചനാണെന്നു് ഞാൻ പറഞ്ഞു. അതു പഴയകാര്യമല്ലേന്നാ അവരുടെ ചോദ്യം."

തങ്കപ്പന്റെ ശബ്ദം.

നിസഹായതയുടെ നിർവ്വികാരത:

ദീർഘമായ നിശ്ശബ്ദത.

"അപ്പോൾ ഇന്നലെപ്പറഞ്ഞതുതന്നെ വിവരം. തങ്കപ്പനു കൂടുതൽ ഒന്നും പറയാനില്ല,"

"നല്ല വീടു് ഇപ്പോൾ ഇല്ലാത്തവരുമായി ബന്ധുതവേണ്ടെന്നു പറയുന്നവരോടു് എന്താ പറക?"

— ദാ. അതായിരുന്നു വീടു്. വിറ്റു പോയി. അന്നു് വഴിയരികിൽ പീടികയായി വച്ചതാ ഇതു്. തൽക്കാലം കേറിത്താമസിച്ചു, പിന്നെ സ്ഥിരമായി.

പൂണ്ടിക്കാണിക്കാൻപോലും ഒന്നും അവശേഷിച്ചില്ലല്ലോ.

തേന്മാവിനടിയിൽ ചിതറിയ കല്ലുകൾ അല്ലെങ്കിൽ, പൂണ്ടിക്കാട്ടാൻ അധഃപതനത്തിന്റെ രേഖകൾ ഇല്ലാത്തതല്ലേ മെച്ചം?

അയാൾ വിയർപ്പുതുടച്ചു.

വീട്ടിലേക്കു നടക്കുമ്പോഴും എന്തൊക്കെയോ പറയുകയായിരുന്ന തങ്കപ്പനെ, അപരിചിതഭാഷയിൽ ശബ്ദിച്ചു അലോസരപ്പെടുത്തുന്നവനെയെന്നപോലെ അവഗണിച്ചു.

കടലാവണക്കിൽ പത്തലുകളുടെ രേഖകളിൽ തെരുങ്ങി, ചെമ്മൺപാതയിൽ അഭിമുഖമായി ഒരു ദുഃഖംപോലെ നിൽക്കുന്ന കൊച്ചുവീടു്.

"അന്തോനിച്ചൻ വിഷമിക്കണ്ട. അവരല്ലെങ്കിൽ വേറെ നല്ല..."

വീട്ടിനുള്ളിലേക്കു കാലെടുത്തുവച്ച തങ്കപ്പന്റെ ശബ്ദം. അകാലത്തിൽ അവസാനിച്ചു.

മുറിയിൽ പേപ്പർ വായിക്കുകയായിരുന്ന ത്രേസ്യ.

അന്തോനി മകളുടെ മുഖത്തുനോക്കി.

പത്രത്തിലേക്കു നോക്കി സ്വപ്നങ്ങൾ നെയ്യുകയാവും. അല്ലെങ്കിൽ, ശബ്ദരഹിതമായ ദുഃഖത്തിൽ അലിഞ്ഞു ചേരുന്നു.

അവൾ അകത്തെ മുറിയിലേക്കു പോയി.

മട്ടുപ്പാവോന്നി.

മുറിയിലെ നിശ്ശബ്ദതയിലേക്കു പാതയിലെ ചെമ്മണ്ണു പടർന്നു കയറി.

അന്തോനി വഴിയിലേക്കു നോക്കി.

പൊതിയുന്ന പൂഴിയിലേക്കു്, കാറിന്റെ ഡോർ തുറന്നു് ഇറങ്ങുന്ന സ്ത്രീയാ. കൂടെ മറെറാരാളും; കാർ തിരികെപ്പോയി.

വീടിനു തെക്കുവശത്തുകൂടെ പുരയിടത്തിലേക്കു കടക്കുന്ന അവരെ ജാലകത്തിലൂടെ അയാൾ കണ്ടു.

"കറിയാച്ചന്റെ കൂടെയുള്ളതു് ആരാ?"

"അറിഞ്ഞുകൂടാ തങ്കപ്പാ."

അന്തോനി ഇരുന്നു.

"അപ്പോൾ, ഇന്നവർ ഇവിടെ കാണും. അല്ലേ?"

"ഉം."

"പറമ്പിൽ ജോലിക്കാരുണ്ടായിരിക്കും.

അന്തോനി മറുപടി പറയാതെ അയാളെ നോക്കി

"തേങ്ങാക്കുട്ടിനകത്തു എല്ലാ സൗകര്യവുമുണ്ടു്."



തെക്കേ പുരയിടത്തിൽ തെങ്ങിൻ തോപ്പിനുള്ളിൽ തേങ്ങാപ്പുരയായി പണിതിട്ടുള്ള ഒരു മുറി മാത്രമുള്ള കെട്ടിടം. കാർഷികോപകരണങ്ങൾ സൂക്ഷിക്കാം. സ്ഥിരം ജോലിക്കാരുടെ കൈയിൽ താക്കോൽ കൊടുത്തുവിട്ടാൽ, അവർ ഉപകരണങ്ങളെടുത്തു പുരയിടത്തിൽ ജോലി ചെയ്തു കൊള്ളും. സ്ത്രീയാ എത്തുമ്പോൾ ഇരിക്കാൻ കസേര.

സൈക്കിൾ തള്ളി വഴിയിലേക്കിറങ്ങുന്ന ജോലിക്കാരൻ, സൈക്കിളിൽ തൂങ്ങി സഞ്ചി. സഞ്ചിയിൽ കപ്പി.

"അന്തോനിച്ചൻ പോയിക്കേടിക്കുന്നു. കറിയാച്ചൻ വരുത്തിക്കേടിക്കുന്നു."

തങ്കപ്പൻ ചിരിച്ചു.

അന്തോനി ചിരിയിൽ പങ്കു ചേർന്നില്ല.

മനസ്സിൽ വേരുന്നിയ വൻവൃക്ഷം:

തങ്കപ്പൻ ഒരു നിമിഷം അയാളെ നോക്കിയിരുന്നു. പിന്നീടു് ബഞ്ചിൽ ചെന്നിരുന്നു് മേശപ്പുറത്തുനിന്നു് ഒരു ചെറു

ബീഡിയെടുത്തു ചുണ്ടിൽ വച്ചു.

പുക ഊതി വിട്ടപ്പോൾ അന്വേഷണം:

"അപ്പഴേ അന്തോനിച്ചാ നമുക്കീവീട്ട് ഒന്നു പൊളിച്ചു പണിയണ്ടേ?"

നിസഹായമായ ഒരു ചിരി.

"ജോസുമോനു വീടുവയ്ക്കാനുള്ള വായ്പ കിട്ടുമെന്നു പറഞ്ഞിരിക്കയാ തങ്കപ്പാ."

ശബ്ദം അന്തോനിയെ ഉണർത്തി.

അന്നമ്മ.

"എങ്കിൽ ഉടനെ വീട് വയ്ക്കണം:"

തങ്കപ്പൻ പുക ആഞ്ഞുവലിച്ചു.

രണ്ടുവശവും സ്ലറിയായുടെ പുരയിടം. ഇടയിൽ നേത്ത നാടപോലെ—

"ഒരു വീടു വയ്ക്കാനുള്ള വീതി വേണ്ടേ, സ്ഥലത്തിനു്."

അന്തോനി എഴുന്നേറ്റു:

"ഇതുവശം എഴുതിക്കൊടുത്തപ്പോൾ ഓർക്കണമായിരുന്നു:"

അന്നമ്മയുടെ മുഖം ചെമന്നു.

"നീ അകത്തു പോകുന്നുണ്ടോ?"

വേണ്ട. നിങ്ങൾ മാപ്പിളേം പെമ്പിളേം കൂടെ വഴക്കു കൂടണ്ട."

പക്ഷേ, സിരകളിലേക്കു കടന്നുകയറിയ അഗ്നി വിരലുകൾക്കിടയിൽ ഞെരിച്ചു മത്താനാവാതെ അന്തോനി നിന്നു തിളച്ചു.

—എന്റെ ഒറ്റിപ്പണമിങ്ങു തന്നേക്ക്. ഞാൻ മാറിത്തരാം. തിരികെക്കൊടുക്കാൻ തൃപാ ഉണ്ടാവില്ലെന്ന് അറിഞ്ഞുകൊണ്ട്! ശരി. ഈ കുത്തുവാക്ക് വെല്ലുവിളിയായി സ്വീകരിക്കുന്നു,

സന്തോഷം.

ഒറ്റ രാത്രികൊണ്ട് കച്ചവടം ഉറച്ചു.

അയൽവക്കമെല്ലാം സ്വന്തമാക്കി വരുന്ന സ്ലറിയാ.

അനുജന്മാരുടെ വീതമെല്ലാം വാങ്ങി ചുറ്റും വളഞ്ഞുതുടുക്കുന്ന സ്ലറിയാ.

വില കുറഞ്ഞതെങ്കിലെന്ത്?

ചാക്കോ ഉറങ്ങിയല്ലോ.

സ്ലറിയ വീട് പൊളിച്ചു മാറുമ്പോൾ വികാരങ്ങൾ നിയന്ത്രിക്കാനാവാതെ പരതി നടന്നു. ചാക്കോസ്സ് "ഒറ്റി" കൊടുത്തതു് സ്ലറിയാസ്സ് "തീറു്" ആയിരിക്കുന്നു. സ്വന്തമല്ലാതായതിനെക്കുറിച്ചു ചിന്തിക്കുന്നതെന്തിന്?

ചാക്കോസ്സു ഒറ്റിക്കു കൊടുത്തപ്പോൾ കയറിത്താമസിച്ച പീടികയും ഒരു തുണ്ടു ഭൂമിയും മാത്രം ബാക്കി.

അനുജന്മാരെല്ലാം പോയിക്കഴിഞ്ഞു.

കുടുംബസ്വത്തിൽ ഒരുപിടി മണ്ണെങ്കിലും കിടക്കട്ടെ.

എന്നിട്ട്, കുറച്ചപ്പെട്ടതലാണു്.

അയാൾ ഭാര്യയെ ഒന്നു നോക്കി.

"കേട്ടോ തങ്കപ്പാ" എന്റെ വീട്ടിം പറമ്പും ചാക്കോസ്സു ഒറ്റികൊടുത്തു. മുന്നു വർഷത്തെ കാലാവധി കഴിഞ്ഞു. തിരികെയെടുക്കാൻ പണമുണ്ടായില്ല. വീട്ടിം പറമ്പും നാനാവിധമാക്കി. ഒരാവശ്യത്തിനു് അല്പം തൃപാകൂടി വേണം. ഞാൻ ഒരു പ്ലാവു് വെട്ടിക്കോട്ടേന്നു ചോദിച്ചു. ഒറ്റി ഒഴിപ്പിച്ചിട്ടമതിയെന്നു് അയാൾ. ഞാൻ വിറ്റു. എന്നെ അപമാനിച്ചു മുന്നു ദിവസത്തിനകം ചാക്കോ എന്റെ വീട്ടിൽനിന്നിറങ്ങി."

"എന്നിട്ടിപ്പോൾ ഒറ്റിയൊഴിച്ചുകഴിഞ്ഞു ബാക്കി തൃപാ എന്തേ?"

ഭാര്യയുടെ ചോദ്യം.

രോഷം ഉണർന്നു.

"എവിടുന്നു തൃപാകിട്ടിയാലും കച്ചവടത്തിനെന്നും പറഞ്ഞു കടിച്ചുതീർക്കും,"

അന്തോനി മേശപ്പുറത്തിരുന്ന ഗ്ലാസ് നിലത്തെറിഞ്ഞു.

കാപ്പിമട്ടം കപ്പിച്ചില്ലും മുറിയിൽ ചിതറി.

"ഹാ...ഇതെന്തൊരുപണിയാ അന്തോനിച്ചാ."

തങ്കപ്പൻ സമാധാനിപ്പിക്കാൻ ശ്രമിച്ചു. അന്ന അടുക്കളയിലേക്കു നടന്നു് ചൂലെടുത്തുകൊണ്ടുവന്നു. മുറി വൃത്തിയാക്കി.

വഴിയിലൂടെ ബസ്സു് ഇരമ്പി.

പൊടി ഉയർന്നു.

ബസ്സിനുള്ളിൽ ആരോക്കെയുണ്ടാവും?

അപരിചിതരായ എത്രയോ പേർ.

പണ്ടു് ഈ ഗ്രാമവീഥിയിലൂടെ നീങ്ങുന്നവരെല്ലാം പരിചിതരായിരുന്നു.

അയൽഗ്രാമങ്ങളിൽ കൃഷിഭൂമിതേടുന്ന, പട്ടണത്തിലെ ധനികർ.

പെട്ടെന്നു് സ്ലറിയായുടെ മുഖം മുന്നിൽ തെളിഞ്ഞു.

ജോസു് വന്നു കയറുകയായിരുന്നു.

"വീടുവയ്ക്കാനുള്ള വായ്പ കിട്ടുമെന്നു പറയുന്നല്ലോ ജോസേ. എങ്കിൽ—"

തങ്കപ്പൻ ജോസിനെ സമീപിച്ചു.

"അപ്പോൾ തങ്കപ്പൻ പോയകാര്യം?"

"വീടു് അവർക്കിഷ്ടമായില്ല."

നിശ്ശബ്ദതയിലേക്കു് ഇരമ്പിക്കയറുന്ന വിഷാദം.

കപ്പിമുറികളുമായി പുറത്തേയ്ക്കിറങ്ങിയ അന്നമ്മയുടെ കണ്ണു് നിറഞ്ഞു.

"അച്ചായാ ഞാൻ കറിയാച്ചനെ ഒന്നു കാണാൻപോകുവാ."

അന്തോനി മകന്റെ മുഖത്തുനോക്കി.

"നമ്മുടെ ഈ സ്ഥലം ഒന്നു വച്ചുമാറാമോയെന്നു ചോദിക്കട്ടെ."

"എങ്ങനെ?"

"ഇതു കൊടുത്തിട്ടു് അയാളുടെ പുരയിടത്തിന്റെ ഏതെങ്കിലും ഒരു വശത്തു്, ഇതുപോലെ റോഡ്സൈഡിൽ അല്പംകൂടി വീതിയിൽ—'

"ശരിയാ, നിങ്ങൾ നടക്കിങ്ങനെകിടക്കുന്ന അസൗകര്യവും കറിയാച്ചനു മാറിക്കിട്ടും. ഒരുകൈത്തന്നാൽ ബാക്കി ഭാഗം അയാൾക്കു മതിൽകെട്ടി ഒന്നാക്കാം. വീടു വയ്ക്കുന്നുണ്ടെങ്കിൽ ത്രേസ്യായുടെകാര്യം അതുവരെ ഒന്നു കാത്തിരിക്കാമോയെന്നു് പാർട്ടിയോടു ഞാൻ ചോദിക്കയും ചെയ്യാം."

തങ്കപ്പൻ പ്രോത്സാഹിപ്പിച്ചു.

"വച്ചു മാറുമ്പോൾ നമ്മൾ കൊടുക്കുന്നതിനേക്കാൾ രണ്ടുമൂന്നു സെന്റു കൂടുതലുണ്ടാലും എനിക്കു സന്തോഷമാ."

അന്തോനിയുടെ ദൃഢശബ്ദം.

"ഇവൻ അയാളുടെകൂടെ ഒരു സംഘടനയിൽ പ്രവർത്തിക്കുന്നതാ. അപ്പോൾ ഇവൻ പറഞ്ഞാൽ കേൾക്കും."

മുഖത്തു പ്രകാശം.

പുറത്തേയ്ക്കുനോക്കിയിട്ടു് അന്നമ്മ പറഞ്ഞു:

"കറിയാച്ചൻ ആഞ്ഞിലിയുടെ അടുത്തു നിൽക്കുക. പിന്നെ തേങ്ങാപ്പുരയിൽ ചെല്ലുമ്പോൾ നീ പോയാൽമതി."

ആഞ്ഞിലിയുടെ അടുത്തു്!

അന്തോനി എഴുന്നേറ്റു ശ്രദ്ധിച്ചു.

ആഞ്ഞിലിയുടെ അടുത്തുനിന്നു ചരിഞ്ഞുനോക്കിയിട്ടു് സ്കറിയാ സുഹൃത്തിനോടു പറയുന്നു.

"ഈ മരം മുക്കാൽഭാഗവും നമ്മുടെ പറമ്പിലാണു്."

(തുടരും)

NBS NEWS

പമ്പാതീരം

ഡോക്ടർ കെ ഭാസ്കരൻനായരുടെ ഷഷ്ഠിപൂർത്തിസംബന്ധിച്ചു് തയാറാക്കിയ ഉപഹാരഗ്രന്ഥം. സമ്പാദകർ. ഡോ. കെ. ഭാസ്കരൻനായർ ഷഷ്ഠ്യബ്ദപൂർത്തി ആഘോഷക്കമ്മിറ്റി, തിരുവനന്തപുരം. വില 4–00

ഉച്ചയുടെ നിഴൽ

വത്സല

ഉച്ചയുടെ നിഴൽ, ശത്രു, മണ്ണു്. എന്നിങ്ങനെ പത്തു കഥകളുടെ സമാഹാരം. വത്സലയുടെ പുതിയ കൃതി. വില 4–50.

രംഗഭൂമി

പ്രേംചന്ദു്

പ്രേംചന്ദിന്റെ പ്രസിദ്ധമായ നോവൽ. വിവ: ഈ. കെ. ദിവാകരൻപോറ്റി. വില 20 ക.

വേദശാസ്ത്രികൾ

ഒ. എം. സി.

ശാസ്ത്രീയതാല്പര്യമുള്ള, സാമാന്യവിദ്യാഭ്യാസം സിദ്ധിച്ച ഏതൊരാൾക്കും "വേദശാസ്ത്രികൾ" അത്യന്തം പ്രയോജനപ്പെടും. വില 8–50 ക.

നാഷനൽ ബുക്സ്റ്റാൾ

കോട്ടയം.

എം കൃഷ്ണൻനായർ

വൃദ്ധചന്ദ്രനെ കാണുന്നതാണോ ഇഷ്ടം. അതോ ചന്ദ്രക്കലയെ കാണുന്നതോ? സമ്പൂർണ്ണതയിൽ ആഹ്ലാദംകൊള്ളുന്നവർ പാർവ്വണേന്ദുവിനെ കാണാൻ കൗതുകമുള്ളവരായിരിക്കും. അപൂർണ്ണമായതിലൂടെ സമ്പൂർണ്ണതയെ സാക്ഷാത്കരിക്കുന്നവർ ചന്ദ്രക്കലയെ കാണുന്നതിൽ തല്പരരായിരിക്കും. വർഷങ്ങൾക്കുമുൻപു്, ദേവികുളത്തെ ഒരു ഓറഞ്ചുതോട്ടത്തിലൂടെ ഞാൻ നടന്നപ്പോൾ രണ്ടു വൃക്ഷങ്ങൾക്കിടയിലായി ചന്ദ്രക്കല തെളിഞ്ഞുനിൽക്കുന്നതു കണ്ടു. ആ കാഴ്ച കാണാൻ എന്റെകൂടെ ഞാൻ സ്നേഹിക്കുന്ന ആൾക്കൂടി ഇല്ലാതെ ആയിപ്പോയല്ലോ എന്നു വിചാരിച്ചു് ഞാൻ ദുഃഖിച്ചു. അല്ലെങ്കിൽ ഈ ലോകത്തു് സമ്പൂർണ്ണമായതു് എന്തെങ്കിലുമുണ്ടോ? മുറ്റത്തുനിൽക്കുന്ന പിച്ചകച്ചെടിയുടെ ഇലകൾ നോക്കൂ. ഏതെങ്കിലും ഇലയ്ക്കു് അന്യൂനാവസ്ഥയുണ്ടോ? ചിത്രകാത്തികയിൽ (ലക്കം 15) അഹല്യ എഴുതിയ "അങ്ങേരുടെ മരണം" എന്ന കഥയ്ക്കു് സമ്പൂർണ്ണമായ കലയ്ക്കുവേണ്ട എല്ലാ അംശങ്ങളും ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും അതു കലാശൂന്യമാണെന്നുപറയാൻ വയ്യ. കഥ പറയുന്ന ആളിന്റെ കൂട്ടുകാരിയാണു് വിനോദിനി. വിനോദിനിയുടെ ഭർത്താവാണു് "ആ ങ്ങേർ." ഒരുദിവസം വിനോദിനി കഥ പറയുന്ന ആളിനെക്കണ്ടു പറഞ്ഞു "അങ്ങേരു മരിച്ചു" എന്നു്. ഒരില മരത്തിൽ നിന്നു കൊഴിഞ്ഞുവീണാൽ അതിനു് നമ്മൾ എന്തെങ്കിലും പ്രാധാന്യം കല്പിക്കുമോ? ആ രീതിയിൽ അങ്ങേർ മരിച്ചു. ഇല കൊഴിയുന്നതിനു് വിനോദിനിയോ നമ്മളോ കല്പിക്കുന്ന പ്രാധാന്യമേ ആ മരണത്തിനു് വിനോദിനി നൽകിയുള്ളു. കഥപറയുന്ന ആളിനും അങ്ങേരുടെ മരണം ഒരു ചലനവും ഉളവാക്കിയില്ല. അയാൾ കഥ അവസാനിപ്പിക്കുന്നതു നോക്കുക —"അങ്ങേർക്കാണെങ്കിൽ വിനോദിനിയുണ്ടായിരുന്നു. എനിക്കാരാണുള്ളതു്? ഏറിയാൽ അവൾക്കു്, പഴയ കാമുകിക്കു് ഒരു കത്തെഴുതാം. "ലീലേ. ഞാൻ കിടപ്പിലാണു്"" വിവാഹിതയായ അവളെന്തു ചെയ്യാൻ!" ജീവിതത്തിന്റെ അർത്ഥമില്ലായ്മ, ദാമ്പത്യജീവിതത്തിന്റെ പൊള്ളത്തരം, മൂല്യങ്ങളുടെ അവാസ്തവികതപം ഇവയെയെല്ലാമാണു് ഇക്കഥയുടെ കേന്ദ്രസ്ഥാനത്തുനിൽക്കുന്ന ആശയങ്ങൾ. ആ ആശയങ്ങളെ അത്യുക്തിയിലൂടെയാതെ ആവിഷ്കരിച്ചു എന്നതിലാണു് ഉത്തമന്റെ സവിശേഷത നാം കാണേണ്ടതു്. അങ്ങേരുടെ മരണം വിനോദിനിക്കു് ഒരു സാധാരണ സംഭവമാണല്ലോ. ആ സാധാരണതപം വ്യഞ്ജിപ്പിക്കുന്നരീതിയിൽ അഹല്യ കഥയെഴുതിയിരിക്കുന്നു. ആദ്യം പറഞ്ഞതുപോലെ ഈ ചെറുകഥയ്ക്കു് ന്യൂനതകളുണ്ടു്.:.എന്റെ മുൻപിൽ ഒട്ടും ആകർഷകത്വമില്ലാത്ത ഒരു മരം നില്ക്കുന്നു. അതിന്റെ തടിക്കോ, കൊമ്പുകൾക്കോ, ഇലകൾക്കോ ഭംഗിയില്ല. ഇതെന്തിനു് എന്റെ മുൻപിൽ ഇങ്ങനെനിന്നു് ശല്യപ്പെടുത്തുന്നുവെന്നു് ഞാൻ പലതവണ വിചാരിച്ചിട്ടുണ്ടു്. അങ്ങനെയിരിക്കുമ്പോൾ, ഇന്നലെ കാലത്തു് അതിൽ ഒരു മനോഹരമായ പുഷ്പം വിരിഞ്ഞുനിൽക്കുന്നതു കണ്ടു; അതോടെ മരത്തെക്കുറിച്ചുള്ള എന്റെ ചീത്തഅഭിപ്രായം മാറിപ്പോയി. ഈ പുഷ്പത്തെ അവലംബിച്ചാണു് ഞാൻ ഇനി ഈ മരത്തിന്റെ മൂല്യം നിർണ്ണയിക്കുന്നതു്. അഹല്യയുടെ കഥയിൽ കലയുടെ പിച്ചിപ്പൂ വിരിഞ്ഞുനിൽക്കുന്നുണ്ടു്. അതു മതി.

* * *

മഴക്കാലം. ഇവിടിരുന്നു നോക്കുമ്പോൾ മുറ്റത്തു കെട്ടിനില്ക്കുന്ന മഴവെള്ളത്തിൽ കൊച്ചുകുട്ടികൾ കടലാസ്സു വള്ളങ്ങൾ ഒഴുക്കുന്നതു ഞാൻ കാണുന്നു. അവ അവർ ഉദ്ദേശിച്ച കരയിൽ അടുക്കുന്നുണ്ടു്. അപ്പോൾ അവരുടെ മുഖങ്ങളിൽ എന്തെന്നില്ലാത്ത ദീപ്തി. മലയാളനാട്ടിലെ "രാമനരാധ" എന്ന കഥ വായിച്ചപ്പോൾ എനിക്കു തോന്നി മാതയിൽ അരവിന്ദു് ഒഴുക്കിയ തോണിയും കരയിലടുത്തുവെന്നു്. ഏതു് യത്നവും സഫലമാകുന്നതു കാണാൻ നമുക്കു് താല്പര്യമുണ്ടല്ലോ. അതിന്റെ ഫലം ആഹ്ലാദവും. ആ ആഹ്ലാദമാണു് ഇക്കഥ വായിച്ചപ്പോൾ എനിക്കുണ്ടായതു്. ഒരു സാധാരണവ്യഭിചാരകഥ. ഹാസ്യത്തിന്റെ പരിവേഷമണിയിപ്പിച്ചു് അരവിന്ദു് അതു് നമ്മുടെ മുൻപിൽ കൊണ്ടുവരുന്നു.ഒരിടത്തും അത്യുക്തിയില്ല; സ്ഥൂലീകരണമില്ല. പുഞ്ചിരി പുരണ്ട കടക്കണ്ണുകളോടെ മനുഷ്യജീവിതത്തിന്റെ ദൗർബല്യങ്ങളെ പ്രീക്ഷിക്കുന്ന കലാകാരനെയാണു് ഞാൻ ഈ ചെറുകഥയിൽ കാണുക. ഒന്നു് രണ്ടു് അശ്ശീലപ്രയോഗങ്ങൾ ഒഴിവാക്കിയിരുന്നെങ്കിൽ ഇതിന്റെ ആകർഷകത്വം കൂടുമായിരുന്നു.

* * *

നാം അന്യരെ സഹായിക്കുമ്പോൾ യഥാർത്ഥത്തിൽഅവരെയല്ല സഹായിക്കുന്നതു്.അവരിലൂടെനമ്മെത്തന്നെസഹായിക്കുകയാണു്. അങ്ങനെ നാം ഉന്നമനം നേടുന്നു. അതു കൊണ്ടു് നമ്മൾ സഹായിച്ചവർ നന്ദികേടു് കാണിച്ചാലും നാം ദുഃഖിക്കേണ്ടതില്ല; അവർ ഉപകർത്താക്കളുടെ ഔദാര്യവൈഷയികകൗതുകം വളർത്തിയാൽ ആഹ്ലാദിക്കേണ്ടതുമില്ല. എന്റെ ഒരു സ്നേഹിതൻ എന്നോടു പറഞ്ഞതാണിതു്. ഒരു ദിവസം സുന്ദരിയായ ഒരു തരുണി അദ്ദേഹത്തെ കാണാൻ വന്നു. ജോലി വാങ്ങിക്കൊടുക്കണമെന്നു പറഞ്ഞാണു് അവൾ അദ്ദേഹത്തെ സമീപിച്ചതു്. സ്നേഹിതൻ അവൾക്കു് അഞ്ഞൂറു രൂപ, ശമ്പളത്തിൽ ഒരു ജോലി വാങ്ങിക്കൊടുത്തു. ജോലി കിട്ടിയതിന്റെ മൂന്നാം ദിവസം അവൾ അദ്ദേഹത്തിന്റെ വീട്ടിൽ വന്നു് രാത്രി ഏഴ മണിയാകുന്നതു വരെ ഇരുന്നു. ഏഴു മണിക്കു് യാത്ര പറഞ്ഞു് മുറ്റത്തേക്കിറങ്ങി പേടി അഭിനയിച്ചു "ഓ ഇരുട്ടിപ്പോയി" എന്നു പറഞ്ഞു് അകത്തേക്കു കയറി. സ്നേഹിതൻ ഭാര്യയുടെ നീരസം വകവയ്ക്കാതെ അവളെ ഒവൈ ഡബിൾയു. സി. എ ഹോസ്റ്റലിൽ കൊണ്ടാക്കാൻ പോയി. ബസ്സു് സ്റ്റോപ്പിലിറങ്ങി അല്പം ദൂരം നടക്കണം ഹോസ്റ്റലിലെത്താൻ. ഈ സമയംകൊണ്ടു് തെരുവുവിളക്കുകൾ കെട്ടു. അവ വീണ്ടും പ്രകാശിക്കുന്നതിനു മുൻപു് യുവതി സ്നേഹിതനെ ദൃഢമായി ആലിംഗനം ചെയ്തു് അയാളുടെ കാതിൽ "യു ആർ മൈ ഡിയറസ്റ്റ്" എന്നു മൊഴിഞ്ഞു. കഥ അല്ല യഥാർത്ഥ സംഭവം—ഇതറിഞ്ഞപ്പോൾ ഞാൻ പരിഹസിച്ചു""ഭാഗ്യവാൻ" എന്നു പറഞ്ഞു. സ്നേഹിതൻ അതു കേട്ടു് ദേഷ്യത്തോടെ തുടരുകയായി. "എന്തു് ഭാഗ്യവാനോ? ഞാനവൾക്കു ജോലി വാങ്ങിക്കൊടുത്തതിന്റെ പ്രതിഫലമായിരുന്നു ആ ആലിംഗനവും സ്നേഹത്തിന്റെ നാട്യം കലർന്ന വാക്കുകളും. എനിക്കു് അവളുടെ ആലിംഗനം ഇഷ്ടപ്പെട്ടില്ല. എന്നല്ല സ്വന്തം ശവക്കുഴി തോണ്ടുകയായിരുന്നു അ

വൾ ആ കൃത്യം കൊണ്ടു്."

വർഷങ്ങൾക്കുശേഷം ഞാൻ ആ വാക്യം ഇതാ വീണ്ടും കേൾക്കുന്നു. ഓരോരുത്തരും സ്വന്തം ശവക്കുഴി തോണ്ടുന്നു. അതറിയാതെ സ്നേഹിതൻ സ്നേഹിതനെ വഞ്ചിക്കുന്നു. തരുണി ഒട്ടും സ്നേഹമില്ലാതെ ഇരുട്ടിൽ അന്യപുരുഷനെ കെട്ടിപ്പിടിക്കുന്നു. ഒരാൾ മറ്റൊരാളെക്കുറിച്ചു് അപവാദങ്ങൾ പ്രചരിപ്പിക്കുന്നു. ഉദ്യോഗസ്ഥൻ സഹപ്രവർത്തകനെ സ്ഥലം മാറ്റിക്കുന്നു: ഒരുത്തൻ മറ്റൊരുത്തന്റെ വസ്തു കൈവശമാക്കുന്നു. സുഹൃത്തുക്കളേ എത്രകാലത്തേക്കു്? വിഷാദത്തിന്റെ കൊട്ടംകൊട്ടിലുടെ നടന്നു് വിധിവൈപരീത്യത്തിന്റെ മുൾക്കെട്ടുകളിൽ ശരീരമുടക്കി നിങ്ങൾ നിലവിളിക്കുമ്പോൾ കാപട്യമില്ലാത്ത-ഒരു വാക്കെങ്കിലും പറയൂ. അതാണു് നമുക്കു ചെയ്യാവുന്ന വലിയ സേവനം. നമ്മളെല്ലാവരും നമ്മുടെ ശവക്കുഴി തോണ്ടുകയാണു്: അതു് ഓർമ്മിക്കുക. ഈ ആശയത്തിനു കലാപരമായ രൂപം നല്കിയതു കാണണമോ? എങ്കിൽ "മലയാളനാട്ടിൽ" ശ്രീ. പി. സുബ്രഹ്മണ്യപിള്ള എഴുതിയ "മണ്ണു വെട്ടുന്നവർ" എന്ന ചെറുകഥ വായിച്ചാലും: ഹാസ്യകഥാരചനയിൽ പ്രഗത്ഭനായ ഈ കഥാകാരൻ ഗൗരവമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും തന്റെ കൃതഹസ്തത പ്രദർശിപ്പിക്കുന്നതു് തികച്ചും അഭിനന്ദനാർഹമായിരിക്കുന്നു.

* * *

സാധാരണത്വം ആവഹിക്കുന്ന പ്രസ്താവങ്ങൾ നിർവഹിക്കുന്നതു് തെറ്റാണോ പ്രിയപ്പെട്ട വായനക്കാരേ? എങ്കിൽ ക്ഷമിക്കു. ചിന്തകനൊന്നുമല്ലാത്ത ഞാൻ തികച്ചും "കോമൺപ്ലേസാ"യ ഒരു ചിന്ത ആവിഷ്കരിച്ചുകൊള്ളട്ടെ. ഒരുത്തി പ്രസവത്തിൽ മരിച്ചു എന്നതുകൊണ്ടു് മറ്റെല്ലാ സ്ത്രീകളും പ്രസവിക്കാതിരിക്കയാണോ? മീക്കലാഞ്ചലോയുടെ "പീയത്ത" ഒരു കിറുക്കൻ നശിപ്പിച്ചുവെന്നതു കൊണ്ടു പ്രതിമാനിർമ്മാതാക്കൾ പ്രതിമാനിർമ്മാണം നിറുത്തിവച്ചിരിക്കുകയാണോ? എന്നെങ്കിലും ഭൂകമ്പമുണ്ടാകുമെന്നു വിചാരിച്ചു് മുഗൾചക്രവർത്തി താജ്മഹൽ നിർമ്മിക്കേണ്ടതില്ലെന്നു തീരുമാനിച്ചോ? സഞ്ജയൻ ആക്ഷേപിച്ചതു കൊണ്ടു് ചങ്ങമ്പുഴ കവിതയെഴുത്തു നിറുത്തിയോ.സൗന്ദര്യമുള്ള ഭാര്യയെ എല്ലാവരും ആഗ്രഹിക്കുമെന്നു് വിചാരിച്ചു് പുരുഷൻ വൈരൂപ്യമുള്ളവളെ വിവാഹം ചെയ്യാൻ തീരുമാനിക്കുമോ? വി. കെ. എന്നിന്റെ ഹാസ്യകഥകളിൽ അദ്ദേഹത്തിനു ഇഷ്ടമില്ലാത്തവരെ ആക്ഷേപിക്കുന്ന വാക്യങ്ങൾ കാണുമെന്നു് വിചാരിച്ചു് ആരെങ്കിലും അവ വായിക്കാതിരിക്കുമോ? വി. കെ. എന്നെ അധിക്ഷേപിച്ചിട്ടുണ്ടു്. എങ്കിലും അദ്ദേഹത്തിന്റെ കഥ എവിടെക്കണ്ടാലും ഞാൻ വായിക്കും. മാതൃഭൂമിയിൽ അദ്ദേഹമെഴുതിയ "രുക്മിണീപരിണയം" ഞാൻ വായിച്ചു. ആഹ്ലാദിച്ചു. അനുഗ്രഹീതനായ അദ്ദേഹത്തിനു് ധന്യവാദം.

* * *

പണ്ടു് തിരുവനന്തപുരം ജനറലാശുപത്രിയിൽ ഒരു രോഗിയെ അന്വേഷിച്ചുപോയപ്പോൾ വരാന്തയിലൂടെ പത്തടിയോളം പൊക്കമുള്ള ഒരു പുരുഷൻ നടക്കുന്നതു കണ്ടു. ഞാൻ ഞെട്ടിപ്പോയി. കൃശഗാത്രൻ; പക്ഷേ, പൊക്കം പത്തടിയോളം വരും: ആദ്യം കണ്ട ഡോക്ടറോടു ഞാൻ അയാളെക്കുറിച്ചു് ചോദിച്ചു. ചില ഗ്രന്ഥികളുടെ "ഓവർ ആക്ടിവിറ്റി"കൊണ്ടു് ഉണ്ടായ കുഴപ്പമാണു് അതെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. ദിവസംതോറും അയാളുടെ പൊക്കം കൂടിക്കൊണ്ടിരിക്കുകയാണെന്നും ഒരാഴ്ചയ്ക്കകം അയാൾ മരിച്ചുപോകുമെന്നും അദ്ദേഹം എന്നോടു പറഞ്ഞു. ആ മനുഷ്യന്റെ രൂപം ഇപ്പോഴും എന്റെ സ്മൃതിപഥത്തിൽനിന്നു മാഞ്ഞുപോയിട്ടില്ല. അതു് ഓർമ്മയിൽ എത്തുമ്പോഴെല്ലാം ഞാൻ ഞെട്ടിപ്പോകുന്നുമുണ്ടു്. മലയാളമനോരമയിൽ ശ്രീ. പി. എസ്. ചന്ദ്രൻ എഴുതിയ മനസ്സു് എന്ന കഥ വായിച്ചപ്പോൾ ഞാൻ ഓർമ്മിച്ചതു് ജനറലാശുപത്രിയിലെ ആ ഭയങ്കരരൂപത്തെയാണു്. സ്നേഹിച്ചിരുന്ന യുവാവു് രോഗംനിമിത്തം ആത്മഹത്യചെയ്തപ്പോൾ യുവതിക്കു ദുഃഖം അതു പറയാൻ എന്തെല്ലാം വാരിവലിച്ചുകൂട്ടുന്നു. ആ മാലിന്യമെല്ലാം ഉയർന്നയർന്നുപോകുന്നു. ഗ്രന്ഥികളുടെ അതിരുകടന്ന പ്രവർത്തനംകൊണ്ടു് മനുഷ്യന്റെ പൊക്കം കൂടുമായിരിക്കും. വാക്ക

(ശേഷം $7-ൽ)

വികൃതിയായ ഒരുമഴയുടെ ചീഞ്ഞമുഖമായിരുന്ന അന്നത്തെ ശകുനം. ഓടിപ്പാഞ്ഞെത്തിയ മഴ നഗരത്തിന്റെ കരിഞ്ഞ മേനിയിൽ വെള്ളം തളിച്ചു് ആഹ്ലാദിച്ചുകൊണ്ടിരുന്നു. പല്ലിളിച്ചുകാണിക്കുന്ന ഇടിമിന്നലും ഒരു ക്രൂരന്റെ പരിഹാസച്ചിരിപോലുള്ള മേഘഗർജ്ജനവും കൃഷ്ണനെ ഒരു മണ്ണുരുളയാക്കി മാറ്റി. കാറ്റിൽ വൃക്ഷശിഖരങ്ങൾ കഥകളിമുദ്ര പഠിക്കുമ്പോൾ ലോഡ്ജിലെ അടുക്കളക്കാരൻ അടുത്തേക്കു് പാഞ്ഞുവന്നു. സംഭവം വളരെ നിസ്സാരമായിരുന്നു. പൈപ്പിന്റെ വാഷർ നഷ്ടപ്പെട്ടതുകൊണ്ടു് വെള്ളം താഴോട്ടു് പൊട്ടിയൊലിച്ചുകൊണ്ടിരിക്കുകയാണു്. പൂക്കുറ്റിപോലെ ചിതറിവീണ വെള്ളം അടുക്കളയിൽ നിറഞ്ഞുകഴിഞ്ഞിരിക്കുന്നു.

"അതിനു് ഞാനെന്തുവേണം?" മണ്ണുരുളയായ കൃഷ്ണൻ ഒന്നുകൂടി വളഞ്ഞിരുന്നു. കൃഷ്ണന്റെ ചന്ദനനിറമുള്ള കവിളിൽ ചുവപ്പുരേഖകൾ പിണഞ്ഞു. "രാഘവനേയോ മാധവനേയോ വിളിച്ചുനോക്കൂ"

ഞായറാഴ്ചയായിരുന്നതിനാൽ മാധവനും രാഘവനും നമ്പ്യാരുടെ മുറിയിലിരുന്നു് ചീട്ടുകളിക്കുകയായിരുന്നു. വേലക്കാരൻ ആ മുറിയിലേക്കോടിച്ചെന്നു് കർക്കശസ്വരത്തിൽ ആവർത്തിച്ചു.

"പൈപ്പിന്റെ വാഷർ മാറ്റാതെ അടുക്കളയിൽ ജോലിചെയ്യാൻ പറ്റുവോ"



തിരികെ വന്നവരെല്ലാം ക്ഷീണിതരായിരുന്നു. തടിയനായ നമ്പ്യാർ വിയർത്തുകുതിർന്നിരുന്നു.

പൈപ്പിന്റെ ടാപ്പഴിക്കാൻ കഴിഞ്ഞില്ല. സ്പാനറില്ല. ഇനിയെന്തുചെയ്യും?.

"ഞാനൊന്നു് പിടിച്ചുനോക്കിയാലോ?"

കൃഷ്ണൻ ചോദിച്ചു.

കഥ

പി.ആർ: നാഥൻ

മാധവൻ ചീട്ടു് താഴെയിട്ടു് എഴുന്നേറ്റു. വളരെനേരം മാധവനും നമ്പ്യാരും കൂടി പൈപ്പിന്റെ ടാപ്പഴിക്കാൻ ശ്രമം നടത്തി. ക്ഷീണിച്ചു് തളർന്ന നമ്പ്യാർ രാഘവനെ വിളിച്ചു. എല്ലാവരുംകൂടി പൈപ്പിന്നരുകിൽ ചെന്നു് ശക്തിപരീക്ഷണം ആരംഭിച്ചു.

കൃഷ്ണൻ കൃതി അശക്തനായ താനെന്തിനു് സംഭവസ്ഥലത്തുചെന്നു് വിഡ്ഢിയാകുന്നു?, അവൻ ഒരു പഴയ കട്ടച്ചിരിയിൽ കൃഷ്ണൻ അലിഞ്ഞലിഞ്ഞു് ഇല്ലാതായി. ഈർക്കിലിപ്പോലുള്ള കൃഷ്ണന്റെ ആഗ്രഹം കണ്ടില്ലെ?.

നമ്പ്യാർ കൃഷ്ണന്റെ അടുത്തേക്കു വന്നു് ചെവിയിൽ പിടിച്ചൊന്നു് നുള്ളി.

"ഡാ കൃഷ്ണാ—"

കൃഷ്ണൻ, നമ്പ്യാരുടെ കൈ തട്ടിമാറ്റി.

"നീ സിഗരറ്റോ ബീഡിയോ വലിച്ചിട്ടുണ്ടോടാ?"

"ഇല്ല്യ"

"പൊടിവലി, കഞ്ചാവ്വലി, ലഹരിഗുളിക?"

"ഇല്ല്യ"

നമ്പിയാർ ചുണ്ടുകൾ കോട്ടി സഹാതാപത്തോടെ ചോദിച്ചു.

"ചാരായം കടിച്ചിട്ടുണ്ടോ?"

"ഇല്ല്യ"

"സ്ത്രീവിഷയം?"

കൃഷ്ണൻ കോപത്തോടെ പിടഞ്ഞെഴുന്നേറ്റു.

"നീയൊരു പുരുഷനാണോടാ കൃഷ്ണാ?"

കൃഷ്ണൻ അടുക്കളയിലേക്കോടി. പൈപ്പിന്റെ ടാപ്പിൽ കയറിപ്പിടിച്ചു് അമർത്തിയൊരു തിരി തിരിച്ചു. എന്തോ പൊട്ടിത്തെറിക്കുന്ന ശബ്ദം. ടാപ്പ് വലിച്ചു താഴെയിട്ടു് കൃഷ്ണൻ വിരലുകൾക്കിടയിൽ നിന്നും രക്തത്തിന്റെ ചായം കഴുകിക്കളഞ്ഞു.

ഒരു ശീലക്കഷ്ണംകൊണ്ടു് പൈപ്പിന്റെ ദ്വാരമടച്ചശേഷം കൃഷ്ണൻ ഉമ്മറത്തേക്കു് പോന്നു. നമ്പ്യാരും മാധവനും അളുകണ്ടു് മിഴിച്ചുനില്ക്കുകയും ചെയ്തു.

കുറേക്കഴിഞ്ഞപ്പോൾ നമ്പ്യാർ കൃഷ്ണന്റെ ചുമലിൽ പിടിച്ചു് അടക്കം പറഞ്ഞു.

"നീ പോരുന്നോടാ കൃഷ്ണാ എന്റെ കൂടെ?"

"എങ്ങോട്ട്?"

"ഞാൻ പതിവായി പോകുന്ന സ്ഥലത്തേയ്ക്കു്— നീയൊഴികെ എല്ലാവരും പലപ്പോളായി എന്റെകൂടെ വന്നിട്ടുണ്ടു്"

"ഞാനില്ല"

"മടുത്തു വന്നാൽ മതി. നിനക്കു് അവരെയെല്ലാം ഒന്നു് പരിചയപ്പെടാം"

കൃഷ്ണന്റെ കണ്ണുകൾ കത്തിക്കാളി.

"പരിചയപ്പെടണ്ട"

നമ്പ്യാർ മറുളളവരെ നോക്കി കണ്ണിറുക്കി കാണിച്ചു:

"നീ ഉമ്മറത്തിരുന്നാൽ മതി. ഞാൻ അകത്തുപോയി കാര്യം സാധിച്ചുവരാം"

നമ്പ്യാർ അകത്തു പോയി ഷർട്ടു് ധരിച്ചു വന്നു. കൃഷ്ണനെ കപ്പായം ധരിപ്പിച്ചു് അയാൾ പുറത്തേക്കിറങ്ങി. ടൗൺ ബസ്സിൽ കയറുമ്പോൾ നമ്പ്യാർ പറഞ്ഞു. നിനക്കും കുറേ പ്രായമൊക്കെ ആയില്ലെ? ജൂനിയർ എൻജിനിയറുടെ ശമ്പളവും വാങ്ങിക്കുന്നു. ഇനിയെങ്കിലും പുരുഷനെന്നു് മറുള്ളവരെക്കൊണ്ടു് വിളിപ്പിക്കേണ്ടേ?

കൃഷ്ണൻ അതു കേട്ടു് ചിരിച്ചു. മിക്ക ദിവസങ്ങളിലും നമ്പ്യാർ പുരുഷനാകാൻ വേണ്ടി ടൗൺ ബസ്സിൽ കയറി എവിടെയോ ചെന്നു് എങ്ങിനെയോ എപ്പോളോ തിരിച്ചുവരുന്നു. ബസ്സു് നഗരം വലത്തുവെച്ചു് പാലം കടന്നശേഷം മരത്തണലുകൾ പിന്നിട്ടു് വിശാലമായ ഒരു മൈതാനത്തിന്നടുത്തു് മിലിറ്ററി ക്യാമ്പും ഓട്ടകമ്പനികളും കടന്നു് പൊടുന്നനെ നിശ്ചലമായി നിന്നു. ആദ്യം കണ്ട മരമുകളിൽ മൂന്നാലു് കിളികൾ കൃഷ്ണനേയും നമ്പ്യാരേയും നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. മഴ പെയ്തു തോർന്ന മൊട്ടപ്പറമ്പിൽ പശുക്കൾ മേയുന്നതും കുറുത്ത കരുവാളിച്ച ചെക്കന്മാർ ഓടിക്കളിക്കുന്നതും കൃഷ്ണൻ ശ്രദ്ധിച്ചു. നമ്പ്യാരുടെ പരിചയസമ്പന്നമായ കാലടിപ്പാടുകൾ ചവിട്ടിച്ചീഞ്ഞ ഇലകളുടെ ഗന്ധം ശ്വസിച്ചു് കൃഷ്ണൻ നടന്നു.

ഒരു വടവൃക്ഷത്തിന്നു താഴെ കറപുരണ്ടു് നില്ക്കുന്ന ഗെയിറ്റു് കർക്കശമായ ശബ്ദമുണ്ടാക്കിക്കൊണ്ടു് അകന്നു മാറി. പകലിലും ഇരുട്ടു് താമസിക്കുന്ന തൊടിയിലൂടെ നടന്നു് കട്ടസ്സായ ഒരു വീട്ടിലേക്കു് ചെന്നു കയറി. പുറുഖത്തെത്തും മുൻപു് നമ്പ്യാർ ചോദിച്ചു.

"നിന്റെ നെഞ്ചു് കലശലായി ഇടിക്കുന്ന സ്വരമാണോ കേൾക്കുന്നതു്?"

"അല്ല—നിരത്തിലൂടെ ഓട്ടുന്ന കുതിരവണ്ടിയുടെ കുളമ്പടിയാണു്."

ആ തമാശ നമ്പ്യാർക്കു് ഇഷ്ടമായി.

കതകു തുറന്നതു് മദ്ധ്യവയസ്സുയായ ഒരു തടിച്ചിയാണു്. മുറുക്കിച്ചുവന്ന പല്ലുകൾക്കിടയിൽ കൊഴുത്ത ഉമിനീർ കൊണ്ടു് ഞാഞ്ഞൂൾ മാലകൾ നിർമ്മിച്ചു കൊണ്ടു് അവർ വികൃതമായി ചിരിച്ചു കാണിച്ചു.

"ഇതാര്?" നമ്പ്യാരണ്ണൻ തന്നെ?

നമ്പ്യാർ അകത്തേക്കു് കയറി.

"ഇരിക്കു് കൃഷ്ണാ."

കൃഷ്ണൻ ആദ്യമൊന്നു് അറച്ചുവെങ്കിലും പഴയ മരക്കസേരയിൽ അമർന്നിരുന്നു.

തടിച്ചി ചോദിച്ചു.

"ഇതാരാ?"

"അവൻ കാവലിരിക്കാൻ വന്നതാ—കഴുതു."

കൃഷ്ണൻ അറപ്പോടെ കൈവിരലുകൾ പരസ്പരം വളച്ചു് സ്വയം വേദന അനുഭവിച്ചു കൊണ്ടിരുന്നു. തടിച്ചി നമ്പ്യാരെ കൂട്ടി അകത്തേക്കു പോയി. മുഷിഞ്ഞ ഡോർ കർട്ടൻ മാറി അപ്രത്യക്ഷമാകും മുൻപു് നമ്പ്യാർ പറഞ്ഞു.

"എങ്ങോട്ടും പുവ്വർത്തൊട്ടോ കൃഷ്ണാ" കൃഷ്ണനു് അസാധാരണമായ വിധത്തിൽ ഒരു ശ്വാസം മുട്ടൽ അനുഭവപ്പെട്ടു. മുഖം കനിച്ചു് മിനിറുകളോളം കാത്തുനിന്നു. ഒരു കാലൊച്ച അടുത്തു വന്നപ്പോൾ തലയുയർത്തിനോക്കി.

കരു കറുത്ത പെൺകുട്ടി കുതിരവാലു പോലെ തലമുടി വിടുവിന്റെ കൈയ്യു് കെട്ടി മുൻപിൽ വന്നു നിന്നു. കാലം കത്തി നിറുന്ന മുണ്ടുകളിൽ വെളുത്ത അണപ്പല്ലു കളരസുന്നു. കാൽമുട്ടുകളിൽ തങ്ങി നില്ക്കു

ന്ന പുള്ളിപ്പാവാട. കൃഷ്ണൻ അത്ഭുത പ്പെട്ടു.

പത നഞ്ച് വർഷങ്ങളുടെ പഴക്കം പോലും തോന്നിക്കാത്ത പുത്തൻ കണ്ണുകൾ. കഴുത്തിൽ തൂങ്ങിക്കിടന്ന സ്റ്റീൽ ചെയിനിന്റെ ലോക്കറ്റെടുത്തു് സ്വന്തം മാറിൽ അവൾ താളം തെറ്റാതെ ചൊറിയാൻ തുടങ്ങി കണ്ണുകൾ കൊണ്ടു് ചട്ടലമായ ഒരാംഗ്യം—

"അകത്തേക്കു് പോകാം?"

ഞാനില്ലെന്ന ഭാവത്തിൽ കൃഷ്ണൻ മുഖം തിരിഞ്ഞിരുന്നു. അവൾ കുറേക്കൂടി അടുത്തേക്കു വന്നു. അടുക്കളച്ചുമരിൽ വെള്ളയടിച്ച ഭാഗത്തിൽ കുത്തിവരച്ച ചിത്രം പൗഡർ പതിഞ്ഞു നില്പുണ്ടു. അവൾ കൃഷ്ണന്റെ കൈ കടന്നു പിടിച്ചു് വലിച്ചുഴന്നേല്പിച്ചു.

"വരൂ.....''

കൃഷ്ണൻ പിറകോട്ടുമാറി. ഡോർ കർട്ടനോളം നടന്നു. അവളുടെ മെലിഞ്ഞ കൈകൾ പിഴുതുമാറ്റിക്കൊണ്ടു് കൃഷ്ണൻ സത്യസന്ധമായി പറഞ്ഞു.

"എനിക്കതൊന്നും പരിചയമില്ല... കൈവിടൂ...

"ഞാനില്ലെ?"

അവൾ കൃഷ്ണനെ പുണ്ടക്കം പിടിച്ചു. അവളുടെ ചൊറിയ മുലകൾക്കു് വല്ലാത്തൊരു മുട്ടലുതായും തുടുപ്പു് താൻറെ മേനിയിൽ ഉരുമ്മിപ്പിരുകുന്നതായും കൃഷ്ണനു് അനുഭവപ്പെട്ടു.

കൃഷ്ണൻ പെരുന്നു് തിരിഞ്ഞുനിന്നു.

"എനിക്കു് തിരിച്ചു പോണം."

"എങ്ങോട്ടു്?"

"അങ്ങോട്ടു്...മൈതാനത്തിലേക്കു്."

ഡോർ കർട്ടനപ്പുറത്തു് ആകാശം: ആകാശത്തിൻ വസന്തകാലമേഘങ്ങൾ. വന്ധ്യമേഘങ്ങൾക്കു മുകളിൽ ഒരു ചാണകക്കിടാവിനെ ശ്രദ്ധാന്തരപ്പെടാനാണു് കൃഷ്ണൻ ആഗ്രഹിച്ചതു്.

"പുറത്തു കൊണ്ടുപോയാൽ ഉടനെ തിരിച്ചയക്കണം. റേറ്റു് കൂട്ടരു."

കൃഷ്ണൻ കേൾക്കാൻ വേണ്ടിയിൽ തടിച്ചു പരുക്കായ സ്വരത്തിൽ കൂവിപ്പറഞ്ഞു.

കൃഷ്ണൻ തിരിഞ്ഞുനടക്കുമ്പോൾ അവൾ ഇടതുവശത്തിരുന്നു. താഴോട്ടു് തൊട്ടുതൊട്ടില്ലാതെ അവളുടെ മാറിടത്തിന്റെ പരിമാണം പറയാതെ കൃഷ്ണൻ മനസ്സിലാക്കി

സ്ഥിരം കടിച്ചുപ്പുകാരനായിരുന്ന ഞാനെ ഇപ്പോൾ സ്വരാജ് ലോഡ്ജ് നടക്കുന്ന കെട്ടിടത്തിൽ (ശ്രീകുമാർ തിയേറ്ററിനടു കേ) ഞാൻ വളരെക്കാലം താമസിച്ചു. അതു് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിന്റെ ഏതാണ്ടു് ഉച്ചാവസ്ഥയിലാണു് — അതായതു് 1940 കാലഘട്ടത്തിൽ അതിനും വളരെക്കാലത്തിനുശേഷമാണു് സി. പി. സത്രത്തിന്റെ ജനനം.

സ്റ്റേറ്റ്കോൺഗ്രസ്സിനോടുള്ള ഒരു വെല്ലുവിളിയെന്ന നിലയിൽ, രാജഭക്തസംഘക്കാരും മറ്റു് സി. പി. പക്ഷപാതികളും ചേർന്നു് തലസ്ഥാനനഗരത്തിന്റെ മുക്കിനും സ്ഥാപിച്ചതാണീസത്രം. അതിനു് ദിവാൻ സി. പി. യുടെ പേരിട്ട എന്ന മാത്രമല്ല, ആ കെട്ടിടത്തിനു മുന്നിലായി അദ്ദേഹത്തിന്റെ ഒരു അദ്ധ്കായ മാർബിൾ പ്രതിമ സ്ഥാപിക്കുകയും ചെയ്തു. ഇതു് സ്വാഭാവികമായും സ്റ്റേറ്റ് കോൺഗ്രസ്സ് അനുഭാവികളുടെ രക്തം തിളപ്പിച്ചു. ആ കൂട്ടത്തിൽ, അല്പപ്രാണിയായ എന്റെയും രക്തം അല്പാല്പം തിളച്ചിരുന്നു എന്നു് ഇന്നു് ധൈര്യമായിത്തന്നെ പറയട്ടെ. പക്ഷേ, അന്നു് ഈ തിളപ്പൊന്നും അങ്ങനെയിങ്ങനെ പുറത്തുകാട്ടാൻ സാദ്ധ്യമായിരുന്നില്ല. പോരാത്തതിനു്, പ്രതിമയ്ക്കു് ചുറ്റും ഒന്നാന്തരം പോലീസ് ബന്തവസ്സു് ഏർപ്പെടുത്തിയുമിരുന്നു.

തിരുവിതാംകൂറിൽ അവിടവിടെ നടക്കാറുള്ള സ്റ്റേറ്റ് കോൺഗ്രസ്സ് യോഗങ്ങളിൽ സി. പി. സത്രവും അതിന്റെ മുന്നിലെ സി. പി. പ്രതിമയും പ്രസംഗവിഷയങ്ങളാകാതെയിരുന്നിട്ടില്ല. മഹാരാജാവു തിരുമനസ്സിലെ പ്രതിപോലും വസ്തുതെ "പരദേശി"യായ ദിവാന്റെ പ്രതിമ ഇതു പ്രധാനപ്പെട്ട ഒരു സ്ഥാനത്തു് സ്ഥാപിച്ചതിലുള്ള ക്ഷോഭം മിക്ക പ്രസംഗകരും പ്രകടിപ്പിച്ചുപോന്നു. അതൊന്നുംകൊണ്ടു് പ്രതിമയ്ക്കു് അനക്കമൊന്നും സംഭവിച്ചില്ല.

അങ്ങനെ കൊല്ലങ്ങൾ ചിലതു കഴിഞ്ഞു. വയലാർ സമരത്തോടെ, രാഷ്ട്രീയക്കൊടുങ്കാറ്റിലടിയുകയ 1946-ാമാണ്ടു് വന്നുചേർന്നു. സർ സി. പി. യെ ഒരു വിഷസർപ്പത്തെപ്പോലെ വകവരുത്താനുള്ള പകജനങ്ങൾക്കിടയിൽ പടർന്നുപിടിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ, മുഖ്യൻ വെട്ടേറ്റ് സർ. സി. പി. തിരുവിതാംകൂറിൽനിന്നു് മദ്രാസിലേക്കു് രാഷ്ട്രരാമനം കടന്നുകളയുകയും ചെയ്തു. സി. പി. പോയെങ്കിലും, സി. പി. പ്രതിമ ഒരു വെല്ലുവിളിയെന്നപോലെ അവിടെ നിലകൊള്ളുകയാണു്. സി. പി. യെ വെട്ടിയ ദിവസം മുതൽ സി. പി. പ്രതിമയ്ക്കു് ഗവണ്മെന്റ് ബലത്തകാവൽ ഏർപ്പെടുത്തിയിരുന്നു. രാജവാഴ്ച അപ്പോഴും ഉടരുന്നു. ദിവാന്റെസ്ഥാനത്തു് ഒരു ഒഫിഷ്യേറ്റിംഗ്ദിവാൻ ഭരണം നടത്തുന്നു. ഡൽഹിയിൽ അധികാരകൈമാറ്റം സംഭവിച്ചുവെങ്കിലും, തിരുവിതാംകൂറിൽ അതു് വന്നുകഴിഞ്ഞിട്ടില്ല. എപ്പോൾ വരുമെന്നു് തീരുമാനമായിട്ടുമില്ല. അങ്ങനെ ഒരു അന്തരാളഘട്ടം നിലനിൽക്കുകയാണു്.

ഈയവസരത്തിലാണു് ഞാനൊരു പത്രപ്രവർത്തകനായി നമസ്കരിച്ചു് രംഗപ്രവേശംചെയ്തതു്. കോൺഗ്രസ്സ് നേതാവായ കെ. കെ. ചെല്ലപ്പൻപിള്ളയുടെ ഉടമസ്ഥതയിൽ കൊല്ലത്തുനിന്നാരംഭിച്ച "യുവകേരളം" എന്ന ദിനപ്പത്രത്തിന്റെ തിരുവനന്തപുരം ലേഖകനായി ഞാൻ നിയുക്തനായി. ഒരു പത്രപ്രവർത്തകനാകാൻ എനിക്കു കണ്ട അന്നത്തെ ഏകയോഗ്യത കോൺഗ്രസ്സിന്റെ സ്റ്റേറ്റ് കമ്മിറ്റിമെമ്പർ എന്ന പദവിയായിരിക്കാം. ഇംഗ്ലീഷ് വൈമാന്യം തുപ്പികരമായി ഉണ്ടായിരുന്നില്ലെങ്കിലും അതു് അന്നും തലസ്ഥാനലേഖകനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാത്ത ഒരാവശ്യമായിരുന്നു. അതിനു് പ്രത്യേകിച്ചു് കാരണമുണ്ടു്. വാർത്താഏജൻസിയായ എ. പി. ഐ. യ്ക്കു് (പിന്നെ പി. ടി ഐ — ഇപ്പോൾ സമാചാർ)തിരുവിതാംകൂറിലൊരു ആഫീസു് തിരുവനന്തപുരത്തുമാത്രമേ ഉണ്ടായിരുന്നുള്ളു. അന്നു് ടെലിപ്രിന്റർ ഓപ്പറേറ്റർമാരും. എല്ലാം കമ്പിവാർത്തകളാണു്. അതായതു് ടെലഗ്രാംവഴിയുള്ള സന്ദേശങ്ങൾ. കൊല്ലം-കോട്ടയം പത്രങ്ങൾക്കുള്ള കമ്പിവാർത്തകൾ, എ. പി. ഐ-യുടെ തിരുവനന്തപുരം ആഫീസിൽനിന്നു വാങ്ങി, തലസ്ഥാനപ്രതിനിധികൾ അവരവരുടെ പത്രമാഫീസിലേയ്ക്കു ഫോൺചെയ്തുകൊടുക്കണം. മിനിറ്റുകൾ ഇടവിട്ടു് ഞങ്ങളുടെ ആഫീസ്പുണ്ണ സൈക്കിളിൽപോയി അപ്പഴപ്പോൾ കിട്ടുന്ന ടെപ്പുചെയ്ത വാർത്താഷീറ്റു് വാങ്ങിക്കൊണ്ടുവരും. അതു് കഴിവതും മലയാളത്തിലാക്കി പത്രമാഫീസിലേക്കു് തലസ്ഥാനലേഖകൻ ഫോൺവഴി വിളിച്ചുപറയണമായിരുന്നു. അങ്ങനെ ഇംഗ്ലീഷ്ഭാഷാവിജ്ഞാനം അനുപേക്ഷണീയമായിരുന്നു. ഞാനാണെങ്കിൽ പഠിച്ചതു് സംസ്കൃതമാണു്. സംസ്കൃതത്തിന്റെ ഉപരിപഠനമെന്നു് കരുതാവുന്ന സാഹിത്യമഹോപാദ്ധ്യായക്ലാസ്സിൽ അവസാനത്തോളം പഠിച്ചു. അപ്പോഴാണു് കോൺഗ്രസ്സ് സമരംസംബന്ധിച്ചു് ഡിസ്മിസ്സലായതു്. ഉടനു്, സ്വമേധയാ മദ്രാസ് മടിക്കലേഷനു് പഠിച്ച ഇംഗ്ലീഷ്പരിജ്ഞാനമേ എനിക്കുണ്ടായിരുന്നുള്ളു. എങ്കിലും ഒരു ചങ്കൂറ്റംകൊണ്ടു് യുവകേരളത്തിന്റെ തലസ്ഥാനലേഖകനായി ഞാൻ പ്രശോഭിക്കുന്നകാലം.

തങ്കൾകുഞ്ഞുമുസലിയാരുടെ ഉടമസ്ഥതയിൽ കൊല്ലത്തുനിന്നു് നടത്തിവന്ന "പ്രഭാതം" ദിനപ്പത്രത്തിന്റെ തലസ്ഥാനലേഖകനായിരുന്ന വി. പ്രഭാകരൻനായർ. ഞാനും പ്രഭാകരൻനായരും തമ്മിലുള്ള ബന്ധം അസാധാരണമത്രേ. പത്രപ്രവർത്തകർ എന്ന നിലയിലാണു് അതിന്റെ ആരംഭവും. പ്രഭാകരൻനായർ ഇപ്പോഴും തിരുവനന്തപുരത്തെ ഒരു പത്രലേഖകനാണു്. ഞാൻ യുവകേരളം ലേഖകനായി തിരുവനന്തപുരത്തു ചെന്നപ്പോൾ എനിക്കു് തുണ്ടും തണലുമായിനിന്നതു് പ്രഭാകരൻനായരാണു്. യുവകേരളം അന്നു് നല്ല അച്ചും കടലാസ്സുമില്ലാതെ പ്രസിദ്ധീകരിച്ചുതുടങ്ങിയ ഒരു "ആദർശപത്ര"മാണു്. അന്നന്നത്തെ അത്താഴത്തിനു് (കടലാസ്സിനു്)വേണ്ടി കൊല്ലംപട്ടണത്തിൽ അതിനു വളരെയേറെ അലച്ചിൽനടത്തേണ്ടിവന്നിട്ടുണ്ടു്. ഈ പത്രത്തിന്റെ ഏജൻറ് എന്ന ജോലിയും തിരുവനന്തപുരത്തു് നിർവ്വഹിച്ചുപോന്നതു് ഞാനാണു്. നാനൂറോ, അഞ്ഞൂറോ പത്രങ്ങൾ തിരുവനന്തപുരത്തേയ്ക്കു് അയയ്ക്കും. ആ കെട്ടു് തമ്പാനൂർ ബസ്സ്സ്റ്റേഷനിൽവച്ചു് പൊട്ടിച്ചു് തലസ്ഥാനത്തെ വിവിധ ഏജൻറന്മാർക്കു് കുറേ പ്രതിവീതം തൊകമായോ, കടമായോ കൊടുക്കലാണു്. എന്റെ ഏജൻസി പ്രവർത്തനം. ഈ പുർപ്പാടിൽ, എപ്പോഴും കഷ്ടനഷ്ടങ്ങൾമാത്രമേ എനിക്കു് കിട്ടിയിട്ടുള്ളു. എന്നുവച്ചാൽ ആഹാരത്തിനുപോലും കാശു് കൈയിലുണ്ടാവുകയില്ലെന്നർത്ഥം. ഈ സ്ഥിതിയിൽ എനിക്കു് തന്റെ വീട്ടിൽനിന്നു് ആഹാരംതന്നു് രക്ഷിച്ച അന്നദാതാവാണു് പ്രഭാകരൻനായർ.

ഞങ്ങളുടെ അന്നത്തെ ജീവിതചര്യകൾ തീരെ ആദർശയോഗ്യമായിരുന്നില്ല. തിരുവനന്തപുരത്തെ പത്രലേഖകരുടെ ജീവിതം പൊതുവേ അന്നു് ഒരർത്ഥത്തിൽ ആദർശയോഗ്യമായിരുന്നില്ലത്രെ. എന്നുവച്ചാൽ,മിക്കവാറും എല്ലാവരും പതിവായി കള്ളുകുടിച്ചിരുന്നു. (അല്ലാതെ വല്ലവരുമുണ്ടെങ്കിൽ അവർ എന്നോടു് ക്ഷമിക്കുകയേ നിവൃത്തിയുള്ളൂ.) എന്തായാലും, ഞാൻ, പ്രഭാകരൻനായർ, പാപ്പച്ചൻ എന്നിങ്ങനെ ചിലർ ദിനചര്യയുടെ ഒരു ഭാഗമെന്നവിധം രാത്രി പത്തുമണിക്കുമേൽ ഒരു മദ്യപാനപര്യടനം നടത്തിപ്പോന്നു. അന്നത്തെ കൃപസിദ്ധമായ തകരപ്പറമ്പു് ചാരായഷാപ്പിലും മേട്ടുക്കട കള്ളുഷാപ്പിലും "അക്കൗണ്ടു്" ഉണ്ടാകത്തക്കവിധം ഞങ്ങൾ ആ കാര്യത്തിൽ പതിവുകാരായിത്തീർന്നിരുന്നു.

ഒരു രാത്രി, ഞാനും പ്രഭാകരൻനായരും കൂടി തമ്പാനൂരുള്ള എന്റെ പത്രമാഫീസിലിരിക്കുമ്പോൾ കോൺഗ്രസ്സുകാരൻ മമ്മക്കരു് സാഹിബു് കടന്നുവന്നു് ഒരു രഹസ്യം പറഞ്ഞു: "ഇന്നു് രാത്രി സ്വാമിയുടെ പ്രതിമ തല്ലിപ്പൊട്ടിക്കും."

ഈ മമ്മക്കർ സാഹിബിനെ അല്പമാത്രപരിചയപ്പെടുത്തേണ്ടതുണ്ടു്. ഞങ്ങൾ രണ്ടുപേരും ഒരേസ്ഥലക്കാരാണു് — അതായതു് വള്ളികുന്നത്തുകാർ. എന്നേക്കാൾ വളരെ മുൻപുതന്നെ അദ്ദേഹം സ്റ്റേറ്റ് കോൺഗ്രസ്സ പ്രവർത്തനത്തിലിറങ്ങി. നേതാവായിട്ടല്ല, വാളന്റിയറായിട്ടു്, വിശേഷിച്ചു് വിദ്യാഭ്യാസമൊന്നും സിദ്ധിച്ച ആളല്ല അദ്ദേഹം ... എന്നാൽ, ജി. പി. പിള്ള കണ്ടുപിള്ള, കണ്ടശ്ശേരി ശേഖരപ്പണിക്കർ എന്നീ നേതാക്കന്മാരുടെ ഉപദേശരായിയായി സജീവ രാഷ്ട്രീയത്തിൽ മമ്മക്കർസാഹിബ് മുഴുകുകതന്നെ ചെയ്തു. സാഹിബ് പലതവണ നിയമലംഘിക്കുകയും ജയിൽവാസംവരിക്കുകയും ചെ

ണ്ടിട്ടുണ്ട്. പ്രസംഗമൊന്നും വശമില്ല. "ഞാൻ ലംഘിച്ചിരിക്കുന്നു" എന്നു് രണ്ടു വാക്കുമാത്രം പ്രസംഗിച്ചിട്ടു് ധീരമായി പോലീസു് വലയത്തിലേക്കു് കടന്നു് ജയിൽവാസംവരിച്ച ചരിത്രവും അദ്ദേഹത്തിനുണ്ടു്. ആ നിലകളിൽ, മഹാത്മാ സാഹിബു് പറയുന്നതു് സ്റ്റേറ്റു് കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒരു ഔദ്യോഗിക സ്വഭാവമുണ്ടെന്നു് എനിക്കു നന്നായി അറിയാം. വിശിഷ്യും അദ്ദേഹം ശ്രീ. കമ്പളത്തിന്റെ ഒരു അടുത്ത സിൽബന്ധിയുമാണു്. സ്വാമിയുടെ പ്രതിമ തല്ലിപ്പൊട്ടിക്കും എന്ന വാർത്ത ഞങ്ങൾക്കു് മഹാത്മാ സാഹിബു് തന്നപ്പോൾ ഞങ്ങൾക്കു മനസ്സിലായതു്, കമ്പളം അങ്ങനെയൊരു തീരുമാനം എടുത്തിരിക്കുന്നു എന്നാണു്. അതു വിശ്വസിക്കാം. നടപ്പിലാവുകതന്നെ ചെയ്യും പത്രലേഖകർക്കുടിയായ ഞങ്ങൾ ആ സംഭവത്തിനു് ദൃക്സാക്ഷികളായിക്കൊള്ളട്ടെ എന്നകരുതി ഞങ്ങൾക്കു് മുന്നറിയിപ്പുതരികയായിരുന്ന സാഹിബു്.

ഈ അറിയിപ്പുകിട്ടിയതോടെ ഞാനും പ്രഭാകരൻനായരും ഞങ്ങളുടെ ഒരു ഉറ്റമിത്രമായ താഴത്തേടത്തു് അച്യുതൻപിള്ളയുംകൂടി അർദ്ധരാത്രിക്കുശേഷം സി. പി-പ്രതിമയുടെ പരിസരത്തെത്തു് താവളം മാറി. അതിനെതിരേയുള്ള മുസ്ലീം ഹോട്ടലിൽകയറി ചായകുടിച്ചു പുറത്തിറങ്ങിനടന്നു. ഞങ്ങൾ പല മണിക്കൂറുകൾ തള്ളിനീക്കി. ഏതാണ്ടു് വെളുപ്പാൻകാലത്തോടെ ഞങ്ങൾ അവിടെയൊക്കെ കാണുനടന്നതുമാത്രം മിച്ചം! സംഭവം നടന്നില്ല. നേരം പരപരാവെളുത്തു ഞങ്ങൾ ലോഡ്ജിലേക്കു മടങ്ങിയപ്പോഴും.

പിറേന്നു സന്ധ്യക്കുശേഷം കൈതവനത്തറ രാഘവൻപിള്ള വന്നു് ഞങ്ങൾക്കു് വാർത്തതന്നു. "ഇന്നു് അർദ്ധരാത്രിക്കു് പ്രതിമ തകക്കും. ഇന്നലെ വശക്കേടായി അതിനുചുറ്റും ആളുണ്ടായതുകൊണ്ടു് നടക്കാതെപോയതാണു്."

കൈതവനത്തറ രാഘവൻപിള്ള അക്കാലത്തു് കരുനാഗപ്പള്ളിയിൽ കാൺഗ്രസ്സിന്റെ പ്രധാനനേതാക്കളിലൊരാളാണു്. കമ്പളത്തിന്റെ പ്രധാനപ്പെട്ട അനുയായികളിൽ ഒരാളും. അദ്ദേഹംതന്നെ വിവരം കൂടുതൽ വിശ്വസനീയമായി ഞങ്ങൾക്കു തോന്നി.

ആ രാത്രിയിൽ ഏതാണ്ടു് രണ്ടുമണിയോടടുത്തസമയത്തു്, ഒരു ജീപ്പു് പെട്ടെന്നവന്നു് സി. പി. സ്തൂപത്തിനുമുന്നിൽ ബ്രേക്കിട്ടു. തലവഴി മൂടിട്ട മൂന്നാപേർ അവിടെ ചാടിയിറങ്ങി. രണ്ടുപേർ പ്രതിമയെ സമീപിച്ചു. ഒരാൾ ചുറ്റികകൊണ്ടു് ആ പ്രതിമയിൽ അടിച്ചു, അല്ല നിമിഷങ്ങൾക്കുള്ളിൽ ജീപ്പിൽകയറി അവർ ഓടിച്ചുപോവുകയുംചെയ്തു.

പിറേന്നു രാവിലെ നഗരവാസികൾ കാണുന്നതു്, തുണിയിൽ പൊതിഞ്ഞുകെട്ടിയ സി. പി-പ്രതിമയാണു്. അതിന്റെ മൂക്കും തലയും തകർന്നുകഴിഞ്ഞിരുന്നു. പൊതുജനം ആ ദൃശ്യം കാണുന്നതിനുമുൻപുതന്നെ "പ്രഭാത"ത്തിലും "യുവകേരള"ത്തിലും പ്രതിമാഭഞ്ജനവാർത്ത അച്ചടിച്ചുവന്നിരുന്നു. സ്വന്തം ലേഖകന്മാരുടെ ദൃക്സാക്ഷിവിവരണങ്ങൾ.

രാഷ്ട്രീയ കാലാവസ്ഥ മാറിയതുകൊണ്ടാകാം, ദൃക്സാക്ഷികളായ ഞങ്ങളെ ശല്യപ്പെടുത്താൻ പോലീസുകാരാരും വന്നില്ല, അതേസമയം, പ്രതിമ തല്ലിത്തകർത്തതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ടു് ശ്രീ. കമ്പളം ഒരു പ്രസ്താവന പുറപ്പെടുവിക്കയുംചെയ്തിരുന്നു.

—o—

മലയാളം മാത്രം
അറിയാവുന്നവർക്കും??

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ളിൽ S. S. L. C MATRIC, P. D. C. B. A പരീക്ഷകൾ പാസാകാം:
ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രത്യേകം ട്യൂഷൻ:
പഠിപ്പും, പ്രായവും കാണിച്ചു ഒരു കത്തയയ്ക്കുക.

P. T. College

Manacaud,
TRIVANDRUM. 9

കമല ഒരു പ്രത്യേക സ്വഭാവക്കാരിയാണു്. അജയൻ വരുന്നതിനുമുമ്പു് അവൾ വളർത്തിയിരുന്നതു് ഒരു പൂച്ചയെയാണു്. എന്തൊരു കാര്യമായിരുന്നു ആ പൂച്ചയെ, അവൾക്കു് പൂച്ചയില്ലാതെ ഊണില്ല, ഉറക്കമില്ല.

നിർണ്ണായകഘട്ടത്തിൽ പൂച്ച ദേഹത്തിൽ ചാടിയതിനാൽ ഒരു വളരെനല്ല പതിവുകാരൻ പിന്നീടൊരിക്കലും വരാതെയായി. എന്നിട്ടും കമലയ്ക്കു് ചീറി അടക്കാൻ കഴിയില്ലായിരുന്നു.

ആ പൂച്ചയെ രണ്ടുകാലുകൾ കൂട്ടിപ്പിടിച്ചു് നിലത്തടിച്ചു് കൊന്നു് നിരത്തിൽ എറിഞ്ഞതും കമല തന്നെ. കാരണമോ? പൂച്ച മറെറാരു പൂച്ചയുടെകൂടെ കളിച്ചുവെന്നതും!

കഥാമാലികയിലെ

മൂന്നാമത്തെ കഥ

സി. രാധാകൃഷ്ണന്റെ

'അഭിസാരികയുടെ അസൂയ'

സെപ്റ്റംബർ 5-ാം തീയതിയിലെ

മലയാളനാടിൽ വായിക്കുക.

രണ്ടു

ആത്മകഥാകഥനത്തിനു് റൂസ്സോ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗംതന്നെ ഒരു വലിയ നുണയിലേക്കാണു് പണിതിരിക്കുന്നതു്. "എന്നിൽ ഞാൻ കാണുന്ന ഏറ്റവും ചീത്തയായവശം വെളിപ്പെടുത്തിയാൽപ്പോലും മറ്റുള്ളവരേക്കാൾ ഞാൻ ചീത്തയാവുന്നില്ല" എന്ന നിലപാടു് സത്യസന്ധമല്ല. മനുഷ്യരിൽ ചിലരെങ്കിലും മറ്റുള്ളവരേക്കാൾ നല്ലവരാണെന്നതാണു് വാസ്തവം. മറ്റുള്ളവരേക്കാൾ മോശമാണു് റൂസ്സോ എന്നതായിരുന്നുടെയാഥാർത്ഥ്യം? തന്നിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ കാണുന്ന ധാർമ്മികമായ പാപ്പരത്തത്തെയും ഏകാന്തതയെയും അഭിമുഖീകരിക്കാൻ റൂസ്സോ കൂട്ടാക്കുന്നില്ല എന്നതാണു് പരിതാപകരം. അതിനു പകരം എല്ലാ മനുഷ്യരെയും ധാർമ്മികമായി തന്റെ തലത്തിലേയ്ക്കു് നിർബ്ബന്ധപൂർവ്വം വലിച്ചിഴച്ചുകൊണ്ടുവന്നു് സംതൃപ്തനാവുകയാണു് റൂസ്സോ ചെയ്യുന്നതു്.

മനുഷ്യരെല്ലാവരും ചിലകാര്യങ്ങളിലെങ്കിലും നുണയന്മാരാണു്. വളരെയധികം കുറ്റകൃത്യങ്ങൾചെയ്തുപോയിട്ടുണ്ടെന്നു് ഏറ്റുപറയുമ്പോൾപോലും, സാധാരണമനുഷ്യർ ചെയ്യാൻ ധൈര്യപ്പെടാത്ത കാര്യങ്ങൾ ചെയ്തതിന്റെപേരിൽ സ്വയം അഭിനന്ദിക്കുകയാണു് അവർ ചെയ്യുന്നതു്. നേരെ മറിച്ചു്, താൻ മുറിഞ്ഞകൈയിൽ ഉപ്പുതേയ്ക്കാത്ത അരുപിക്രൂരനാണെന്നോ, ഭീരുവാണെന്നോ, പൊങ്ങച്ചം പറയുന്നവനാണെന്നോ ആരും ഏറ്റുപറഞ്ഞതായി കേട്ടിട്ടില്ല. സമൂഹത്താൽ അംഗീകരിക്കപ്പെടണം എന്ന അഭിവാഞ്ഛയാണു് ആത്മകഥാകഥനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നതു്.

ഏറ്റുപറച്ചിൽ എപ്പോഴും, തന്നിൽ നിഹിതം ഉയർന്നുനിൽക്കുന്ന തന്നേക്കാൾ വലുതായ, ഒരിന്റെമുമ്പാകെയാണു നടക്കുന്നതു്. ഏതു വ്യക്തിക്കും തന്നെക്കാൾ വലുതായ ഒരു ധാർമ്മികമാനദണ്ഡംവച്ചേ സ്വയം അളക്കാൻ കഴിയൂ. സെൻറ് ഗസ്റ്റിൻ ദൈവത്തിന്റെ മുമ്പിൽ ആത്മാവിനെ ഉറപ്പിക്കാണിക്കുന്നു. റൂസ്സോയെപ്പോലെ, ധാർമ്മികതയുടെ മണ്ഡലത്തിൽ എല്ലാവരേയും സമന്മാരാക്കി ഒരു പാർലിമെൻറ് റിസമ്പ്രദായം സൃഷ്ടിക്കാൻ അദ്ദേഹം ഉദ്യമിക്കുന്നില്ല. റൂസ്സോ ദൈവത്തെപ്പോലും ജനായത്തവ്യവസ്ഥയുടെ ഒരു ഭാഗമാക്കിക്കളഞ്ഞു് തനിക്കനുകൂലമായ ഒരു വിധിപറയാൻ വിധികർത്താവിനെ റൂസ്സോ നിർബ്ബന്ധിക്കുന്നു റൂസ്സോയുടെ ന്യായാധിപനേക്കാൾ സ്വതന്ത്രനും, കണിശമായും കർക്കശമായും വിധിപറയാൻ കഴിവുള്ളവനുമായ ഒരു ദൈവത്തിന്റെമുമ്പിലാണു് സെൻറ്ഗസ്റ്റിൻ ഏറ്റുപറയുന്നതു്. പാപപുണ്യങ്ങൾ പരസ്പരം ഉദ്ഭാക്കപ്പെടുന്ന ഒരു പാർലിമെൻറ് സംവിധാനത്തിൽ എല്ലാവരും ഒരുപോലെ നല്ലവരും ഒരുപോലെ മോശക്കാരും ആണു്. ദൈവംപോലും റൂസ്സോയിൽനിന്നും വ്യത്യസ്തനല്ല. ഭോഗലാലസയിൽ മുഴുകി യൗവ്വനം പാഴാക്കിയതിൽ അകംനൊന്തു്, തന്റെ പാപക്കറ പരസ്യമായി കഴുകിക്കളഞ്ഞു് ഔഗസ്തിന്റെ അനന്തരമായ ക്രൂശാവർത്തിച്ചിന്തകൾ എന്നിലുണ്ടായിട്ടുണ്ടു്; ചെയ്യരുതാത്തതു ചെയ്യാൻ ആഗ്രഹിച്ചിട്ടുണ്ടു്" എന്നൊക്കെ പറയുമ്പോൾ അതു വെറും പ്രസിദ്ധിനേടാനുള്ള ട്രിക്കു്മാത്രമായി കാണണം എന്ന നിർബ്ബന്ധം മര്യാദയുടെ ചോന്നതാണോ? മനുഷ്യനു് അവനെപ്പറ്റിത്തന്നെയുള്ള സത്യം മറ്റുള്ളവരോടു പറയാനുള്ള സ്വാതന്ത്ര്യമുണ്ടു്. അതിനു് അവനെ അനുവദിക്കുന്നതുകൊണ്ടു് അലിഞ്ഞില്ലാതാവുന്നതല്ല യഥാർത്ഥ ധാർമ്മികത. എസ്റ്റാബ്ലിഷ്മെൻറിനെ സംത്രസിപ്പിക്കുന്ന ഒന്നാണു് നിലവിലിരിക്കുന്ന ലൈംഗികാചാരങ്ങളെ തൊട്ടുകളിക്കുന്ന ഏറ്റുപറച്ചിലുകൾ. (Private Vises, Public Virtues.) "രഹസ്യപാപങ്ങൾ, പരസ്യപുണ്യങ്ങൾ" എന്ന തന്റെ ചിത്രം ഇക്കഴിഞ്ഞ കാനേ ചലച്ചിത്രമേളയിൽ അവതരിപ്പിച്ചുകൊണ്ടു് ഹംഗേറിയൻ സിനിമാസംവിധായകൻ മിക്ലോസ് യാൻക്സോ Miklo Jankso പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയമാണു്. "ലൈംഗികത ഗൗരവാവഹമായ ഒരു പ്രശ്നമാണു് രാഷ്ട്രീയമായ ഒരു പ്രശ്നമാണു്" അതെന്നെക്കൂടി ഞാൻ പറയും...മനുഷ്യനെ സ്വതന്ത്രനാക്കുന്ന, ക്രിയാത്മകമായ ഒരു ജീവിതയാഥാർത്ഥ്യമാണു് ലൈംഗികത. വ്യക്തിസ്വാതന്ത്ര്യത്തെ കടിഞ്ഞാണിട്ടുപിടിക്കുന്ന ശക്തികൾ ലോകത്തിന്റെവിടെയും ലൈംഗികതയുടെകാര്യത്തിൽ കാപട്യത്തിന്റെ മുഖമുദ്രയണിയുന്നു.

തന്റെ ആശയാടിലാഷങ്ങൾക്കു മുമ്പിൽ നിൽക്കുന്ന വിലങ്ങുതടിയാണു് സമൂഹം എന്ന മനുഷ്യസങ്കൽപമാണു് സാമൂഹ്യമനുഷ്യന്റെ ജീവിതാചാരങ്ങൾക്കെതിരായി ഉയരുന്ന അപകടങ്ങളുടെ ഉറവിടം. സമൂഹത്തിനു് അപകടകാരിയായ മനുഷ്യനെപ്പറ്റി ചിന്തിക്കുമ്പോൾ മനസ്സിൽ വരുക അവന്റെ ബൗദ്ധികമോ വൈകാരികമോ ആയ വശമല്ല പ്ര



ജോൺമാർക്ക് ചക്കാലക്കൽ

തൃത അവന്റെ ലൈംഗികമായ മാനമാ (dimension) ണ്. സമൂഹം ഭയപ്പെട്ട കയും എതിർക്കയും ചെയ്യുന്ന ക്ലൃതൽ സമൃദ്ധമായ ഒരു വൈയക്തികജീവിതത്തിനു വേണ്ടി വാദിക്കുന്നതു് മനുഷ്യനിലെ രതി (Eros) ആണ്. ലൈംഗികതയിൽ നിന്നയിരെട്ടക്കുന്ന ശക്തികൾക്ക് ഒരു ഉന്നത സ്ഥാനം കണ്ടുപിടിക്കാനും, അവയെ വഴി തിരിച്ചു വിടാനും ആണ് സമൂഹം എപ്പോഴും ബദ്ധശ്രദ്ധമായിരിക്കുന്നതു്: ഷരസ്യനഗ്നതയും ആത്മകഥകളിലെ ലൈംഗികജീവിതസ്പർശിയായ പരാമർശങ്ങളും അസഭ്യപദങ്ങളും (Fourletter words) സമൂഹത്തിന്റെ ഉൽക്കടങ്ങളായ ഭീതികളെയും ഉണർത്തിവിടുന്നതു് എന്തു കൊണ്ടാണെന്നു മനസ്സിലാക്കാൻവിഷമമില്ല. സമൂഹസൗധം പണിയപ്പെട്ടിരിക്കുന്നതു് ഇത്തരം ഉൽക്കണ്ഠകളുടെയും ഭീതികളുടെയും നിഷേധാത്മകമൂല്യങ്ങളിന്മേലാണെന്ന ആധുനികാവബോധംഭ്രാന്തായിഡിന്റെ സംഭാവനയാണ്. സംസ്കാരം വ്യക്തിയിൽ നിന്നു് ആവശ്യപ്പെടുന്നതു അനുസരണവും മനുഷ്യന്റെ ആഴത്തിൽ സദാ ജാഗ്രത്തായി പ്രവർത്തിക്കുന്ന അഭിലാഷങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തെ പറ്റിയുസ്സോ എഴുതിയിട്ടുണ്ടല്ലോ:

ആത്മകഥകളിൽ കാണുന്ന സ്വകാര്യജീവിതത്തെപ്പറ്റിയുള്ള ആഖ്യാനങ്ങൾ സമൂഹമനസ്സാക്ഷിയിൽ ഏൽപിക്കുന്ന ആഘാതങ്ങൾ ഒരളവുവരെ ആരോഗ്യപ്രദമാണ്. വസ്തുധാരണരീതിയിൽ പ്രത്യക്ഷപ്പെടുന്ന ചെറിയൊരു നവീനതപോലും കട്ടുത്ത വിമർശനങ്ങളും പരിഹാസജല്പനങ്ങളും ഇളക്കിവിടാറുണ്ട് മതത്തിന്റെ മേഖല ഇത്തരം കോലംതുള്ളലുകളുടെ രംഗഭൂമിയാണ്. കൈമുട്ടുവരെ ഇറക്കമുള്ള ബ്ലൗസിടാതെ പള്ളിയിൽ വരുന്ന യുവതികളെ തെറിപറഞ്ഞോടിക്കുന്ന കത്തോലിക്കാ വൈദികരുടെ മതതീക്ഷ്ണതയുടെ അടിയിൽ യഥാർത്ഥമതവിശ്വാസമല്ല, അനുനിമിഷം ഇടിഞ്ഞുവീഴുന്നുവെന്നു് അവർ ഭയപ്പെടുന്ന ഒരു ധാർമ്മികവ്യവസ്ഥിതിയെക്കുറിച്ചുള്ള വന്ധ്യദുഃഖവും കോപവുമാണ്. ഒരുതരം അന്ധവിശ്വാസമാണതു്.

പാശ്ചാത്യനാട്ടുകളിൽ ഇക്കഴിഞ്ഞ രണ്ടു

(ശേഷം 31-ൽ)

പുരപ്പുറത്തുനിന്നും, വൃക്ഷശിഖരങ്ങളിൽ നിന്നും, നീലാകാശത്തുനിന്നും അഭയാർത്ഥികൾ ഇറങ്ങിവന്നു. കന്നിൻ പുറത്തിരുന്നു് ഹെലികോപ്റ്റർ വിളമ്പിയ സദ്യയുണ്ടു. ഏമ്പക്കമിട്ടു. പിന്നിട്ടു് അവർ സർ ചാത്തുവിന്റെ പാദത്തിൽ വീണു കരഞ്ഞു:

തമ്പുരാൻ അടിയങ്ങളെ രക്ഷിയ്ക്കണം. പുരപോയി, വസ്തുംപോയി, പാത്രംപോയി. അടിയങ്ങൾ നിന്ദിതരും പീഡിതരുമായി ഭവിച്ചിരിക്കുന്നു.

അങ്ങിനെ ഭവിക്കയില്ല. സർ ചാത്തു പറഞ്ഞു– വൈത്തി, പുരനശിച്ചവർ ഇത്രയെന്നു് തലതൊട്ടെണ്ണുക.

അശ്രുദ്ധമാകാതിരിക്കാൻ വൈത്തി ഒരു മുളങ്കമ്പെടുത്തു് എല്ലാവരുടേയും തലയിൽ അടിച്ചുതുടങ്ങി. അവസാനം ആകത്തുക പറഞ്ഞു.



ആയിരത്തി പതിമൂന്നു്.

പുരവെയ്ക്കാൻ ക്ലൃതകുടുംബം മുന്നിനു് എന്തുവേണം?– ത്രിപുരദഹനത്തിൽ അവശേഷിച്ചവരോടു് സർ ചാത്തു ചോദിച്ചു.

ആൾക്കൂട്ടത്തിൽ മർമ്മരം. തേനീച്ചകൾ കൂടുവിട്ടിളകിയമാതിരി.

അവസാനം ഒരാൾ പറഞ്ഞു.

ഇരുപത്തഞ്ചുരൂപാവെച്ചെങ്കിലും വേണം, ഏമാൻ.

കുടിയൊന്നിനു് ഓലയ്ക്കും മുളയ്ക്കും കൂടി ഇരുപത്തഞ്ചു രൂപ്പികയോ?

തേനീച്ചകൾ മർമ്മരം നിർത്തി.

അതുവേണോ ശങ്കുണ്ണിവാരിയരേ? സർ ചാത്തു ചോദിച്ചു.

പതിനഞ്ചു രൂപയായാൽ ന്യായമായ സഹായധനമാവുമെന്നു് ശങ്കുണ്ണിവാരിയർ പറഞ്ഞു.

എന്നാൽ അതുകൊട്ടക്കാരനെന്നു് പ്രധാനമന്ത്രി ഉത്തരവായി.

ഈച്ചകൾ തേൻതൂവി.

മതിഏമാൻ. ദൈവംതമ്പുരാൻ അവിട്ടത്ത മുന്നിലും പിന്നിലുമുണ്ടാവും,

ദൈവം നമ്മെ അകമ്പടിസേവിച്ചുകൊൾകയും മറ്റും വേണ്ട. സർ ചാത്തു പറഞ്ഞു. ഈയിടെയായി നാമാണ് അദ്ദേഹത്തെ സംരക്ഷിച്ചുപോരുന്നത്.

ജനം, സർ ചാത്തു എന്ന കൂട്ടിച്ചാത്തനെ തൊഴുതു. അദൈവീകമാവുമെന്നതിനാൽ അദ്ദേഹം തിരിച്ചു തൊഴുതില്ല.

പിന്നെ പ്രധാനമന്ത്രി പറഞ്ഞു – ഉച്ചയ്ക്ക് അന്നാഹാരമായി. രാത്രിക്കോ?

പട്ടിണിയാണ്, ഏമാൻ.

ഒരാഴ്ചത്തെ സൌജന്യറേഷനും അനുവദിയ്ക്കാം. എന്താ വാരിയർ?

വിശേഷമായി.

ക്രമാനുസൃതമായി ജനം ഒരു വീർപ്പ് കരഞ്ഞു.

സർ ചാത്തു പേഷ്കാരോടു് പറഞ്ഞു. ഇപ്പോൾ കല്പിച്ചതെല്ലാം ഉടനടി ചെയ്ക. പണത്തിനും പണം. ഭക്ഷണത്തിനു് സൌജന്യ റേഷനും.

പേഷ്കാൻ തലചൊറിഞ്ഞു:

സർ ചാത്തു വാസ് ഇറിറേറർറസ്.

(ചാത്തവനെ പൊട്ടൻ കടിച്ചു.)

വി കെ എൻ

എന്താ, തലയിൽ പേരുണ്ടോ പേഷ്കാൻ?

അതല്ല, സർ. ഇന്നതന്നെ വേണോ?

ഈ നിമിഷം.

ചട്ടത്തിൽ ചില ഭേദഗതി വരുത്താനുണ്ട്. ആദ്യമായി, പ്രദേശം പ്രളയബാധിതമായി പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു.

മാറുവിൻ ചട്ടങ്ങളെ! സർ ചാത്തു പ്രഖ്യാപിച്ചു.

നാളെ...

തന്റെ വാക്കിങ്ങ്സ്റ്റിക്ക് പേഷ്കാനു നേരെ ചൂണ്ടി സർ ചാത്തു ചോദിച്ചു— ജീവിതത്തിനു് ചിട്ടവേണം. മരണത്തിനു് ചട്ടമുണ്ടോ?

വേദാന്തം പഠിക്കാത്ത കുന്തമായതിനാൽ പേഷ്കാൻ പറഞ്ഞു:

ഇല്ല, സർ.

കല്പന നാം ആവർത്തിക്കണോ?

വേണ്ട, സർ.

പേഷ്കാൻ തഹശ്യാന്റെ ചെവിയിൽ

ലെന്തോ മന്ത്രിച്ചു. ടിയാൻ ഓട്ടാൻ തുടങ്ങിയപ്പോൾ സർ ചാത്തു പറഞ്ഞു:

നില്ല്.

വാനരമന്റെ വാൽ പൂഷ്യത്തിൽ തിരുകി തയ്ശ്യാൻ തിരിച്ചുവന്നു.

എവിടെ പോകുന്നു?

എറണാകുളത്തേയ്ക്ക്, സർ.

എന്തിനുപോകുന്നു?

ഖജനാവിൽനിന്ന് പണം കൊണ്ടുവരാൻ.

ഇവിടെ താലൂക്ക് ഖജനാവിൽ പണമില്ലേ?

ഉണ്ട്, സർ.

പിന്നെന്തിനാണ് അച്ചിയെ കാണാൻ കൊച്ചിയ്ക്കുപോകുന്നു?

ഇന്ന് ഞായറാഴ്ചയാണ്, സർ, താലൂക്ക് ഖജനാവ് അടച്ചിട്ടിരിക്കയാണ്. കൊച്ചിയിലാണെങ്കിൽ കച്ചേരി എന്നും തുറന്നിരിക്കും.

ഇവിടത്തെ ഖജനാവിന്റെ വാതിൽ താക്കോലിട്ട് തിരിച്ചാൽ തുറക്കില്ലേ?

ഉവ്വ്, സർ.

എല്ലാ വാതിലുകളും തുറക്കപ്പെടട്ടെ. സർ ചാത്തു കല്പിച്ചു—ഈ താലൂക്കിലെ ഖജനാവിൽനിന്നുതന്നെ പണമെടുത്ത് വിതരണംചെയ്ക. ഇപ്പോൾ ഇവിടെ എന്റെമുമ്പിൽവെച്ച്.

ശരി, സർ.

തയ്ശ്യാൻ ഓടി,

പിന്നീട് സർചാത്തു തന്റെ പ്രൈവറ്റ്സെക്രട്ടറിയെ ഒരു ഭാഗത്തേയ്ക്ക് വിളിച്ച് സ്വകാര്യമായി പറഞ്ഞു:

വൈത്തി, ഈ പേഷ്കാരനും തയ്ശ്യാനും കോൺഫിഡഷ്യൽറെക്കാർഡുകൾ നാളെ എന്റെമുമ്പിൽ ഹാജരാക്കണം:

ശരി,

പിന്നെ, ഇന്നു കൊച്ചിയിലെത്തിയതും വൈത്തിക്ക് വേറൊരു പണിക്കൂടിയുണ്ട്.

എന്താണാവോ?

എക്കൌണ്ടന്റ് ജനറലിനെ രഹസ്യമായിച്ചെന്നു കാണുക. എന്നിട്ട്, ഇന്നത്തെ ധനസഹായവും ഇ:മാസത്തെ സർക്കാർജീവനക്കാരുടെ ശമ്പളവും കഴിച്ച്, സ്റ്റേറ്റിലെ വിവിധ ഖജനാവുകളിൽ ബാക്കി എത്ര തുക വരുമെന്നു എന്നോട്ട് വന്നു കണക്കു ബോധിപ്പിക്കാൻ പറക.

ശരി.

നാളെ പതിനൊന്നുമണിക്ക്, നേരിൽ.

ഓ.

ശങ്കുണ്ണിവാര്യരെ വിളിക്കൂ.

വാര്യരേ—സർചാത്തു പറഞ്ഞു. നാളെ ഉച്ചയ്ക്കുശേഷം രണ്ടുമണിക്ക് ഹജൂർ കച്ചേരിയിൽ വരാൻ പറയുമോ?

എന്താണിത്ര സംശയം? എത്രകാലമായി ഞാൻ ആ കച്ചേരി ഒന്നു കയറിയിറങ്ങിയിട്ട്?

ചെന്താമര പിഷാരടിയേയും വിവരമറിയിക്കണം.

ഞാൻ വിളിച്ചുകൊണ്ടുവരാം.

എന്നാൽ ഞാൻ പോകട്ടെ?

ഇതുപോലെ ദ്രുതമായി ദുരിതാശ്വാസം സംഘടിപ്പിക്കാൻ അങ്ങയ്ക്കു കഴിയുമോ—വാര്യർ പറഞ്ഞു. എന്താണ് പറയേണ്ടതെന്നറിയുന്നില്ല. വാക്കില്ല.

സർചാത്തു ചിരിച്ചുകൊണ്ട് വെള്ളത്തിലിറങ്ങി.

പ്രധാനമന്ത്രി തമ്പുരാന് ജയ്! എന്നു ജനം വിളിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം തിരിഞ്ഞുനിന്നു

ശബ്ദിച്ചുപോകരുത്. കോർട്ടലക്ഷ്യമാവും. ജഡ്ജിമാർ പതിമൂന്നണ്ണവും പണിനിന്നില്ലാതെ ഇരിപ്പാണ്. അവരെയെ കൂടിയിറക്കിയാൽ ആ കൊട്ടാരമെങ്കിലും ഒഴിഞ്ഞുകിട്ടും.

പിറേന്നു് കൃത്യം പതിനൊന്നുമണിക്ക് എക്കൌണ്ടന്റ് ജനറൽ പ്രധാനമന്ത്രിക്കു മുമ്പിൽ ഹാജരായി. ഖജനാവിലെ തിരുശേഷിപ്പിന്റെ കണക്ക് അദ്ദേഹത്തിനു സമർപ്പിച്ചു.

അഞ്ചുകോടി അമ്പത്തിമൂന്നലക്ഷത്തി എൺപതിനായിരം രൂപയും ചില്ലറയുമുണ്ട്.

ഇതുകൂടി തിന്നാൽ ഖജനാവ് കാലി, അല്ലേ?—സർചാത്തു ചോദിച്ചു,

തീർച്ചയും, സർ.

ശരി. വൈകുന്നേരം നാലുമണിക്ക് എന്നെ വീണ്ടും വന്നു കാണുക.

നാൾവഴി കൊണ്ടുവരണോ, സർ?

വേണ്ട, എക്കൌണ്ടന്റ് വന്നാൽമതി.

ഞാനോ?

അതെ.

ജനറൽക്കുടിയുണ്ട്, സർ.

അതു മറന്നേയ്ക്കൂ.

പേഷ്കാരനേയും തയ്ശ്യാനേയും കോൺഫിഡൻഷ്യലുകളുമായി വൈത്തി വന്നു.

രേഖകൾ വായിച്ചുശേഷം "ഇഫറ അപ്രാപ്തർ" എന്നു് സർ ചാത്തു അതിൽ കുറിപ്പെഴുതി.

പേഷ്കാരനേറ ശമ്പളക്കയറ്റത്തിൽ ഒന്നും രണ്ടു ഗഡുവും തയ്ശ്യാനേറതിൽ ഒന്നും തടഞ്ഞുകൊണ്ട് വേറേയും ഉത്തരവായി.

പരിഷകളെ അന്യനാട്ടുകളിലേയ്ക്കു മാറ്റുകയുംചെയ്തു. അവരുടെ ഉദ്യോഗക്കയറ്റം എക്കാലത്തേയ്ക്കും തടഞ്ഞുംവെച്ചു.

ഫയലുകളുമായി മടങ്ങുമ്പോൾ വൈത്തി സ്വയം പറഞ്ഞു: ദിനാന്ധേ മസാക്കർ.

(തിരുവിതാംകൂർചരിത്രകാലം.)

(തുടരും)

—o—

(28-ൽ നിന്നു തുടർച്ച)

ദേശാഭിമാനികളായി വന്നു ചേർന്നിരിക്കുന്ന ഓരോരുത്തരുടെയും പ്രധാനമായുള്ള ലക്ഷ്യങ്ങൾ തെരഞ്ഞെടുത്തിരിക്കുന്ന ഹിപ്പി, ബീറ്റ്നിക് തുടങ്ങിയ നവീനജീവിതശൈലികൾ. നോവലെഴുത്തുകാരും കവികളും, നാടകകൃത്തുക്കളും മനുഷ്യന്റെ ലൈംഗികജീവിതത്തിനു നൽകുന്ന പ്രാധാന്യം ഇതിന്റെ ഒരു ഭാഗം മാത്രമാണ്. യുവാക്കളിൽ ഇന്ദ്രിയപരമായ പ്രകോപനം ഉണ്ടാക്കി ചരക്കു വിറ്റഴിയ്ക്കാനുള്ള കുടുമനസ്ഥിതിയിലുള്ളതിരുമുഖം അവിടങ്ങളിലെ യുവജനങ്ങൾ ബോധവാന്മാരായിക്കൊണ്ടിരിക്കുന്നു, ലൈംഗികമായ അടിമുഹൂർത്തവ്യവസ്ഥിതിയെ അടിപൂട്ടിക്കുകയോ, ബലഹീനമാക്കുകയെങ്കിലുമോ ചെയ്യുകയാണ് അവരുടെ ഉദ്ദേശ്യം. ഒരു ധാർമ്മികദൗത്യം നിർവ്വഹിക്കുന്ന തീക്ഷ്ണതയും അർപ്പണമനോഭാവവും ഇക്കാര്യത്തിൽ അവർ പ്രദർശിപ്പിക്കുന്നു. ആത്മകഥകളിലെ ആഭാസങ്ങളെന്നു തോന്നിപ്പിക്കുന്ന പ്രസ്താവനകൾ മനുഷ്യരെ ചിന്തിക്കുന്നു പ്രസ്താവനകൾ, ആ പ്രയത്നം വൃഥാവിലായിട്ടില്ല.

(അവസാനിച്ചു)

—o—

നാലു

ക്ഷീവിവരക്കുറികളുള്ള ആൽത്തറയിലെ തിട്ടപ്പുറത്തുകയറിയിരുന്നു മനസ്സിന്റെ സമനില വീണ്ടെടുക്കേണ്ടിയിരിക്കുന്നു. പച്ചപ്പിനെപ്പോലെ കൊഴുത്തുകിടന്ന അമ്പലക്കുളത്തിലെ ജലപ്പരപ്പിൽ ലക്ഷ്യമില്ലാതെ കല്ലുകൾ എറിഞ്ഞുകൊണ്ടിരുന്നു. ശൈവവിഭൂതിയുടെ മാദകഗന്ധം! അവളുടെ മൃദുമേനിയുടെ ഊഷ്മളത! ആ അധരങ്ങളുടെ മാധുര്യം! പാമ്പുകൾപോലെ തന്റെ ശരീരത്തിൽ ഇഴഞ്ഞു് ചുറ്റിപ്പിടിക്കുന്ന കരങ്ങളുടെ സ്പർശനസുഖം! ഇവയൊക്കെ ഇനി ഓർമ്മകൾമാത്രം! ഹൃദയത്തിൽ തീക്കനൽ കോരിയിട്ടുന്ന ഓർമ്മകൾ! വയ്യ! മനുഷ്യനു് സഹിക്കാവയ്യാ, ഈ ഓർമ്മകളിൽനിന്നു് രക്ഷപ്പെടേ മതിയാവൂ, മോചനത്തിന്റെ മാർഗ്ഗമേതാണു്! പെട്ടെന്നാണു് വക്കീഷോപ്പിൽ കുടക്കുടുടെ വരാറുള്ള ലഖ്നൗക്കാരൻ ഠാക്കൂർസാഹിബിന്റെകാര്യം ഓർത്തതു്. പെൻഷൻപറ്റി നാട്ടിൽ പോകുമ്പോൾ കാറോടിച്ചുപോകാൻ ഒരു മെക്കാനിക്കിനെ വിട്ടുകൊടുക്കാമോ എന്നു് മുതലാളിയോടു് തിരക്കിയതാണു്. ആ ജോലി സ്വയം ഏറ്റെടുത്തു. പക്ഷേ, ഠാക്കൂർസാഹബിനെ ലഖ്നൗവിൽ എത്തിച്ചിട്ടു് തിരിച്ചു പോരുമ്പോഴേയ്ക്കു് അദ്ദേഹത്തിന്റെ ഗ്രൂപാർശയിൽ ഒരു ജോലി നേടിയെടുക്കാൻ കഴിഞ്ഞതും ഭാഗ്യമായി. എല്ലാംസംഭവിച്ചിട്ടു് വർഷങ്ങൾ പലതായിരിക്കുന്നു. ശൈൽവിയെക്കുറിച്ചുള്ള ഓർമ്മകൾ തുടച്ചുവിച്ചുകഴിഞ്ഞിരിക്കുന്നു, എ

സാറാതോമസ്

ന്നിട്ടും സ്ത്രീകളോട് തോന്നിയ കൗതുകത്തിന് മാറ്റമുണ്ടായിരുന്നില്ല, മാറ്റം സംഭവിക്കുമെന്ന് കരുതിയതുമല്ല. എന്നിട്ട് അനേകവർഷങ്ങളുടെ ഒരു ദീർഘകാലയളവിനുശേഷം ഭൂതകാലത്തിന്റെ ഒരുപിടി ഓർമ്മകൾ ഉണർത്തിവിട്ട തന്റെ ചിന്താമണ്ഡലത്തിൽ എത്തിക്കുടിയ ഈ പെൺകുട്ടി—? സ്വയം അപഗ്രഥിക്കാനുള്ള ശ്രമം പരാജയപ്പെട്ടതേയുള്ളൂ.

ശ്രീദേവിയെ കണ്ട് പരിചയം പുതുക്കിയിട്ട് ആഴ്ചകൾ രണ്ട് കഴിഞ്ഞിട്ടും അവൾ തന്നെ ഫോണിൽ കുടിയെങ്കിലും തിരക്കിയില്ലല്ലോ എന്നുള്ള നേരിയ മനസ്താപം ഹൃദയത്തിന്റെ ഒരു കോണിൽ തലപൊക്കിതുടങ്ങിയിരുന്നു. വീണ്ടും കാണണമെന്ന ആഗ്രഹംപ്രകടിപ്പിച്ചതു് ലോഹ്യത്തിനുവേണ്ടി മാത്രമാണെന്നും അതിൽ കവിഞ്ഞു് ഒരു സൗഹൃദബന്ധം അവളിൽ നിന്നും പ്രതീക്ഷിക്കുന്നതു് വിഡ്ഡിത്തമാണെന്നും ബോദ്ധ്യമായിരുന്നെങ്കിലും!

ഒരു ശനിയാഴ്ച ദിവസമാണു്. ഞായറാഴ്ച ഒഴിവായതുകൊണ്ടു് അന്നു് തന്നെ ശരിപ്പെടുത്തി കൊടുക്കേണ്ട ഒരു കാറിന്റെ പണിയിൽ മുഴുകിയിരിക്കുകയായിരുന്നു. ഫോൺകോൾ ഉണ്ടെന്നു് ബൻസിലാൽ പറഞ്ഞപ്പോൾ കാടുമയായിരിക്കും എന്നാണു് കരുതിയതു്. റിസീവർ ചെവിയോടു് ചേർത്തപ്പോൾ ഒരു സ്ത്രീ ശബ്ദം:

"ക്യാ അനന്ത് ഖന്ന ഹൈ?"

സംശയത്തോടെയാണു് മറുപടി പറഞ്ഞതു്.

ഇനി ശ്രീദേവി ആയിരിക്കുമോ?

മറവിത്തലയ്ക്കുൾ കുസൃതിച്ചിരി.

"എന്താ ഒരു സംശയംപോലെ. എന്നെ മറന്നോ.

"ഇല്ല, ഇല്ലാ, ഹിന്ദിയിൽ പറഞ്ഞതുകൊണ്ടു്" കൂടുതൽ വിശദീകരണത്തിനു മുതിർന്നില്ല.

"അനന്തനെ പിന്നെ കണ്ടതേയില്ലല്ലോ: ഇന്നു് സൗകര്യമുണ്ടെങ്കിൽ ഇതുവരെ വരാമോ."

കാറിന്റെ പണി വളരെയധികം ബാക്കി കിടക്കുകയാണു്. എല്ലാം ശരിയാക്കിയിട്ടു് ഫോൺചെയ്യാമെന്നാണു് കാടുമയോടു് പറഞ്ഞിരുന്നതു്.

"എന്താ അത്യാവശ്യമാണെങ്കിൽ..."



"ഇല്ല, ഒന്നും ഇല്ല, ഇപ്പോൾ തന്നെ പുറപ്പെടുകയായി."

വീണ്ടുവിചാരം ഇല്ലാതെ എത്ര എളുപ്പമാണു് നാക്കിന്റെ തുമ്പത്തു് വാക്കുകൾ എത്തിയതു്. എന്തിനാണു് വിളിച്ചതു് എന്നു് തിരക്കാൻകൂടി വിട്ടുപോയി. പെട്ടെന്നു് ചുമതലാബോധം ഉണർന്നു. ബൻസിലാലിനെ വിളിച്ചു് പറഞ്ഞു. "സേത്ജി വിളിച്ചാൽ ഇന്നു് രാത്രി എത്ര താമസിച്ചാലും വണ്ടി നന്നാക്കി ഏൽപ്പിക്കുമെന്നു് പറഞ്ഞേക്കൂ."

ഒട്ടും നേരം കളയാതെ തന്നെ സൈക്കിൾ ചവിട്ടി വീട്ടിൽ എത്തി.

നവംബർമാസത്തിലെ തണുപ്പിനെ അവഗണിച്ചു് ചുട്ടവെള്ളം അനത്താൻ മിനക്കെടാതെ കുളിനടത്തി. തലചീകാനായി കണ്ണാടിയിൽ മുഖം നോക്കി.

മേൽച്ചുണ്ടു് കവിഞ്ഞുനിൽക്കുന്ന കപ്പടാമീശ. കത്രിക എടുത്തു് മീശയുടെ വലിപ്പം കുറച്ചു്. കാഴ്ചയ്ക്കു് അല്പംകൂടി മെച്ചപ്പെട്ടിരിക്കുന്നു എന്നുള്ള സംതൃപ്തിയോടെ മെഡിക്കൽ കോളേജു് കാമ്പസിലേക്കു് തിരിച്ചു. കണ്ടയുടൻ ശ്രീദേവി അഭിപ്രായം പാസാക്കിയതും മീശയെ കുറിച്ചാണു്.

"അന്നു് കണ്ട അനന്തനല്ലല്ലോ. മീശയ്ക്കു് എന്തുപറ്റി. പഴയ മീശയായിരുന്നു ചേർച്ച. കൊള്ളക്കാരൻ മാൻസിംഗിന്റെ കൂട്ടുകാരനെപ്പോലെ—"

അവൾ കൂട്ടുകൂടെ ചിരിച്ചപ്പോൾ ആത്മാശയിൽ പങ്കുകൊള്ളാതിരിക്കുവാൻ കഴിഞ്ഞില്ല.

ഇളിഭ്യതയോടെ മീശയിൽ തടവിപ്പോയി. സുന്ദരനാകാനുള്ള ശ്രമം വേണ്ടിയിരുന്നില്ല. അങ്ങനെയെങ്കിൽ ശിവരാത്രിചെയ്യാൻ പോലും സൗകര്യം തോന്നും. ശ്രീദേവിയാണു് വീണ്ടും ശ്രദ്ധാകേന്ദ്രം ഇങ്ങിനിയുണ്ടു്.

"അനന്തനെ പിന്നെ ഇടയ്ക്കിടെ കണ്ടിട്ടില്ലാലോ. മൃതിയായാലും പഴയ സ്വാതന്ത്ര്യം ഉപയോഗിച്ചു് ഒന്നു് ശല്യപ്പെടുത്താമെന്നുതന്നെവെച്ചു. എനിക്കു് റെയിൽവേ സ്റ്റേഷനിൽനിന്നും ഒരു പാർസൽ എടുക്കണം. പരീക്ഷയടുത്തതുകൊണ്ടു് കൂട്ടിനായി മറുള്ളവരെ ബുദ്ധിമുട്ടിക്കുവാൻ ഒരു വിഷമം. അപ്പോഴാണു് അനന്തൻ ഇവിടെയുണ്ടല്ലോ എന്നോർത്തതു്. അനന്ത

നു് സൗകര്യമുണ്ടെങ്കിൽ എന്റെ കൂടെ ഒന്നു് വരാമോ.

"ഞാനോ?" ആരെങ്കിലും കണ്ടാൽ—!" അനന്തന്റെ മുഖത്തു് സംഭ്രമമായിരുന്നു. "എന്താ, അനന്തനു് മടിയുണ്ടോ. ഓ, ഞാൻ ഓർത്തില്ല. ഇനി അനന്തൻ വിവാഹിതനോ മറ്റോ ആണോ.

"ഇല്ല. അതൊന്നുമല്ല. എന്നെഓർത്തല്ല പറഞ്ഞതു്.— തെക്കെ മഠത്തിലെ "

"അതു് നാട്ടിലല്ലേ, — ഇവിടെ അതു് വല്ലതും നോക്കാനുണ്ടോ? നമുക്കു് ഇപ്പോൾതന്നെ പുറപ്പെടാം. അഞ്ചരയുടെ ബസ്സു് കിട്ടിയാൽ ഏഴരയ്ക്കുമുൻപു് തിരിച്ചു് എത്തുകയും ചെയ്യാം."

വളരെ സങ്കോചത്തോടെ ശ്രീദേവിയുടെ പുറകിലേക്കു് മാറിയാണു് അനന്തൻ നടന്നതു്. തെളിവാൻ മിഴികളിൽ കൗതുകവും. ചുണ്ടുകളിൽ റോസാദളങ്ങളുടെ മന്ദസ്മിതവുമായി പ്രസന്നതയുടെ പര്യായംപോലെയുള്ള ഈ പെൺകുട്ടിയും താനും ഒന്നിച്ചു് നടക്കുന്നതിൽപോലും എന്തോ പൊരുത്തക്കേടുള്ളതുപോലെ? ആശങ്കയോടെ നാലുപാടും നോക്കി ആരും തങ്ങളെ ശ്രദ്ധിക്കുന്നില്ലെന്നു് കണ്ടപ്പോഴാണു് തെല്ലൊരു ആത്മവിശ്വാസം തോന്നിയതു്.

"അനന്തനെന്താണു് ഒന്നും മിണ്ടാത്തതു്. ആകെ മിനക്കേടായി എന്നു് തോന്നുന്നുണ്ടാവും!"

"എന്തു് മിനക്കേടാണു്, ജോലികഴിഞ്ഞുള്ള സമയം കഴിച്ചു് കൂട്ടാനാണു് ബുദ്ധിമുട്ടു്!"

"അപ്പോൾ, എന്തെങ്കിലും ആവശ്യം ഉള്ളപ്പോൾ ധൈര്യപൂർവ്വം വിളിയ്ക്കാമല്ലോ."

"തീർച്ചയായും."

"സത്യത്തിൽ മടിച്ചു് മടിച്ചാണു് അനന്തനെ വിളിച്ചതു്. തനിച്ചു് ഇതുവരെ സിറ്റിയിൽ പോയിട്ടില്ല ഒരു പുരുഷന്റെകൂടെ മാറ്റാരു് പോകുന്നതും ഇതാദ്യമായിട്ടാണു്. "ഇവിടെ നടക്കുന്ന ചില കഥകൾ കേട്ടു് കഴിഞ്ഞാൽ ആരേയും വിശ്വസിക്കാൻ ധൈര്യം വരില്ല " അനന്തന്റെ കാര്യത്തിൽഅത്തരം പേടികളൊന്നും വേണ്ടല്ലൊ!

അപ്പോൾ തന്റെകൂടെ പുറപ്പെടാൻ തയ്യാറായതു്? തന്നിൽ വിശ്വാസം തോന്നിയിട്ടല്ലേ. അനന്തനു് അഭിമാനംതോന്നി. "ഇത്ര പെട്ടെന്നു് എന്നോടു വിശ്വാസം തോന്നിയെന്നോ—"

മനസ്സിൻ നിറഞ്ഞുവന്ന സംതൃപ്തിയിൽ അത്രയും പറഞ്ഞുപോയി: അവൾ പൊട്ടിച്ചിരിച്ചു.

"ഇത്ര പെട്ടെന്നോ? അപ്പോൾ പഴയ പരിചയം അനന്തൻ പാടെ തുടച്ചുമായിച്ചു എന്നാണോ?"

"അല്ല, അങ്ങനെയല്ല. പഴയ പരിചയം ഒക്കെ ഓർക്കുന്നവർ പുരുക്കമല്ലേ"

"എന്നെയും ആ കൂട്ടത്തിൽ ഉൾപ്പെടുത്തിയില്ലെ."

അനന്തനു് വാക്കുകൾ മുട്ടിപ്പോയിരുന്നു. മുഖത്തെ പരുങ്ങൽ കണ്ടിട്ടാവണം അവൾ കളിമട്ടിൽ പറഞ്ഞു. "സാരമില്ല ഈ പ്രാവശ്യത്തേയ്ക്കു ഞാൻ ക്ഷമിച്ചിരിക്കുന്നു." അനന്തൻ ചിരിച്ചുപോയി. മനസ്സിനു് ഉത്സാഹഭാവം കൈവന്നിരുന്നു.

അവളോടൊപ്പം വാചാലനാകാൻ കഴിഞ്ഞില്ലെങ്കിലും സംഭാഷണത്തിൽ ഉത്സാഹത്തോടെ പങ്കുകൊണ്ടു. വാസ്തവത്തിൽ വർഷങ്ങൾ കൂടിയാണു് അത്യധികം ഒന്നിച്ചു് സംസാരിക്കുന്നതു്. തന്റെ വിവരങ്ങൾ ഒക്കെ എത്ര ഉത്സാഹത്തോടെയാണു് തിരക്കിയതു്. തന്റെ ദൈനംദിനജീവിതത്തെപ്പറ്റി കേട്ടപ്പോൾ അത്ഭുതമായിരുന്നു.

"അനന്തൻ ഇങ്ങനെ തനിച്ചു് താമസിക്കുന്നതെന്തിനു്— വിവാഹംകഴിച്ചുകൂടെ" തന്റെ ഏകാന്തജീവിതത്തിനു് പ്രതിവിധി നിർദ്ദേശിക്കയാണു്. സ്ത്രീയെന്നോർക്കുമ്പോൾ തന്റെ ഉള്ളിലൊരു നടുക്കം! വേണ്ട ശ്രീദേവി അതൊന്നും ഒരിക്കലും അറിയേണ്ടതില്ലല്ലോ.

"തക്കതായ കല്യാണംഒക്കെ ശരിപ്പെട്ടു കിട്ടുണ്ടേ?"

"അതിനാണോ വിഷമം? ഞാൻ ഇന്നതെന്ന പൊന്നുമുണ്ണു് എഴുതാമല്ലോ—"

"വേണ്ട, വേണ്ട, അതൊന്നും വേണ്ട— അമ്മയെ ഭാരപ്പെടുത്തുന്നതു് എന്തിനു്" വളരെ നാളുകൾക്കുമുൻപുതന്നെ തനിക്കു് വിവാഹാലോചനകൾ നടത്തി അമ്മ മടുത്തുകഴിഞ്ഞിരിക്കുന്ന എന്നു് എങ്ങിനെ പറയും.

"ഇപ്പോഴത്തെ ജീവിതത്തിൽ അങ്ങിനെ മറ്റൊന്നും ഭതാനുന്നില്ല. വേണ്ട സ്വാതന്ത്ര്യം ഉണ്ടു്."

"അതു് വരട്ടെ—അനന്തനു് ചുമതലകൾകൂടാതെ ജീവിക്കണം അല്ലെ—അപ്പോൾ ഞാൻ ഇന്നു് കൂടെ വരണമെന്നു് ആവശ്യപ്പെട്ടതും ഒരു ഭാരമായിരിക്കുമല്ലോ—"

"ഇല്ല, ഒരിക്കലുമില്ല എങ്കിൽ എനിക്കെന്തെങ്കിലും കാരണംപറഞ്ഞു് ഒഴിയാമായിരുന്നല്ലോ. ഞാൻ പറഞ്ഞതു് സത്യമാണു്."

ശ്രീദേവി തെറ്റിദ്ധരിച്ചതിലുള്ള ഇച്ഛാഭംഗം അനന്തന്റെ മുഖത്തും വാക്കുകളിലും തെളിഞ്ഞിരുന്നു.

"ഞാൻ വിശ്വസിക്കുന്നു. അനന്തന്റെ മുഖം അതിനു തെളിവാണു്. പണ്ടും മനസ്സിലുള്ളതു് മുഖത്തു് കാണാതിരിക്കില്ല. ചിറ്റപ്പനോടു് പിണങ്ങിവന്നപ്പോൾ മുഖം വീർപ്പിച്ചുകെട്ടിയുള്ള ആ നിൽപ്പു്—" അവൾ ചിരിച്ചു.

"ഒന്നും മറന്നിട്ടില്ലെന്നു് തോന്നുന്നല്ലോ—"

"എങ്ങിനെ മറക്കാനാണു്? അനന്തനെ ദൂരെവെച്ചു് കാണുമ്പോഴേ കളിക്കാൻ കൂട്ടായല്ലോ എന്ന വിചാരമാണു്. അടുത്തെത്തി ആ വീർത്തമുഖം കാണുമ്പോൾ എങ്ങിനെ ശ്രുണ്ഠിവരുമെന്നോ?"

"എന്നോടാണോ?" അല്ല, അല്ല, അനന്തനെ പിണക്കിവിട്ടിന്ന ചിറ്റപ്പനോടു്—" രണ്ടുപേരും ഒപ്പം ചിരിച്ചുപോയി.

റെയിൽവേസ്റ്റേഷനിൽനിന്നും പാർസൽ എടുത്തു് പുറത്തുവന്നപ്പോൾ ശ്രീദേവി പറഞ്ഞു:

"നല്ല വിശപ്പു്, നമുക്കു് മദ്രാസി ഹോട്ടലിൽ കയറിയാലോ—അനന്തൻ അവിടെ പോകാറുണ്ടോ."

"ഇല്ല പോയിട്ടില്ല—വലിയ ഹോട്ടലുകളിൽ പോകാറില്ല. അതിനുള്ള സ്ഥിതിയുമില്ല."

"വലിയ ഹോട്ടലോ—ഇതാ, സ്റ്റേഷന്റെ പുറകവശത്തുള്ള ഈ ഇട്ടക്കു് വഴിയിൽ കഴുകന്റെറപോലെ പേടിപ്പിക്കുന്ന കണ്ണുകളുള്ള ഒരു മദ്രാസി പട്ടരുടെ ഇഡ്ഡലി-ദോശക്കട അത്രതന്നെ—ഞാനും രണ്ടുമൂന്നുപ്രാവശ്യമേ പോയിട്ടുള്ളൂ.

ടിക്കറ്റ് റിസേർവ്വുചെയ്യാൻ വന്നപ്പോഴാണു്. ആട്ടെ, അനന്തനു് മസാലദോശ ഇഷ്ടമാണോ." മനസ്സു് കരുനീക്കി

ഷം ചലനമറ്റു് നിന്നു. രാത്രിയുടെ അന്ത്യയാമങ്ങളിൽ ചെട്ടിയാരുടെ വരാന്തയിൽ തെരുവുവിളക്കിന്റെ മങ്ങിയവെളിച്ചത്തിൽ താനും ശെൽവിയും പങ്കുവെച്ചു് വിശപ്പോടെതിന്നുന്ന മസാലദോശയുടെ അന്നത്തെ രുചി! ഹോട്ടൽശാപ്പാടുംകഴിഞ്ഞു് മടങ്ങുമ്പോൾ അവൾക്കായി പ്രത്യേകം കരുതാറുള്ളതാണു്—ഇന്നതോർക്കുമ്പോൾ!

മദ്രാസ് കഫേയിലെ കനത്ത നീല കർട്ടനിട്ട ഫാമിലി റൂം. മേശപ്പുറത്തു് സ്റ്റീൽതട്ടത്തിൽ ചൂടാറാത്ത മസാലദോശ! മനസ്സിൽ പൊങ്ങിവന്ന മട്ടപ്പു്, ശ്രീദേവിയുടെ മുഖത്തുനോക്കിയപ്പോൾ ആവിയായിത്തീരുകയായിരുന്നു. ദോശ മുറിച്ചു് അരപ്പുകലക്കിയ ചട്ടിണിയിൽമുക്കി അവൾ സ്വാദോടെ ഭക്ഷിക്കുകയാണു്. അനന്തന്റെ മനസ്സു് സംതൃപ്തമായി.

"ഇതെന്താണു് അനന്തൻ ഒട്ടും കഴിച്ചില്ലല്ലോ." അവളുടെ ശ്രദ്ധ അനന്തന്റെനേരെ തിരിഞ്ഞു.

"ഇതാ കഴിച്ചുതുടങ്ങി."

അവളുടെ ഉത്സാഹത്തിൽ പങ്കുചേർന്നപ്പോൾ വളരെനാളുകളായി മനസ്സിൽ പതിഞ്ഞിരുന്ന തഴമ്പുകളുടെ കട്ടപ്പും കുറയുന്നതായി തോന്നി.

വളരെയധികം ഉന്മേഷത്തോടെയാണു് മടങ്ങിയതു്. ജീവിതത്തിൽ ഒരു പുതിയ ചക്രവാളം വിടർന്നതുപോലെ. രാത്രിയുടെ ഏകാന്തതയിൽ ഓർത്തു് രസിക്കാനുള്ള പുതുമനിറഞ്ഞ നിമിഷങ്ങൾ! കലവറകൂടാത്ത സൗഹൃദമാണു് അവൾ തനിക്കു് തുറന്നുകാട്ടിയതു്. പതിനാലു വർഷങ്ങളുടെ വിടവിനുശേഷവും അവൾക്കു് താൻ പഴയ അനന്തൻതന്നെ. ഈ കാലയളവിൽ തന്റെ വ്യക്തിത്വത്തിനു് സംഭവിച്ച മാറ്റങ്ങളോ? തനിക്കതെന്നു താൻ അപരിചിതനായിട്ടു് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു എന്ന സത്യം ദുഃഖത്തോടെ ഓർത്തുപോയി. മാറ്റം സംഭവിക്കാത്തതു് ശ്രീദേവിക്കാണു്. കൂട്ടിക്കാലത്തെ നിഷ്കളങ്കത്വം ഇന്നും നഷ്ടപ്പെട്ടിട്ടില്ല. ഇരുണ്ടുകിടന്ന തന്റെ ഹൃദയത്തിൽ അവൾ ഒരു വിളക്കു് തെളിച്ചുപോലെ.

(തുടരും)

ഇതാ നിങ്ങൾക്കും സ്വന്തമാകാം

സുഭാദരണ സേവിംഗ്സ് സ്കീം

വസിച്ച ആനുകൂല്യങ്ങൾ

ആകർഷകമായ വ്യവസ്ഥകൾ

ഉടനെ അംഗമായി ചേരുക

ഫാഷൻ ജ്വല്ലറി തൃശ്ശൂർ

A—ഡിവിഷൻ 20കെ വീതം 30 തവണ
B—ഡിവിഷൻ 10കെ. വീതം 30 തവണ
ആരംഭം: 1976 സെപ്തംബർ 10—ാംതീയതി
വ്യവസ്ഥകൾക്ക് ഉടൻ എഴുതുക. Phone office 21423

മാലിനിയുടെ മുഖം ചെറുതായി വികസിച്ചു.

മധു ധൃതിയിൽ കൂട്ടിച്ചേർത്തു. "പക്ഷേ..."

"ഉം?"

"ആ ഇഷ്ടം—"

"ആ ഇഷ്ടം?"

നിസ്സഹായനായ മധു തല കൈപ്പത്തികളിൽ താങ്ങി മുഖം കുനിച്ചു.

മാലിനി പിറുപിറുത്തു: "ഞാൻ—"

മധു മുഖമുയർത്തി: "നീയ്?"

"മുറപ്പെണ്ണല്ലെ?"

ചുണ്ടുകടിച്ച്, ശ്വാസംപിടിച്ച്, കേട്ടു നില്ക്കുന്ന ദേവിയുടെ കണ്ണുകൾ തടാകങ്ങളായിക്കഴിഞ്ഞിരുന്നു.

"ശരിയാണ്! എന്നാലും ഇന്നേവരെ ഞാനതു് ആലോചിച്ചിട്ടില്ല്യ."

ചേട്ടൻ ചോദിച്ചു്ല്യെ?"

"എന്തു്?"

"ഞാനാലോചിച്ചു."

"എന്തു്?"

"ഒരുക്ക."

"എന്നിട്ടു്?"

"ചേട്ടൻ എന്റെയായാവണം."

സന്ദർഭത്തിനു് അയവുവരുത്താൻ മധു കരുതിക്കൂട്ടി ശ്രമിച്ചു: ആണല്ലൊ:"

"മുഴുപ്രാന്തം ആവണം."

സത്യം തുറന്നുപറയാൻ മധു നിശ്ചയിച്ചു,

"ഒരു കാര്യം നീയു് ആലോചിച്ചിരിക്കില്ല്യ."

"എന്തു്?"

"എനിക്കു് വേറെ—"

മാലിനി പരിഭ്രാന്തയാവുന്നു: "ഇല്ല്യ. ഇല്ല്യ—"

"നിന്നേക്കാൾ മുമ്പു്—"

"— മുമ്പു്?"

മാലിനിയുടെ മുഖത്തുനിന്നു് നോട്ടം പിൻവലിച്ചു് മധു തുടർന്നു: "മുമ്പേ മുറപ്പെണ്ണായതു് —"

"ചേട്ടാ!" എന്നു് മാലിനി തേങ്ങിത്തുടങ്ങി. പക്ഷേ, ആ കണ്ണീർ ക്രമേണ അടങ്ങി. മാലിനിയുടെ മുഖത്തു് കട്ടിത്തണു

പ്രായശ്ചിത്തം

നോവൽ: പതിനൊന്നു്

സി രാധാകൃഷ്ണൻ

"കല്യാണം വേണ്ടാന്നു് പറഞ്ഞപ്പോ —"

"നിന്റെ മനസ്സിലാരെങ്കിലും ഉണ്ടോന്നു് ചോദിച്ചു ഉവ്വു്."

"അതു് പറയാനാണു് ഞാൻ വന്നതു്."

"ഇനി പറയണ്ട."

"പറയും. ഞാൻ വേറൊരാളുടെകൂടെ പോവു്ല്യ, അതു് തീർച്ച."

മധു മാലിനിയെ പറഞ്ഞു മനസ്സിലാക്കാൻ പ്രയാസത്തോടെ ശ്രമിച്ചു.

"എനിക്കു് വയസ്സൊത്തയായി, മാലി?"

"എനിക്കുറിയ ല്ല്യ."

"മുപ്പതു് കടന്നു. ഓർമണ്ടോ?"

"ആവോ!"

"പതിനാറായില്ല്യ."

"അതോണ്ടു്?"

"നീയൊന്നാലോചിക്കു്."

മന്റെ ലവലേശവും ഇല്ലാതെയായി. ഒരു പുതിയ നിശ്ചയത്തിന്റെ ദൃഢത കണ്ണുകളിൽ കണ്ടു.

നിശ്ശബ്ദതയുടെ ഏതാനും നിമിഷങ്ങൾക്കു്ശേഷം മാലിനിയുടെ കണ്ണുകൾ വീണ്ടും തളംകെട്ടി: "ഞാൻ ചേട്ടനെ വേദനിപ്പിച്ചു.

"ഇല്ല. നീയു് എന്തു് പറഞ്ഞാലും ചേട്ടനു് വേദനിക്കില്ല്യ."

"ചേട്ടന്റെ സന്തോഷത്തിലു് ഒരിക്കലുമൊരു കരടാവില്ല്യ, ഞാൻ, ചേട്ടാ!" മധുവിന്റെ കാലുകൾ കെട്ടിപ്പിടിച്ചു് മാലിനി തേങ്ങി:

"ചേട്ടൻ എന്നോടു് പൊറുക്കണം.

ഞാനൊരു വിഡ്ഢ്യാണു്."

മധു കണ്ണീരോടെ മാലിനിയേപ്പിടിച്ചു് എഴുന്നേല്പിച്ചു: "സത്യത്തിൽ നീയു് എന്നോടല്ലേ മാലി പൊറുക്കേണ്ടതു്! കട്ടിത്തം മാറീതു് കണക്കാക്കീല്യ. പെരുമാറാം വേണ്ടത്ര വ്യത്യാസപ്പെട്ടുത്തീല്യ. മനസ്സു് വേറൊരാൾക്കു് കൊട്ത്ത ഞാൻ ഈ വഴിക്കു് ആലോചിച്ചതേ ഇല്ല്യ—"

മാലിനി പിന്നോക്കം നടന്നു. "ഞാൻ — പോട്ടെ?"

മധു മറുപടി പറയാതെ താടിക്കു് കയ്യുമന്നി കട്ടിലിലിരുന്നു.

കട്ടിളയ്ക്കലെത്തിയ മാലിനി വിട്ടുപോകാൻ മടിച്ചെന്നപോലെ ഏറെനേരം തങ്ങിനിന്നു.

മാലിനി കോണി തപ്പിത്തടഞ്ഞിറങ്ങുമ്പോൾ ദേവി ഇരുട്ടിലേക്കു വലിഞ്ഞു. തേങ്ങലുകൾ മാലിനിയെ ഉലയ്ക്കുന്നുണ്ടായിരുന്നു. പലേടത്തും തങ്ങിനിന്നു് മാലിനി മെല്ലെമെല്ലെ മധുവിന്റെ അമ്മയുടെ മുറിയിലേക്കു കടന്നു. ഇരുട്ടു് എത്തിനോക്കിക്കണ്ട ദേവി കോണിപ്പടിയിലേക്കു പിൻവലിഞ്ഞു് ചിന്തയിലാണ്ടു. ചായുപടിയിലൂടെ വരുന്ന നിലാവു് ദേവിയുടെ മുഖത്തു് ഇരുട്ടിന്റേയും വെളിച്ചത്തിന്റേയും ചാലുകൾ വരയ്ക്കുന്നുണ്ടായിരുന്നു.

മധു ഒരു സിഗററ്റുകൊളുത്തി ചിന്തയിലാണ്ടു് കട്ടിലിലുമിരുന്നു. ഏഴെട്ടുവയസ്സുകാരി മാലിനിയെ വീട്ടിലേക്കു് കൊണ്ടുവന്നതുമുതൽ പലപ്പോഴായി നടന്ന പലതും മധുവിന്റെ ഓർമ്മയിലൂടെ കടന്നുപോയി:

മുറ്റത്തെ നിലാവിൽ അവളെ തോളിൽ കിടത്തി പാട്ടുപാടി താളംപിടിച്ചുറക്കിയിട്ടുണ്ടു്. ചോറു കഴിച്ചുരുട്ടി അവളുടെ വായിൽ കൊടുത്തിട്ടു്, എത്രയോ തവണ കുളിപ്പിച്ചിട്ടുണ്ടു്.

ഒരു ദിവസം അവളുടെ കണ്ണിൽ സോപ്പു പോയി നിർത്തിയാൽ നിർത്തില്ല, ഒരിടത്തും തുള്ളിക്കളിയ്ക്കും. കൊടുത്തളത്തിൽ ചാപ്പിരികൊട്ടിക്കളിക്കുമ്പോൾ ഇളകിയതിനാലാണു് മുഖംതേപ്പിക്കുന്ന സോപ്പുപത കണ്ണിൽ കയറിയതു്.

മാലിനി പല്ലിളിച്ചു് കരഞ്ഞു.

വേഗം മുഖത്തു് വെള്ളമൊഴിച്ചു: "കണ്ണടയ്ക്കു്, ഇദാ ഇപ്പൊ പോവും. പോയി, പോയി. ഞാനല്ലോ, ഞാറക്കു്."

കാലും വാരിഭോഗങ്ങളും തേപ്പിക്കുമ്പോൾ മാലിനി ഇക്കിളി സഹിക്കാഞ്ഞു് വളഞ്ഞുപുളഞ്ഞു് ചിരിച്ചു് ശ്വാസംമുട്ടി ഗതികെട്ടു: "ഇക്കിളിയ്യാവു്ണേയ്! മതി, മതി."

"അവടെ നിക്കു്, ചളി പോട്ടെ"എന്നു് ഉരച്ചു് തേച്ചു കളിപ്പിച്ചു.

പ്രതിഷേധത്തിനിടയിൽ മാലിനി മധുവിന്റെ കണ്ണുകളിൽ സോപ്പു് തെറിപ്പിച്ചു;

"കണ്ണു്ലിക്കു് സോപ്പാക്യാൽ ഞാൻ ഒന്നങ്ങട്ടു് തരും, ആ!"

ചിരുതേയിയമ്മ കടന്നുവന്നു് മുക്കുത്തു് വിരൽവെച്ചു; "ഇതു് നന്നു്!"

അമ്മ അടുക്കളവാതിലിൽ വന്നു. "ഞാൻ കളിപ്പിക്കാംന്നു് പറഞ്ഞാൽ പെണ്ണാണെങ്കിൽ അവളു് കൂട്ടാക്കില്ല്യ!"

ചിരുതേയിയമ്മയുടെ സംശയം: "മാലിനിക്കുട്ടിടെ കല്യാണംകഴിഞ്ഞാലും ഈ മുപ്പരു് വേണ്ടേര്യോ, കളിപ്പിക്കാൻ, ഏ?"

അമ്മ ചിരിച്ചു: "ഇക്കണക്കിനു് അതൊക്കെ വേണ്ടേര്യരുന്നാണു് തോന്നണതു്."

അമ്മയും ചിരുതേയിയമ്മയും ചിരിച്ചു.

വെള്ളം കയ്യിൽമുക്കി മുഖം തുടച്ചു് മാലിനി പറഞ്ഞു: "ഞാനേയു്, ചേട്ടനെ കല്യാണംകഴിക്കുലോ! അപ്പളോ!"

അമ്മയും ചിരുതേയിയമ്മയും കൂടുതൽ ചിരിച്ചു.

നല്ല ഉടുപ്പിടുവിച്ചു് കടക്കീഴിൽനിന്നു് സ്കൂളിലേക്കു് കൊണ്ടുപോകാറുണ്ടായിരുന്നു.

കുറച്ചു നടന്നാൽ പിന്നെ എടുക്കണം.

കയ്യെത്തി കാലുകൊണ്ടു് താളംചവിട്ടി, കരഞ്ഞുകൊണ്ടു് അവൾ വിളിച്ചു: "ചേട്ടാ...ആ..!"

കടതാഴെവച്ചു് മാലിനിയെ മാറത്തടക്കിയെടുത്തു് കൊഞ്ചിച്ചെടുത്തു് നടന്നു.

വഴിപോകുന്ന പരിചയക്കാർ തമാശയായിട്ടു് ചോദിച്ചു: "ഇതു വല്ല്യ ഉപദ്രണ്ണങ്ങളെ ആരെങ്കിലും തലേലേറ്റോ?—ഏ?"

മാലിനി വഴിപോക്കരെ വിട്ടുവീഴ്ചയില്ലാതെ കോക്രികാണിച്ചു.

വഴിപോക്കരോടു് മധു എന്തെങ്കിലുമൊരു നേരമ്പോക്കു് പറഞ്ഞു.

"ഈ കുട്ടിടെ കാല്ന്റെ മുട്ട്സ്ല്യ് തലേക്കെത്തും പനീം ആണു്. അല്ലെങ്കിൽ എട്ടുപൊന്നും വേണ്ട,"

—അങ്ങിനെയെന്തെങ്കിലുമൊരു നൈരാശ.

* *

ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു് വാങ്ങാൻവേണ്ടി ദിവസേന വൈകുന്നേരം മധു അവളെ പഠിപ്പിച്ചു.

"നാല്പത്നു് നാല്പതും പോയ്യാൽ?"

"മന്നാല്ല്യ."

"പൂജ്യം."

"പൂജ്യത്രെ! എവടെ പൂജ്യം? രണ്ടു് പൂജ്യം വെട്ടീല്ല്യ?"

"മ്മ—മ്മ്" എന്നു് സ്ലെയ്റ്റിലെഴുതിയതിലെ രണ്ടു് പൂജ്യങ്ങളും തടയപ്പെട്ടതു് മാലിനി മധുവിനെ കാണിച്ചു.

"എന്നാലും ബാക്കി പൂജ്യാണു്. അങ്ങന്യാണു് പറയ്യാ."

"ആഹാ! അതെന്ത്നാ അങ്ങനെപറേണു്"—ഈ ചേട്ടനു് ഒരു വസ്തും നിശ്ശല്ല്യ!"

(തുടരും)

ആസ്ത്മായ്ക്ക് ഒരു ഒറ്റമൂലി

ആസ്ത്മായെ പൂർണ്ണമായി സുഖപ്പെടുത്തുന്ന ഒരു ഒറ്റമൂലി ശ്രീ കേശവ് മോഹൻലാൽ സാധുക്കൾക്കായി വിതരണം ചെയ്യുവരുന്നു. രാജസ്ഥാനിലെ പ്രഗത്ഭ രാഷ്ട്രീയ സാമൂഹ്യ നേതാവായിരുന്ന ശ്രീ ശംഭുനാഥിന്റെ പൗത്രനാണ് മോഹൻലാൽ, ഈ ഒറ്റമൂലി ഒരു സന്യാസിയാണ് ശംഭുനാഥിനു നൽകിയത്. നാല്പതുവർഷക്കാലം ഈ ദിവ്യൗഷധം സാധുക്കൾക്ക് സൗജന്യമായി അദ്ദേഹം വിതരണംചെയ്തു. നിസ്വാർത്ഥമായ ഈ സേവനത്തിനു് ഗവണ്മെന്റു് അദ്ദേഹത്തിനു് പെൻഷൻ അനുവദിക്കുകയുണ്ടായി. എന്നാൽ തന്റെ മുമ്പേ പൗത്രനെ ഏല്പിച്ചശേഷം ശ്രീ ശംഭുനാഥ് ഒടുവിൽ സന്യാസിയായിത്തീരുകയാണുണ്ടായത്. ഇപ്പോൾ പൗത്രൻ ഉദാരമതികളോടും ധനവാന്മാരോടും ആ മഹത്തായ ഉദ്ദേശത്തിനു് സഹായം ചെയ്യാൻ അഭ്യർത്ഥിച്ചുകൊണ്ട് തന്റെ മുമ്പേ തുടരുകയാണു്. വളരെ പഴകിയ ആസ്ത്മായുള്ളവരുൾപ്പെടെ അനേകം രോഗികൾ ഈ ഒറ്റമൂലിയുടെ മൂന്നു മാത്രകൾ കഴിച്ചതോടെ പൂർണ്ണസുഖം പ്രാപിച്ചിട്ടുണ്ട്, ആസ്ത്മാരോഗികൾ ഈ ഒറ്റമൂലിക്ക് താഴെകാണുന്ന വിലാസത്തിൽ ഇംഗ്ലീഷിലെഴുതുക.

Shri Keshav Mohanlal, 5 Haralal Das Lane
Jorabagan Park, CALCUTTA - 6

Universal Publicity Co; Calcutta - 12

ദേശാഭിമാനി ലൈബ്രറി

സെപ്റ്റംബർ പുസ്തകങ്ങൾ

1. **ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം** ഇ. എം. എസ്. നമ്പൂതിരിപ്പാട്.
2. **ആഫ്രിക്കൻ കഥകൾ**

വിവിധ ആഫ്രിക്കൻ എഴുത്തുകാരുടെ തിരഞ്ഞെടുത്ത കഥകൾ.

3. **മിടുക്കൻ ബാബു**

എം. എസ്. കുമാർ എഴുതിയ കുട്ടികൾക്കുള്ള നോവൽ

മൂന്നു പുസ്തകങ്ങൾക്കുംകൂടി വില 16 രൂപ. അംഗങ്ങൾ അടക്കേണ്ടതു്. തപാലിൽ 10 രൂ നേരിട്ടു് 9. 50 രൂ

പുതിയ അംഗങ്ങൾ അംഗത്വഫീസു് 2 രൂപകൂടി അടക്കണം.

ബുക്കു് ഹൗസിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ശാഖകൾ തൃശ്ശൂർ പീപ്പിൾസു് ബുക്കു്ഹൗസു്, ചിറ്റൂർ ബുക്കു്സെൻറർ, പാലക്കാട് സി. എ. മൂത്താൻ, മഞ്ചേരി ശ്രീനിലയം പ്രിന്റേഴ്സു്, കോട്ടയത്തു് ഇ. എസ്. ഡാമിനിക് എന്നിവർ വരിസംഖ്യ സ്വീകരിക്കുന്നു.

ദേശാഭിമാനി ബുക്കു്ഹൗസു്,
ഹെഡ്ഡു് ഓഫീസു്: തിരുവനന്തപുരം

ബസ്സിറങ്ങി, കവലയിൽത്തുടങ്ങി കിഴക്കോട്ടു നീണ്ടുകിടന്ന മൺനിരത്തിലൂടെ ബ്രീഫ്കേയ്സും തൂക്കിപ്പിടിച്ചു് അയാൾ നടന്നു. കവലയ്ക്ക് ഏറെ മാറാമുണ്ട്. പീടികകളുടെ എണ്ണവും തിരക്കും കൂടിയിരിക്കുന്നു. സിനിമാപ്പരസ്യം ബാങ്കു പാർക്കും മുൻപുണ്ടായിരുന്നവയല്ല: മൺനിരത്തിന്റെ വശങ്ങളിൽ കരിങ്കൽ ചല്ലിയുടെ കൂനകൾ.

കാറിലിളകിപ്പറന്നിരുന്ന നിലടെയുടെ അഗ്രം അയാൾ കൂടെക്കൂടെ വലതുകൈയുയത്തി തെറുക്കിവയ്ക്കുന്നുണ്ടായിരുന്നു:ഇടയ്ക്കയാൾ ഷൂസുകളിലേക്കു നോക്കി. മിന്നി



ത്തിളങ്ങിയിരുന്ന ഷൂസുകൾ കുറെ നടന്നപ്പോഴേക്കും പൊടിയണിഞ്ഞുപോയതു് അയാളെ വല്ലാതെ ദുഃഖിപ്പിക്കുകയും ബ്രീഫ്കേസുകൊണ്ടു കരുതാതിരുന്ന തന്റെ മടയത്തരമോർത്തു് അയാൾ സ്വയം സഹതപിക്കുകയും ചെയ്തു.

വീടിനെപ്പറ്റി തിട്ടമുണ്ടായിരുന്നെങ്കിലും, പീടികയ്ക്കുപോയി മടങ്ങുമ്പോൾ ഒപ്പം നടക്കാൻ കൗതുകം കാട്ടിയ കുട്ടിയോടു് അയാൾ അന്വേഷിച്ചു—

"ഇതു തന്നെയല്ലെ കളത്തറവീട്ടിലേക്കുള്ള വഴി?"

ടെയിലും കറുത്ത കണ്ണടയിലും ബ്രീഫ്കേയ്സിലും ആകൃഷ്ടനായിപ്പോയിരുന്ന കുട്ടി പെട്ടെന്നു മനസ്സിലാകാത്തപോലെ നോക്കി. അയാൾ കുട്ടിയുടെ പേരു് ചോദിച്ചറിഞ്ഞു. എന്നിട്ടു് ആദ്യത്തെ ചോദ്യം ഒന്നുകൂടി ആവർത്തിച്ചു. ഇതുയും കൂട്ടിച്ചേർക്കുകകൂടി ചെയ്തു. "പാടത്തിനിക്കരെ കുളക്കരയിലെ പടിപ്പുരയുള്ള വീട്ടു?"

"അറിയില്ല." പക്ഷെ വഴിയെപ്പറ്റി അവനുള്ള അറിവു് അവൻ ധൃതിയിൽ കൂട്ടിച്ചേർത്തു. ഈ വഴി പാടം കടന്നു് അക്കരെ പള്ളിമുക്കിലേക്കു് പോകുന്നതാണെന്നു്."

"അങ്ങിനെയൊരു വീടുണ്ടിവിടെ. നിനക്കറിയില്ല."

കുട്ടി അയാളോടെത്താൻവേണ്ടി ഓടിയോടി നടന്നു.

നിരത്തിൽനിന്നു് ഒരു വീട്ടിലേക്കുള്ള വഴി തുടങ്ങുന്നേടത്തെ വേലി എട്ടുപത്തു വാര കൂടി ഓടിക്കയറിപ്പോയി. വീട്ടിലേത്തും മുൻപു് രണ്ടുതവണ അവൻ തിരിഞ്ഞുനോക്കിയതു് അയാൾ ശ്രദ്ധിച്ചു.

നിരത്തുവക്കിലെ ചൊട്ടപ്പുല്ലുകൾ പതുവിനെ തീറ്റുകയായിരുന്ന ഒരു മുത്തശ്ശി അയാളുടെ വേഷം കണ്ടിട്ടായിരിക്കണം, അമ്പരപ്പോടെ നോക്കി, അടുത്തെത്തിയപ്പോൾ അവർ പരിചയഭാവത്തിൽ പുഞ്ചിരിച്ചു. ഒരു വീടിന്റെ പടിക്കൽ സഹകാര്യം പറഞ്ഞിരിക്കുകയായിരുന്ന രണ്ടു് പെണ്ണുങ്ങൾ, അയാളടുത്തെത്തിയപ്പോൾ പെട്ടെന്നു് നിശ്ശബ്ദരായി അയാളെ ഉഴിഞ്ഞുനോക്കി. കടന്നുകഴിഞ്ഞപ്പോൾ, അവർ തുടങ്ങിവച്ച സംഭാഷണത്തിന്റെ ചീളുകൾ അയാളുടെ ചെവിയിലേക്കു് പറന്നെത്തി— "അയാളല്ലെ ഇതു്-- ? കുളത്തറത്തെ— — —"

നിരത്തു് പാടത്തേയ്ക്കിറങ്ങുന്നതിനിപ്പുറത്തു് ഇടതുവശത്തായി അയാൾ പടിപ്പുര കണ്ടു. പിന്നിട്ടു് വീട്ടും കുളവും

പടിപ്പുര തുറന്നുകിടന്നിരുന്നു. അയാൾ ശ്രദ്ധിച്ചു കനിഞ്ഞു് അകത്തുകടന്നു. സ്വന്തം പാദമുദ്രകൾ പതിഞ്ഞുകിടപ്പുള്ള മുറ്റവും തുളസിത്തറയും കടന്നു് പുമുഖത്തു കയറി ബ്രീഫ്കേയ്സു് അരഭിത്തിമേൽ

കഥ

ഒ. സുമചന്ദ്രൻ

വച്ചു്, കണ്ണട കൈയിലെടുത്തു്, നാലുപാടും കണ്ണോടിച്ചു. വീടിനും പരിസരങ്ങൾക്കും മാറ്റമൊന്നുമുണ്ടായിട്ടില്ല.

കടന്നുവരുമ്പോൾ അയാളുടെ ഷൂസുകൾ സിമൻറിൽപതിക്കുന്ന ശബ്ദം ഉയർന്നു കേട്ടിരുന്നു. പക്ഷേ, കനകങ്കൾ അടഞ്ഞു

ർന്നെ കിടന്നു. അയാൾ ചുമച്ചു ശബ്ദമുണ്ടാക്കി. കതകിൽ രണ്ടുതവണ മുട്ടി. അല്പനേരം കാത്തിരുന്നശേഷം അയാൾ പിന്നെയും മുട്ടി. കതകടഞ്ഞുതന്നെ കിടന്നു.

അയാൾ മുറ്റത്തിറങ്ങി നാലുപാടും നോക്കി. കതകിന്റെ ഭാഗത്തേയ്ക്ക് ഒരിക്കൽകൂടി നോക്കിയശേഷം വീടിന്റെ പിൻപുറത്തേയ്ക്കു നടന്നു. മുഖാഗത്തുകൂടി വീണ്ടും മുറ്റത്തെത്തി. കണ്ണട വിരലിലിട്ടു കറക്കി, തല പിന്നോട്ടെറിഞ്ഞു്, പാറിവീണുകിടന്ന മുടിയിഴകളിലൂടെ വിരലോടിച്ചു്, തെക്കോട്ടുതിരിഞ്ഞു് പടിപ്പുരയിലൂടെ നിരത്തിലേക്കും പിന്നീടു് കിഴക്കോട്ടുതിരിഞ്ഞു് കളത്തിലേയ്ക്കുനോക്കി നിന്നു.

"എന്നെ അന്വേഷിക്കുകയല്ലെ? ഇങ്ങുകയറിയിരിക്കൂ."

അയാൾ ഞെട്ടിത്തിരിഞ്ഞു. കതകുതുറക്കുന്ന ശബ്ദം കേട്ടിരുന്നില്ല. പക്ഷേ, വാതിൽ തുറന്നിരുന്നു. മുറിക്കുള്ളിൽ വെളിച്ചമുണ്ടു്. അയാൾ പുരുഷത്തുകയറി ബ്രീഫ്കേയ്സെടുത്തു് അകത്തു കടന്നു.

"ഇരിക്കൂ. എനിക്കറപ്പായിരുന്നു, ചേട്ടൻ വരുമെന്നു്."

ബ്രീഫ്കേയ്സും കണ്ണടയും മേശമേൽ വച്ചു് അയാൾ കസേരയിലിരുന്നു. മേശപ്പുറത്തു് ചായക്കപ്പുണ്ടായിരുന്നു. സുമംഗലയെ കണ്ടില്ല. ശബ്ദം അയാൾ തിരിച്ചറിഞ്ഞിരുന്നു.

ചുവരിലൂടെ അയാൾ കണ്ണോടിച്ചു. ആ പഴയ ചിത്രം ഇപ്പോഴുമുണ്ടു്; മഞ്ഞിൻപാളികൾക്കുള്ളിലെ ഉദയസൂര്യന്റെ. സുമംഗലയെക്കൂട്ടി ഒരിക്കൽ ഗ്യാലറി സന്ദർശിച്ചപ്പോൾ അവളുടെ ആഗ്രഹാനുസരണം വാങ്ങിയ ചിത്രം. തോളുതുമ്മി അന്നവൾ ഏറെനേരം ചിത്രംനോക്കി നിന്നു. എന്നിട്ടു് പറഞ്ഞു—"മൂടൽമഞ്ഞു് ഉള്ളുയരുന്ന സൂര്യനെയാണു് എനിക്കിഷ്ടം." തെല്ലൊരു ലജ്ജയോടെ അവളന്നു് ചെവിയിൽ മന്ത്രിച്ചതു് അയാളോർത്തു. "ഈ സൂര്യനാണു് എന്റെ ചേട്ടൻ."

ഒരു പല്ലി ചിത്രത്തിലെ പൂപ്പുലകളിലൂടെ ഓടിക്കയറി. മാറാലയിലെ പ്രാണി പിടഞ്ഞു.

എങ്ങും നിശ്ശബ്ദമായിരുന്നു. തിരിഞ്ഞു് പുറകുകളിലൂടെ കണ്ണോടിക്കുമ്പോൾ കോണുകളിൽ അയാളുടെ ശരീരമിളകിയമരുന്നശബ്ദംപോലും വലുതായി മുറിക്കുള്ളിലാകെ പ്രതിധ്വനിക്കുന്നപോലെ തോന്നി. ശബ്ദത്തെ ഭയന്നിട്ടെന്നപോലെ കൈപ്പത്തികൾ ചേർത്തുപിടിച്ചു് വിരലുകളുടെ അഗ്രങ്ങൾ താടിയിൽ മുട്ടിച്ചു് അയാൾ നിലത്തുനോക്കിയിരുന്നു.

"ചായ തണുത്തുപോകും."

അയാൾ ഒരിക്കൽകൂടി ഞെട്ടി. നിവർന്നു് ചായക്കപ്പു കയ്യിലെടുത്തു് ചുണ്ടോടു ചേർത്തു് സ്വാദാസ്വദിച്ചു.

കതകിനുള്ളിൽ സാരിയുലയുന്ന ശബ്ദം.

"ചേട്ടനിപ്പോൾ എവിടെനിന്നു വരുന്നു?"

തൊണ്ടയോളമെത്തിയ ചായ ഒരിറക്കിനു് അയാളകത്താക്കി.

"എറണാകുളത്തുനിന്നു്."

പിന്നേയും നിശ്ശബ്ദത: നിശ്ശബ്ദത നീണ്ടു.

"സുമംഗലയ്ക്കു് സുഖമാണോ?" അറച്ചിട്ടാണെങ്കിലും അയാൾ ചോദിച്ചു. മറുപടി ശബ്ദരൂപത്തിൽ പുറത്തുകേട്ടില്ല. പകരം മറെറാരു ചോദ്യം—

"എറണാകുളത്തു് എന്തുചെയ്യുന്നു?"

"നൃ ഈയർ കാർഡുകളും കീടനാശിനികളും വില്പന്ന ഒരു കമ്പനിയുണ്ടവിടെ, അതിന്റെ സെയിൽസു് റെപ്രസെന്റേറ്റീവാണു്." പിന്നീടയാൾ ധൈര്യം സംഭരിച്ചു് കൂട്ടിച്ചേർത്തു "ഇതു രണ്ടും ഇവിടെ ആവശ്യമുള്ളതാണല്ലൊ."

"അതാണോ വരാൻ കാരണം?"

"അതെ. ആവശ്യക്കാരുള്ളിടത്തൊക്കെ ചെന്നെത്തി വില്പനനടത്തുകയാണു് ഞങ്ങളുടെ പണി." ഇപ്പോൾ അയാൾ ധൈര്യവാനായിക്കഴിഞ്ഞിരുന്നു.

"രണ്ടും ഇപ്പോഴാവശ്യമില്ലചേട്ടാ. ഇവിടെ പുതുവത്സരം ഒരിക്കലും പിറക്കുന്നില്ല. കീടനാശിനി തളിക്കാനാണെങ്കിൽ ഇപ്പോൾ കൃഷിയുമില്ല."

പിടിയിൽകിട്ടിയ സംഭാഷണത്തിന്റെ അഗ്രം കൈവിട്ടുപോയേക്കുമോ എന്ന ഭയത്തോടെ അയാൾ പറഞ്ഞു—

"അന്നു് ഗ്യാലറിയിൽനിന്നു വാങ്ങിയ ചിത്രം ഇപ്പോഴുമുണ്ടല്ലോ. അന്നത്തെക്കാളും ഭംഗിയുണ്ടിപ്പോൾ എന്നു തോന്നുന്നു." പറഞ്ഞുതീർന്നപ്പോൾ തോന്നി, വെറും ഭംഗിവാക്കു്. പൊള്ളയായിത്തന്നെ അതു് നാവിൽനിന്നു് ചാടിയിരിക്കുന്നു.

"അന്നീ ചിത്രത്തിനു് ജീവനുണ്ടായിരുന്നു. എന്റെ ജീവിതത്തിലേക്കു് ഉദിച്ചുവന്ന സൂര്യൻ നിശ്ചലനായിട്ടു് ഏറെ നാളായി. നിശ്ചേതനനായി മഞ്ഞിനകത്തടിഞ്ഞു്."

പെട്ടെന്നയാൾക്കു് സ്വാസ്ഥ്യം നഷ്ടപ്പെട്ടു. നിറംമങ്ങി, ഇരുണ്ടു്, മാറാലയണിഞ്ഞു് പ്രാണികൾ ഓടിക്കളിക്കുന്ന ചിത്രത്തിൽ അയാളുടെ കണ്ണുകൾ തറഞ്ഞുതളർന്നുകിടന്നു.

വിഷയം മാറാനായി അയാളന്വേഷിച്ചു—



"അമ്മയെവിടെ?"

"മരിച്ചു. ഒരുകൊല്ലം കഴിഞ്ഞു."

"അനിയൻ?"

"ബോംബേയിലായിരിക്കണം. അവിടെനിന്നു് കുറേനാൾ മുൻപു് ഒരു കത്തുണ്ടായിരുന്നു. മുടപടിയയ്ക്കാൻ വിലാസം കുറിച്ചിരുന്നില്ല."

"സുമംഗല തനിച്ചാണോ ഇവിടെ? എങ്ങനെ കഴിയുന്നു?"

ചോദിച്ചുകഴിഞ്ഞപ്പോഴേക്കും അയാളുടെ തൊണ്ട വരണ്ടു. കടിനിരിന്റെ ഒരു ഞരമ്പായിരുന്ന ഇന്ദുലേഖ, ആഢ്യത്വത്തിന്റെ ധാരാളിത്തവും ധൂർത്തും കാരണവരുടെ ബലഹീനതകളായിരുന്നു. ആശ്രിതരും കൃഷ്ണാനികളും ചേർന്നു് തറവാട്ടു് ചോർത്താൻ തുടങ്ങി. തറവാട്ടു് പൊളിയുന്നതു് കാരണവരറിഞ്ഞില്ല. ചോർച്ചയെപ്പറ്റി മനസ്സിലാക്കിയപ്പോഴേക്കും അടുക്കാനാവാത്തവിധമെത്തിയിരുന്നു. പിന്നെ പാട്ടം നിലച്ചു. മച്ചിൽ ചവിട്ടിനിന്ന കുടിയാന്മാർ ജന്മികളായി.

നല്ലകുലത്തു് ഇന്ദുലേഖയെ കാംക്ഷി

1976 ആഗസ്റ്റ് 12 മുതൽ

പ്രദർശനമാരംഭിക്കുന്നു

കേരളത്തിലെ 15 കേന്ദ്രങ്ങളിൽ

ദിവസേന 3 പ്രദർശനങ്ങൾ

എം.എസ്. പ്രൊഡക്ഷൻസിന്റെ

കന്യാദാനം

ഹരിഹരൻ, S.L.പുരം, C.V.ശ്രീധർ & V.M. ചന്ദ്രൻ

a Joly Release

ച്ചു് വന്നവരെയൊക്കെ കാരണവർ മടക്കിയയച്ചു. തറവാടിത്തമോ ആഢ്യതയോ ധനമോ മറ്റെന്തെങ്കിലുമോ ഒക്കെ അവക്കു കുറവായിരുന്നുവത്രെ.

അയാൾ വാതിൽപ്പുറത്തേക്കുനോക്കി കഥ കേട്ടിരുന്നു. ഒന്നും കാണാനായില്ല. മുറിക്കുള്ളിൽ ഇരുട്ടായിരുന്നു.

ഇന്ദുലേഖ അകത്തളങ്ങളിൽ തൂണു ചാരിയിരുന്നു്, സന്ധ്യയ്ക്കു് തുളസിത്തറയിൽ തിരികത്തിച്ചു്, രാമനാമം ജപിച്ചുകഴിഞ്ഞു. പടിപ്പുരയ്ക്കുവെളിയിലെ നാട്ടുവഴിയിൽ തറവാടിയല്ലാത്ത പഴയ കാര്യസ്ഥന്റെ മകനും സഹപാഠിയുമായ മാധവൻ അവളെ കാത്തു് ഇക്കാലത്രയും നില്പുണ്ടായിരുന്നു.

കാരണവർ മരിച്ചു. ചിത കെട്ടടങ്ങാൻ വിസമ്മതിച്ചു് നീറിനീറിക്കിടന്നു. ഇളംകാറ്റിന്റെ പാരുഷ്യം കലർന്ന തുടികളിലുണർന്ന ചിതയുടെ അസംഖ്യം കണ്ണുകളിൽ നിന്നു് തീ പാറി. തീ പാറിയ കണ്ണുകൾ നാലുകെട്ടിന്റെ നേർക്കു നീണ്ടുചെന്നു. അവ നാലുകെട്ടിനെ കാത്തു സൂക്ഷിച്ചു. നാലുകെട്ടിന്റെ ഇരുണ്ട കോണുകളിൽ ഊളിയിട്ടു കറങ്ങിയിരുന്ന കാറ്റിലൂടെ കാരണവരുടെ ആത്മാവു് തറവാട്ടിൽ ചുറ്റിനടന്നു. ആത്മാവു് കാര്യസ്ഥന്റെ മകനെതിരെ ഇന്ദുലേഖയുടെ പരിരക്ഷയുണ്ടായിരുന്നു.

കാറു് തെല്ലൊന്നകന്നുനിന്ന ശേഷം സന്ധ്യയുടെ തുളസിത്തറയുടെ മുന്നിൽ കണ്ണടച്ചു കൈകൂപ്പി നില്ക്കുകയായിരുന്ന ഇന്ദുലേഖ, ആരോ പേരുപറഞ്ഞു് തന്നെ വിളിക്കുന്നതു കേട്ടു. മാധവൻ! മാധവൻ! അവൾ സർവ്വം മറന്നു് പടിപ്പുരയിലേക്കോടി. കാറു് പിന്നാലെ പാഞ്ഞടുക്കുന്നുണ്ടായിരുന്നു. സീൽക്കാരം പിന്നിൽ വ്യക്തമായി കേട്ടു. എന്തിനെയോടെന്നപോലെ ഇന്ദുലേഖ പടിപ്പുരവാതിൽ തള്ളിത്തുറന്നു് മാധവന്റെ നീട്ടിയ കൈകളിലേക്കു് മറിഞ്ഞു.

കാറു് പടിപ്പുരയിലെത്തി. വാതിൽ വലിയ ശബ്ദത്തോടെ അടഞ്ഞു.

കഥ, അയാളിലവശേഷിച്ചിരുന്ന സ്വാസ്ഥ്യവും നഷ്ടപ്പെടുത്തി.

ഉയരുന്ന തേങ്ങലിന്റെ അലകൾ! സുമംഗലേ!

"സുമംഗലേ—" ആകാംക്ഷയോടെ [illegible]

യാൾ പിടഞ്ഞെണീറ്റു് വാതിലിന്നടുത്തേക്കോടി. വാതിൽപ്പാളികൾ അയാൾക്കഭിമുഖമായി പെട്ടെന്നടഞ്ഞു.

ഏറെനേരം അയാൾ ആ നിലനിന്നു. പാരമ്പര്യത്തിന്റെ ഭാരമില്ലാതിരുന്നിട്ടുകൂടി സുമംഗല! തെറ്റും ശരിയും എവിടെയൊക്കെയാണു്. അഥവാ അറിഞ്ഞിട്ടിപ്പോൾ എന്തുഫലം? തന്റെ വഴി ഏതോവച്ചു തെറ്റിപ്പോയിരിക്കുന്നു.

"സുമംഗലേ—" ഒരു കാലത്തു് അനുഭവവേദ്യമായിരുന്ന വികാരവായ്പോടെ അയാൾ വിളിച്ചു.

"പോയ്ക്കൊള്ളൂ ചേട്ടാ" തേങ്ങലില്ല. ശാന്തമായ ശബ്ദം.

അയാൾ കസേരയിലേക്കു് വീണു:

കുറേക്കഴിഞ്ഞു് തിരതല്ലിവന്ന വികാരങ്ങളെ നിയന്ത്രിച്ചു്, പണ്ടു് ഒരഭിശപ്തനിമിഷത്തിലെ തന്റെ തീരുമാനത്തിൽ സ്വയം ഖേദിച്ചു് അയാളെഴുന്നേറ്റു. ബ്രീഫ്കേയ്സും കണ്ണടയും കൈയ്യിലെടുത്തു.

പുറപ്പെടുന്നതിനുമുമ്പു് അയാളൊരിക്കൽക്കൂടി പറഞ്ഞു—

"എന്നോടൊത്തു പോരൂ, സുമംഗലേ."

അയാൾക്കു് പിന്നിൽ കതകുകൾ മെല്ലെ ചേർന്നടഞ്ഞു.

അയാൾ നടന്നു പുറത്തിറങ്ങി. കളത്തിലേക്കു നോക്കി കുറേയേറെനേരം പ്രതിമപോലെനിന്നു. പിന്നിട്ടു് വീരുകൾ കടന്നു രോഷത്തോടെ ടൈ വലിച്ചഴിച്ചു. ബ്രീഫ്കേയ്സും ടൈയും കണ്ണടയും അയാൾ വീശി കളത്തിലേയ്ക്കെറിഞ്ഞു.

—*—

(21-ൽ നിന്നും തുടർച്ച)

വൽ മുഖംതിരിച്ചു നില്ക്കുകയാണു്. കണ്ണുകാർവർണ്ണയും മൂടിനില്ക്കുന്ന ചിട്ടിപ്പാവാട. പൊക്കിൾക്കുഴി മൂടിനില്ക്കുന്ന വെള്ളരാവണിയിൽനിന്നും ഒരു പുതിയ സംഗീതശ്രുതിക്കാൻ കൃഷ്ണൻ കാതോർത്തുനിന്നു. കൃഷ്ണനും ആ പൾക്കൊതുമറിയാതുന്ന ആ സംഗീതത്തിന്റെ മുൻപിൽ തരിച്ചുനിന്നു. മറ്റുള്ളവരും കാതുകളില്ലാതെ പരസ്പരം നോക്കിനിന്നു.

—*—

കലാശ്രീപങ്ങളെന്നനിലയിൽ നമ്മുടെ ബോധമനസ്സിനെ വശീകരിക്കുകയും പിടിച്ചുകുലുക്കുകയുംചെയ്യുന്ന നാടകസിനിമാ മാദ്ധ്യമങ്ങൾ ഇന്നും ഫോർമലിസ്റ്റുകളുടെ കൈയിൽ അമർന്നിരിക്കുകയാണു്: മുൻവിധികളോടെമാത്രമേ ഇത്തരം വേദികളിലേക്കു് കടന്നുചെല്ലാനാവൂ. ഉത്കടമായ മാനസികസംഘർഷത്തിലൂടെ ആത്മവിമലീകരണത്തിനു് അനുകൂലമായ ഉപാധി എന്നനിലയിൽ നാടകത്തിനു് ഹൃദയദ്രവീകരണക്ഷമതപം കൂട്ടം. ഈ സ്പർശനക്ഷമതയെ വേണ്ടത്ര ഫലപ്രദമായി വിനിയോഗിക്കാൻ കെല്പുള്ള ഒരു തലമുറ (തോപ്പിൽഭാസി, എസ്. എൽ–പുരം, പൊൻകുന്നം വർക്കി എന്നിവരുടെ ആദ്യകാല സംഭാവനകളെ വിസ്മരിക്കുന്നില്ല. ഇനിയും ഇവിടെ വളർന്നുവന്നിട്ടില്ല.) ഒറ്റപ്പെട്ട സാഹസങ്ങളെന്നനിലയിൽ അരങ്ങത്തു തകർപ്പൻ പ്രതികരണമുണർത്തിയ"വിശ്വരൂപം","കാലവർഷം", "ചാവേർപ്പട" മുതലായ നാടകങ്ങളും, ഉദാത്തമായ ചില പരീക്ഷണമാതൃകകളെന്നനിലയിൽ "ഭരതവാക്യം", നാടകചക്രം", "തിരുമ്പിവന്താൻ തമ്പി" തുടങ്ങിയവയും എടുത്തുദാഹരിക്കാം. പക്ഷേ, ഇതൊന്നും സ്ഥായിയായ അവസ്ഥാന്തരമായിത്തീർന്നിട്ടില്ലെന്നതാണു് വാസ്തവം.

പ്രൊഫഷണൽ നാടകാസ്വാദകരെ യുപ്തിപ്പെടുത്തുന്ന രണ്ടു നാടകങ്ങളും കേവലസൗന്ദര്യത്തെ (abstract art) ആവാഹിക്കുകയും ഉജ്ജ്വലമായ ചില മുഹൂർത്തങ്ങളിലൂടെ ലോകചരിത്രത്തിലെ അവിസ്മരണീയമായ അദ്ധ്യായങ്ങൾ (സങ്കല്പം) അനാവരണംചെയ്യുകയുംചെയ്യുന്ന മറ്റൊരു നാടകവുമാണു് അവലോകനവിധേയമായിട്ടുള്ളതു്. നാല്പ് ഏകാങ്കനാടകങ്ങളുടെ സമാഹാരമാണു് ഒടുവിൽ പറഞ്ഞ എബ്രഹാം ജോസഫിന്റെ "ഇരുണ്ട വെളിച്ചം."

കല കലയ്ക്കുവേണ്ടി, കല ജീവിതത്തിനുവേണ്ടി—പ്രബലമായ ഈ ചിന്താധാരകളുടെ ചൈതന്യവത്തായ ആവിഷ്കാരമാണു് ഇതിലെ ഏകാങ്കങ്ങളെല്ലാം. ലോകചരിത്രത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു സംഭവത്തിന്റെ ചിത്രം വരയ്ക്കാൻ നിയുക്തനായ ലിയനാർഡോ വിലൂടെ ഉദാത്തമായ കലയുടേയും ഉത്കൃഷ്ടനായ കലാകാരന്റെയും വ്യക്തിത്വം അനാവരണംചെയ്യുന്നു. ചക്രവർത്തിത്തിരുമനസ്സിലെ ആജ്ഞയെ ധിക്കരിച്ചു", ഒരു മാതൃകയ്ക്കുവേണ്ടിയാണു", കഴിഞ്ഞ പന്ത്രണ്ടുവർഷങ്ങളായി അയാളലഞ്ഞതു". "സാമ്രാജ്യങ്ങൾ നശിച്ചാലും നിലനില്ക്കുന്നതു് മഹത്തായ കലാസൃഷ്ടിയാണു"." (P–10)—ജോസിഫസിന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുക. അതുകൊണ്ടു് "എന്തും ഏതും-വരച്ചു ചിത്രം പൂർത്തിയാക്കാൻ ഗ്രന്ഥനാഥൻ തയ്യാറാവുകയില്ല" എന്തുകൊണ്ടു്? ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത ജൂഡാസിനെ— അഭൗമസൗന്ദര്യസത്തയ്ക്കുതിരായ പാതാളവൈകൃതത്തെ കണ്ടെത്തണം. ഒടുവിൽ റോമിലെ കൽത്തുറുങ്കുകളിൽനിന്നു് പുറത്തെറിയപ്പെട്ട ആ വൈകൃതം

മാതൃകയായിത്തീർന്നു. എങ്കിലും നമ്മുടെ നാഡീബന്ധങ്ങളെ ഉലയ്ക്കുന്ന ഒരു വാചകം അയാൾ—പീട്രോ ഉച്ചരിക്കുന്നുണ്ടു". "എനിക്കുതന്നെ എന്നെ അറിയണമെന്നില്ല. പിന്നെ നിങ്ങൾക്കിത്ര താല്പര്യം? ഒരർത്ഥത്തിൽ നാം എടുത്തണിയുന്ന മുഖംമൂടിയുടെ ചിത്രകംബളം എടുത്തുമാറാതിരിക്കുകയാണു" ഉചിതമെന്നു് ക്രിസ്തുവിന്റെ അഭൗമസൗന്ദര്യം വഴിഞ്ഞൊഴുകിയ ഭൂതകാലത്തിലേക്കു"—ഗ്രാമീണദേവാലയത്തിലെ ഗായകസംഘത്തിലെ കുലീനനായ ചെറുപ്പക്കാരന്റെ ഓർമ്മകളിലേക്കു"—മനുഷ്യനായി ജീവിക്കാനാഗ്രഹിച്ചു് പിശാചായി മാറുന്ന ദുരന്തസത്യത്തെ സ്മൃതികളിൽനിന്നകറ്റു എന്നല്ലേ ഇതിന്റെയർത്ഥം. ദിവ്യമായ ഒരു പരിവേഷത്തെ വിഴുങ്ങിയ ദുഃഖദമായ ഈ പ്രകൃതിസത്യത്തെ "ഇരുണ്ട വെളിച്ചം"ചെന്നു് ഉദ്ദീരണംചെയ്യുന്നു. നിർമ്മലവും വശ്യവും മധുരോദാരവുമായ പ്രകൃതിയെ തന്റെ ക്യാൻവാസിലേക്കു് ഒപ്പിയെടുക്കുന്ന ചിത്രകാരന്റെ ഹൃദയത്തെ തരളിതമാക്കുന്ന "നിർവൃതിയുടെ ചിത്രം," "ദി ലാറ്റിൽ മഡോന്നാ" അഥവാ "ദി മഡോന്നാ ഓഫ് ദി സ്ട്രീറ്റ്" ഓർക്കുന്നു ആക്കിറോബർട്ടോ ഫെറൂസിയെയും വിസ്മരിക്കാനാവുകയില്ല. കലാകൃതിയും ധനികനുമായ ഗൊൺസാൽവസ്സുമായുള്ള സംഭാഷണങ്ങളിലൂടെ (സംഭാഷണത്തിന്റെ അലോസരത നാടകീയമുഹൂർത്തങ്ങളെ അപഹരിക്കുന്നു എന്നതു് തല്ക്കാലം വിസ്മരിക്കുക.) ചിരന്തനമായ ചില ജീവിതമൂല്യങ്ങളെയുയർത്തിപ്പിടിക്കുന്നുണ്ടു്. നീതി കാട്ടേണ്ടവർ അനീതികാട്ടുന്ന സമുദായത്തിൽ ശാശ്വതമായി (Perfectual) യാതൊന്നുംതന്നെയില്ലെന്നും അതു് മഹത്തായ പ്രവൃത്തിയിലൂടെമാത്രമേ സാക്ഷാൽക്കരിക്കാനാവൂ എന്നും ഉപദർശിക്കുന്നു. ശാന്തിക്കും സംതൃപ്തിക്കുംവേണ്ടി ദാരിദ്ര്യത്തിന്റെയും വേദനയുടേതുമായ ആ ലോകോത്തരസൃഷ്ടി വിലയ്ക്കുവാങ്ങാൻവരുന്ന ഗൊൺസാൽവസിനോടു് ഫെറൂസി പറയുന്ന ഈ വാചകം ജീവിതത്തിന്റെ അടിസ്ഥാനപ്രമാണമാണു". "നിങ്ങൾക്കുള്ളതുകൊടുത്തു് ഇല്ലാത്തതുനേടുവാൻ ശ്രമിക്കുന്നു..പണത്തിനു് വാങ്ങാൻകഴിയാത്ത ചിലതെല്ലാം ഇന്നും ലോകത്തിലുണ്ടു"." (P.34) ഇതിലെ സ്തുതിയും കഞ്ഞും സിംബോളിക്കാണു". ഗുരു–ശിഷ്യബന്ധത്തിന്റെ ഉത്കൃഷ്ടതയെ ഉദാത്തീകരിക്കുന്നു "വളർത്തിയ കരങ്ങൾ." ഭാരതീയവും വൈദേശികവുമായ സംസ്കാരങ്ങളുടെ സമന്വയം നമുക്കിതിൽ നിഴലിക്കുന്നതു കാണാം. ഒപ്പം ദേശാഭിമാനത്തിന്റെ ഔജ്ജ്വല്യവും. "അബ്സ്ട്രാക്റ്റ്" ആർട്ടിനെ പ്രകടമായി ഉദാഹരിച്ചുനും" ഏകാങ്കങ്ങൾക്കു് കടകവിരുദ്ധമാണു" ഒരു സാമൂഹ്യ ഏകാങ്കനാടകമായ "ആ കലാകാരനും മരിച്ചു! അന്തർമ്മുഖനെങ്കിലും ആദർശശാലിയായ ഒരു യുവകലാകാരനാണു" ജയറാം. ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്കു് മുഖംതിരിച്ചപ്പോൾ അയാളുടെ കാലുകൾ അടിപതറി. മനോരിയ അസ്വാഭാവികതയുടെ അച്ചിൽ അടർന്നുവീണ ഈ "ടൈപ്പ്"നാടകത്തിൽ നർമ്മബോധം ആളിപ്പടരുന്നതുകാണാം. രംഗത്തു ഫലപ്രദമായില്ലെങ്കിലും കൗതുകപൂർവ്വം വായിച്ചുപോകാവുന്ന ഈ ഏകാങ്കങ്ങളെല്ലാം; മനുഷ്യനിലെ നന്മതിന്മകളെ വേർതിരിക്കുകയും ഉത്കൃഷ്ടമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയുംചെയ്യുന്നു.

ഒരു മറുനാടൻമലയാളിയായി മദ്രാസിലെ നങ്കൂരപ്പാക്കത്തു് ജീവിക്കാനിടയായ കടവിൽ ശശി, സ്വന്തം ഹൃദയത്തെ എയ്യുമുറിച്ചു ഏതോ നിർദ്ദയമായ ഒരു യാഥാർത്ഥ്യത്തെ സാമൂഹ്യവത്കരിച്ചു് മറ്റൊരു പരിവേഷമായി ആവാഹിച്ചതാണു് "ദുർഗ്ഗം." നല്ല "സ്റ്റേജ് ഇഫക്റ്റു"ള്ള നാടകങ്ങളെഴുതാൻ കഴിവുള്ള യുവാവാണു് ശശി. പക്ഷേ, സ്വാനുഭവത്തിന്റെ ഊഷ്മളതയുണ്ടെന്നു് നാടകകൃത്തു് അവകാശപ്പെട്ടാലും; അസ്വാഭാവികതയുടെ നിറക്കൂട്ടു് കറഞ്ഞതോതിലെങ്കിലും "ദുർഗ്ഗ"ത്തിന്റെ ഇതിവൃത്തഘടനയെ ഉലച്ചിട്ടുണ്ടു്. ആദ്യരംഗമുയരുമ്പോൾ സൃഷ്ടിക്കുന്ന സംഭീതമായ പശ്ചാത്തലമല്ലേ ഇത്തരമൊരു ആരോപണത്തിനു് നിദാനമെന്നു് ശ്രദ്ധിക്കുന്നതു നന്നു്. ശോകപൂരിതമായ പ്രഥമരംഗവും, കറിയാച്ചന്റെ മനോവ്യഥയും, മോളിയുടെ അനവസരത്തിലെ പാട്ടും തുടർന്നുള്ള അന്തഃസംഘർഷത്തിന്റെ ബീജാവാപമാണു". "നിലനിൽപ്പില്ലാത്ത പൊള്ളയായ അന്തസ്സിനും എനിക്കാവശ്യമില്ല" (രം: 1, പേ: 20) എന്നു പറയുന്ന ആൻറണി ആദ്യന്തം വ്യക്തിത്വം പുലർത്തുന്ന ഒരു കഥാപാത്രമാണു".

ഗോപി, കൊടുങ്ങല്ലൂർ

ഷണ്ഡനായ ആ മനുഷ്യൻ അരങ്ങത്തു പൊരിയുന്നുണ്ടു". പക്ഷേ, കെട്ടിയവളായ അമ്മിണി വഴുതിപ്പോവുകയും ചെയ്തു. "ഞങ്ങൾക്കൊരു കുഞ്ഞിനെ തരാൻ അച്ഛനു കഴിയുമോ?" (രം: 4, പേ: 44) എന്ന അമ്മിണിയുടെ അർത്ഥഗർഭിതമായ ചോദ്യം ആൻറിക്ലൈമാക്സായി. അഴുക്കു

മലയാളനാട്

വാരിക

വരിസംഖ്യാനിരക്കു്

ഒരു വർഷത്തേക്കു്	40–00രൂ.
ആറുമാസത്തേക്കു്	20–00രൂ.
ഒറ്റപ്രതി	00–75സ.

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യാനിരക്കിൽനിന്നും പോസ്റ്റേജു് കൂടുതലായിരിക്കുന്നതാണു്.

—മാനേജർ.

ചാലിലേക്കു് തെറിച്ചു വീഴുമായിരുന്നെങ്കിലും ഞാൻ പിടിച്ചുനിർത്തിയതു കൊണ്ടു നിന്നു എന്നെ അമ്മിണിയെക്കൊണ്ടു പറയിപ്പിച്ച നാടകകൃത്തു് അനവസരത്തിലല്ലെങ്കിൽപ്പോലും ഇങ്ങനെ ചോദിപ്പിക്കുതായിരുന്നു. അമ്മിണിയുടെ പൂർവ്വകാലസ്മരണകൾ എത്രതന്നെയായാലും, ഫാദർ ഇഗ്നേഷ്യസിന്റെ സഹോദരനായ ആറണിച്ചായന്റെ ഭാര്യയാണവർ. കുലമഹിമയുള്ള ഒരു തറവാടിന്റെതന്നെ മാണു് അന്നവരെ അവർ ജീവിച്ചതു. ഒരു പക്ഷേ, കാണികളിൽ നേരിയ ചിരിയുണർത്തുന്ന ഈ ചോദ്യം നാടകത്തിൽ കയ്യൊമാകസിനു വേണ്ടിയുള്ള - പൊട്ടിത്തെറിക്കായുള്ള ബദ്ധപ്പാടായിരുന്നുവെന്നു കാണാം. ഉത്തമനായ ഒരു പുരോഹിതനായി നാടകകൃത്തു് വളർത്തിയെടുത്ത ഫാദർ ഇഗ്നേഷ്യസ് അവസാനരംഗങ്ങളിൽ പാളിപ്പോയി. പ്രമേയത്തിന്റെ തീക്ഷ്ണത മനസ്സിലാവുമ്പോൾ അതങ്ങനെയൊക്കെ സംഭവിച്ചു എന്നു വേണമെങ്കിൽ പറഞ്ഞു നമുക്കും ചാരിതാർത്ഥ്യപ്പെടാം. ഇഗ്നേഷ്യസ് ആരാണെന്നു് അമ്മിണി തന്നെ പറയുന്നുണ്ടു്: "തന്റെടത്തോടെ ജീവിതത്തെ നേരിടാനുള്ള ത്രാണി ഉള്ളൊരു മനുഷ്യൻ. നിരാശയിലേക്കു് എടുത്തെറിയപ്പെട്ട ഒരു കാമുകിക്കു് അതും അതിനപ്പുറവും പറയാം. "പ്രതീക്ഷകൾക്കും അപ്പുറത്താണു് ജീവിതമെന്ന ഗാഡ്കർഹ്യ"ന്നെ (P 42) പറഞ്ഞു", തന്റെ സർവ്വസ്വമായ അമ്മിണിയിൽ നിന്നു് നടന്നകന്നു", അപ്പച്ചന്റെ അഭിലാഷത്തിനു വേണ്ടി കത്തോലിക്കാ പുരോഹിതനായ ഇഗ്നേഷ്യസ് അപ്രതീക്ഷിതമായ ഒരു മുഹൂർത്തത്തിൽ; അതേ അപ്പച്ചന്റെ മുഖത്തു് വച്ചു് അമ്മിണിക്കു് കൈ കൊടുത്തതു്, ആ സമയത്തിന്റെ വ്യാപ്തി എത്രയൊക്കെ തീവ്രതരമായിരുന്നാലും ഒട്ടും നീതീകരിക്കാനാവില്ല. "മോഹ"ങ്ങളിൽ തുടിക്കുന്ന ജീവിതത്തിന്റെ തുടിപ്പുകളും, ഉദാത്തമായ സ്നേഹബന്ധങ്ങളുടെ ഇഴുകിച്ചേരലുകളും നീതീകരണത്തിനു വേണ്ടി പറയാമെന്നുമാത്രം. "അനുസരിക്കുകയും അനുസരിപ്പിക്കുകയുമല്ലാതെ ചോദ്യം ചെയ്യാൻ എനിക്കവകാശമില്ലെന്നു" പറഞ്ഞ ഫാദർ ആകാശത്തോളം വലുതാണാവ്യക്തിത്വം. അല്ലെങ്കിലിതു് നീതീകരിക്കാമായിരുന്നു. ജീവിതം വഴുതിപ്പോകുന്ന ആദ്യഘട്ടത്തിൽ ഇഗ്നേഷ്യസ് എടുത്ത തീരുമാനമായിരുന്നുവെങ്കിൽ എങ്കിലും ആൻറണിയുടെ വൈക്ലബ്യവും കറിയാച്ചന്റെ പതനവും ഉജ്ജ്വലമായ നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നുണ്ടു്. പ്രതീക്ഷകൾക്കപ്പുറത്തും ഉയർന്നു നില്ക്കുന്ന മറ്റൊരു കഥാപാത്രമുണ്ടിതിൽ—പാപ്പച്ചൻ, വിഭിന്ന സ്രോതസ്സുകളെ സംഗമിപ്പിക്കുന്ന അനിവാര്യതയു്. "മോളി കുട്ടിയാണു്. ചാപല്യം കൊണ്ടതോ പറഞ്ഞു"—എത്ര പാകതയെത്തിയ വ്യക്തിത്വമല്ലേ. ഒരിക്കലും അലോസരത സൃഷ്ടിക്കാതെ അയാൾ മിന്നിമറയുന്നുണ്ടു്. അമ്മിണിയെക്കാൾ മുന്നിൽ നില്ക്കുന്നതു് മോളിയാണു്. "പറഞ്ഞാൽ എന്നോടു ദേഷ്യപ്പെട്ടുമോ? പിണങ്ങുമോ?—ഞാൻ—ഞാൻ— അങ്ങയെ സ്നേഹിക്കുന്നു! യൗവ്വനത്തിന്റെ വർണ്ണസ്വപ്നങ്ങൾ ചിന്തേരിട്ട ആ നിഷ്ക്കളങ്ക യുവതിയുടെ മോഹാവേശങ്ങൾ എത്ര ആകർഷകം. മോളിയുടെ ചിത്രീകരണത്തിൽ ഒരിക്കലെല നാടകകൃത്തിന്റെ കൈകൾ പാളിയുള്ളു: "ഹൃദയാഭിലാഷങ്ങളെ നിയന്ത്രിക്കാൻ ഇവിടെ ഒരു പുരോഹിതനും ഒരു സമുദായത്തിനും സാദ്ധ്യമല്ലച്ചോ" (രം: 4, പേ: 41). അതു് അതിരു കടന്നു പോയി.

ഉത്കടമായ സാമൂഹ്യമൂല്യം ഉയർത്തിപ്പിടിക്കാൻ നാടകകൃത്തു് ഇതിൽ ഉനിയുന്നതു കാണാം. രംഗത്തു് അവതരിപ്പിക്കുമ്പോൾ വേണ്ടത്ര "ഇഫക്ട്" കിട്ടുകയും ചെയ്യും. ദൈനംദിനജീവിതാനുഭവങ്ങളെ കൈയിലിട്ടു കശക്കി, ഔചിത്യാനൗചിത്യങ്ങളെ മൂല്യനിർണ്ണയം ചെയ്യുമ്പോഴാണു് നേരത്തെ ഉന്നയിച്ച ആരോപണങ്ങൾ പ്രസക്തമാവുന്നതു്. വേദനിക്കുന്ന പുരോഹിതഹൃദയങ്ങളെയും, വികാരവിജൃംഭിതമായ മനുഷ്യമനസ്സുകളേയും തുലനം ചെയ്യുമ്പോൾ അനിവാര്യമായ ഈ പൊട്ടിത്തെറി അഭികാമ്യമാകാം പക്ഷേ, അതു് സാമൂഹ്യവത്കരിച്ചാലേ നിലനില്പുള്ളു.

മുഗ്ദ്ധാനുരാഗത്തിന്റെ പട്ടുനൂലുകൊണ്ടു് വരിഞ്ഞുമുറുക്കിയ ഒരു മമതാബന്ധത്തിന്റെയും അതുണർത്തിയ ദുഃഖദമായ ജീവിതസംഘർഷങ്ങളുമാണു് വൈക്കം ബേബിയുടെ "കായൽ" കാറും കോളും നിറഞ്ഞ കായൽ [ജീവിതത്തിന്റെ പ്രതീകാർത്ഥത്തിലുള്ള ചിത്രീകരണമാണിതിലെ കായലെന്നോർക്കുക] ഈ നാടകത്തിലാദ്യന്തം ഒരസാധാരണ പശ്ചാത്തലമായി വർത്തിക്കുന്നുണ്ടു്. പ്രൊഫഷണൽ നാടകവേദിയെ മുന്നിൽ കണ്ടുകൊണ്ടെഴുതിയതാണെങ്കിലും കൃതഹസ്തരായ "ട്രൂപ്പു"കൾക്കു മാത്രമെ ഇത്തരമൊരു നാടകം രംഗത്തവതരിപ്പിച്ചു് വിജയിപ്പിക്കാനാവൂ.

യാദൃച്ഛികമായുണ്ടായ കാറിലും കോളിലുംപെട്ടു് മറിഞ്ഞ തോണിയിൽനിന്നു് സുജാതമാത്രം ദാരുണമായി മരിക്കുന്നു. അതോടെ ഏകാന്തദുഃഖിതനായി, തന്റെ ഹൃദയത്തിന്റെ ശ്രീകോവിലിൽ പ്രതിഷ്ഠിച്ച സുജാതയെക്കുറിച്ചുള്ള ഓർമ്മകളിൽ മാത്രം മുഴുകി, നീറിനീറി പിടയുകയാണു് ബേബി. മറൊരു ബന്ധത്തെക്കുറിച്ചു് സങ്കല്പിക്കാൻപോലും അയാൾക്കു കെല്പില്ല: അപ്പോഴാണു് മാരകമായ ഓപ്പറേഷനു് ഔസേപ്പച്ചൻ വിധേയനാകുന്നതു. പുരുഷ്യ താങ്ങായിനിന്നു കൂടെ ഒരു ജ്ഞാനു്! സ്ത്രീധനത്തിന്റെപേരിൽ ഏതു നിമിഷത്തിലും ലീലാമ്മയുടെ വിവാഹം ഉലയുമെന്ന നിലയിലുമായി. ഏകാന്തദുഃഖിതരായ ഈ കഥാപാത്രങ്ങളുടെ മാനസികാന്തസംഘർഷത്തിന്റെ ധ്വനി കായലിന്റെ ഓരങ്ങളിൽ മൃദുലമായ മുഴക്കം സൃഷ്ടിക്കുന്നു. സ്നേഹത്തിന്റെ നിത്യവിശുദ്ധിയെ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലൂടെ ചിത്രീകരിക്കുന്നതൊഴിച്ചാൽ കാതലായ പ്രമേയമൊന്നും ഈ നാടകത്തിലില്ല. കര്യാക്കോച്ചേട്ടന്റെ തകർച്ചയും, രാധാകൃഷ്ണന്റെ വ്യക്തിത്വവും, ഔസേപ്പച്ചന്റെ വൈക്ലബ്യവും സ്വാഭാവികതയ്ക്കു് ഹാനികരമായിട്ടില്ലെന്നേയുള്ളു. എങ്കിലും വള്ളക്കാരൻ ഗോപാലൻ ഒരു "ടൈപ്പാ"യിമാറി. രാഷ്ട്രീയം തോന്ന്യമായകട്ടെ പാളിപ്പോവുകയുംചെയ്തു. രാഷ്ട്രീയത്തിൽ തത്വശാസ്ത്രം പൊളിഞ്ഞുപാളീസ്സായെങ്കിലും ജീവിതത്തിൽ – നാടകത്തിലും വ്യക്തിത്വംമങ്ങാതെ സൂക്ഷിക്കാൻ അയാൾ ബാധ്യസ്ഥനാണു്. അക്കാര്യത്തിൽ ആ കാലുകൾ വഴുതിപ്പോയി.

പ്രമേയത്തിലും കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങളിലും ദുർഗ്രഹത്തിനും കായലിനും തമ്മിൽ പ്രകടമായ ഹൃദയബന്ധമുണ്ടു്. ഔസേപ്പച്ചനും ആൻറണിക്കും, രാധാകൃഷ്ണനും പാപ്പച്ചനും ഒക്കെ രക്തബന്ധമുണ്ടെന്നർത്ഥം. സൂക്ഷ്മവീക്ഷണത്തിൽ മോളിക്കും ലീലാമ്മയ്ക്കുപോലും. അതുകൊണ്ടു് ഇതിലെ ഏതെങ്കിലും ഒരു നാടകകൃത്തു് മറൊരാളെ സ്വാധീനിച്ചിട്ടുണ്ടെന്നർത്ഥമില്ല. കൈതഴക്കംകൊണ്ടു് പ്രമേയത്തിന്റെ ദാർഢ്യവും ആവിഷ്കരണമികവും താരതമ്യേന "ദുർഗ്ര"ത്തിനേറും. കഥാപാത്രങ്ങളോടു് കൂടുതലും നീതിപുലർത്തിയതു് ബേബിയും. ഇവരോരോരുത്തരും ജീവിതമെന്ന ഈ പ്രഹേളികയ്ക്കുമുമ്പിൽവന്നു്, ആട്ടവും പാട്ടും കഴിഞ്ഞു്, അരങ്ങു മുഖ്യപ്പിക്കാതെതന്നെ പിൻവാങ്ങുന്നു. അതുകൊണ്ടുമാത്രം നേട്ടമായി വിലയിരുത്താനാവില്ലല്ലോ.

ഏഴുണ്ടവെളിച്ചം (ഏകാങ്കങ്ങൾ) — ഏബ്രഹാം ജോസഫ് വില 4-00

ദുർഗ്രം (നാടകം) കടവിൽ ശശി വില 3-00 പ്രസാധകർ സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

കായൽ (നാടകം) — വൈക്കം ബേബി വില 3-00 വിതരണം വിദ്യാർത്ഥിമിത്രം കോട്ടയം.

മുന്നു

"കല കലയ്ക്കുവേണ്ടി" എന്ന കാഴ്ചപ്പാടു് "കല കലാകാരനുവേണ്ടി" എന്നതാണെന്നു് കാഡ്വൽ പറയുന്നു. തനിക്കു പരിചിതരായവർക്കുവേണ്ടിയാണല്ലോ ബൂർഷ്വാകലാകാരൻ രചന നിർവ്വഹിക്കുന്നതു്. സമൂഹത്തിന്റെ ഹൃദയങ്ങളിൽ നിന്നു് "പൊതുവിപണി" അയാളെ അകറ്റിനിർത്തുന്നു. മനുഷ്യന്റെ അദ്ധ്വാനം ജീവച്ഛക്തിയെ നക്കിയെടുക്കുകയും, വിശ്രമവേള മനസ്സിനെ മരവിപ്പിക്കാനുള്ള മാദ്ധ്യമമാക്കുകയും ചെയ്യുമ്പോൾ അവൻ വികാരപരമായ തഴക്കിയുറക്കൽ ആവശ്യപ്പെടുന്നു. ഈ സന്ദർഭത്തിൽ കലാകാരന്റെ കരവിരുതു് ശ്രമകരമാകുന്നു. മടുപ്പിക്കുന്നതായിത്തീരുന്നു. എതുയും സാമൂഹ്യമതം. ഇതു് സമൂഹത്തെ തലതിരിച്ചു കാട്ടുന്നു. ഇവിടെ ബൂർഷ്വാമിഥ്യ യാഥാർത്ഥ്യമായി ചിത്രീകരിക്കപ്പെടുന്നു. പട്ടിണികിടക്കുന്ന വികരങ്ങളെ കുറഞ്ഞനിരക്കിൽ അതു് സംതൃപ്തമാക്കുന്നു.

കല എങ്ങിനെ ധർമ്മം അനുഷ്ഠിക്കുന്നു.?

കല അതിന്റെ ധർമ്മം നിറവേറുന്നതു് ബാഹ്യയാഥാർത്ഥ്യത്തെ രൂപഭേദപ്പെടുത്തിയിട്ടാണു്. ഭാഷ ബാഹ്യലോകത്തിൽനിന്നു വ്യത്യസ്തമായ ചില പ്രതീകങ്ങളായി മാറുന്നു. കാഡ്വലിനെ സംബന്ധിച്ചിടത്തോളം എല്ലാ കലാസൃഷ്ടികളും ആത്മനിഷ്ഠമാണു്. സ്വപ്നമെന്നപോലെ, പ്രകടിപ്പിക്കാൻസാദ്ധ്യമായ ഒരുഭാവാംശമുണ്ടു് കലയ്ക്കു്. പക്ഷേ പരാവർത്തന



നരേന്ദ്രപ്രസാദു്

മായ പ്രവർത്തനത്തെപ്പറ്റി എതുയും സാമൂഹ്യകാര്യമായ കലാസൃഷ്ടിനടത്തി സത്യം സ്വാതന്ത്ര്യം നേടുന്നതായികലാകാരൻ വിശ്വസിക്കുന്നു.

ഇതിനിടയിൽ കാണികൾ സാർവ്വലൗകികമായിത്തീരുന്നു. അതാണു് ജനപ്രിയകല. അതാണു് ഇപ്പോഴുള്ള യഥാർത്ഥ തൊഴിലാളിവർഗ്ഗ (Proletarian) കല. അപസർപ്പക കഥകളും പ്രണയകഥകളും പതഞ്ഞുപൊങ്ങുന്നു. മുതലാളിത്ത സംസ്കാരത്തിൽ ഉപഭോക്തൃപക്ഷത്തിനുണ്ടായിരിക്കുന്ന ദുരിതത്തോടും വൈകാരികമായ ദാരിദ്ര്യത്തോടും ഒത്തുചേർന്നുപോകുന്ന സാഹിത്യമാണിതു്. ഇതാണു് ആധുനികസംസ്കാരത്തിലെ മതം: "വികാരമൂർച്ചയെത്തിയ കുമുകരും കൗബോയ്മാരും ഡിറാക്റ്റീവുകളുടെയിതാണു് ഈ വൻ കല അഭ്യർത്ഥിക്കുന്നു.

കവിതയിലെ ഞാൻ" ഒരു പ്രത്യേക ഞാനല്ല. അതു് കൂട്ടായിജീവിക്കുന്ന മനുഷ്യരിലാകെയുള്ള "ഞാനാ"ണു്. സൗന്ദര്യാത്മകമായതെന്നുംസാമൂഹ്യവികാരമുദ്ഘോഷിക്കുന്നു. സൗന്ദര്യം നഷ്ടപ്പെട്ടപ്പോൾ മാത്രമേ, പ്രത്യേകവ്യക്തിയുടേതായ കാര്യങ്ങൾ പറയാൻ കഴിയൂ. ഒരു കവിത അതിനുള്ളിൽ ദൃഢബദ്ധം (Consistent) ആയിരിക്കും, ആയിരിക്കണം. എന്നാൽ ഒരു കവിത മറ്റൊരു കവിതയോടു് അവിരുദ്ധം ആയിരിക്കണമെന്നുപറയുന്നതു് തെറ്റാണു്.

ഭാവസംയോഗം

കവിതയുടെ സ്വഭാവം വെറും വികാരമല്ല. അതു് സുഘടിതവികാരമാണു് (organised emotion.) ബാഹ്യമായ യാഥാർത്ഥ്യത്തോടു് ബന്ധപ്പെട്ടിരിക്കുന്ന വികാരമാണതു്. അതുകൊണ്ടാണു് സംഘടിതമല്ലാത്ത (ഭാവങ്ങളുടെ സംയോഗത്താൽ നിഷ്പന്നമാകാത്ത) വികാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അതിനു ലഘിക്കുന്ന മേന്മ. പെട്ടെന്നുള്ള ദുഃഖവും, അന്ധമായ ദ്വേഷവും, ശ്രൂന്യമായ ദുഃഖവും സൗന്ദര്യാത്മകമല്ലാത്തതു്, അവ സുസംഘടിതമാകാത്തതുകൊണ്ടാണു്. ഈ സംഘടിതത്വത്തിന്റെ അടിസ്ഥാനം പൊതുവായ വികാരലോകമാണു്" (common feeling world.) കോഡ്വലിന്റെ കലാവീക്ഷണത്തിലെ അതിപ്രധാനമായ ഒരു സങ്കല്പമാണിതു്. "പ്രവൃത്തികൊണ്ടു് മനുഷ്യർക്കു് അന്യോന്യം വികാരങ്ങളിൽ മാറ്റംവരുത്തുവാൻ സാധിക്കുന്നതുകൊണ്ടു് അവർ പൊതുവായൊരു വികാരലോകത്താണു് ജീവിക്കുന്നതു്". "കോഡ്വൽ പറയുന്നു. "അത്തരം മാറ്റങ്ങളുടെ ആകെത്തുകയായി, സുഘടിതവും മനുഷ്യരിൽ നിന്നും വിട്ടുതൽനേടിയതുമായ ജീവിതത്തിൽ ഉയർന്നവരുന്നതാണു് കല. അതു് തെയല്ല, മുത്തമായ ജീവിതത്തിൽ ഉയർന്നവരുന്നതാണു് കല.

സൗന്ദര്യത്തിനു അതിനേറെതായ ഒരു മണ്ഡലമുണ്ടെന്നു് കോഡ്വൽ വിശ്വസിക്കുന്നു. പക്ഷേ, അതു് അദ്ദേഹം വിശദീകരിച്ചില്ല. സൗന്ദര്യവും കലയും തമ്മിലുള്ള ബന്ധവും അദ്ദേഹം വിശദമായി ചർച്ച ചെയ്തില്ല. എന്നാൽ കലാകാരൻ പാരമ്പര്യവും സ്വന്തം അനുഭവവും തമ്മിലുള്ള സംശ്ലേഷണത്തിനു് മുമ്പു് വേദന അനുഭവിക്കുന്നതായി കോഡ്വൽ ചൂണ്ടിക്കാട്ടുന്നു. മനുഷ്യരാശിയുടെ ചിരന്തനമായ ഒരനുഭവമെന്ന നിലയിൽ സൗന്ദര്യം സാമൂഹ്യപാരമ്പര്യമായി നിലനിൽക്കുന്നുവെങ്കിലും, ശംസ്കൃതത്തിലെന്ന പോലെ, പുതിയ സൗന്ദര്യാനുഭവവും വൈയക്തികമായാണു് ആവിർഭവിക്കുന്നതെന്നദ്ദേഹം കണ്ടു.

ബുഖാറിനു് (Bukharin)

കവിത സാമൂഹ്യപ്രവർത്തനത്തിന്റെ പ്രതീകമാണു്. എന്നാൽ പ്രാതിനിധ്യവാദത്തെ (representationalism) അവഗണിച്ചുകൊണ്ടു് കോഡ്വൽ പറയുന്നു, കവിത തനതായ ഒരു സാമൂഹ്യപ്രവർത്തനം തന്നെയെന്നു്. "നാം നമ്മെ പരിവർത്തിപ്പിക്കുമ്പോൾ, ലോകത്തെ പരിവർത്തിപ്പിക്കുന്നു; ലോകത്തെ മാറ്റുമ്പോൾ നാം ലോകത്തെക്കുറിച്ചു കൂടുതൽ പഠിക്കുന്നു; ലോകത്തെക്കുറിച്ചു കൂടുതൽ പഠിക്കുമ്പോൾ നാം നമ്മെത്തന്നെ മാറ്റുന്നു. നാം നമ്മെത്തന്നെ മാറ്റുമ്പോൾ നാം നമ്മെക്കുറിച്ചു കൂടുതൽ പഠിക്കുന്നു; നാം എന്താണെന്നു കൂടുതൽ പഠിക്കുമ്പോൾ നാം എന്തായിത്തീരുന്നു എന്നു പഠിക്കുന്നു. കൂടിച്ചേരുന്ന മനുഷ്യർ പ്രകൃതിയുമായി ജീവിതായോധനം നടത്തുന്നതിന്റെ ധ്വയലക്ഷ്യമാണു് ഇതാണു്." അതിനാൽ കല നമ്മുടെ കാര്യപ്രവർത്തനത്തിന്റെയും മാപിനിയാണു് (a compass to every act.)

വിപ്ലവം വരുത്തുന്നതിനു് സാഹിത്യം മുഖ്യമായ എന്തെങ്കിലും പങ്കു വഹിക്കുന്നതായി കോഡ്വൽ പറയുന്നില്ല. സാഹിത്യത്തിനു് പരിമിതമായ അനുവാചകവലയമേയുള്ളു. അതു മതി താനും, എന്നു കാഴ്ചപ്പാടാണു് അദ്ദേഹത്തിന്റേതു്. ഭാവിയെക്കുറിച്ചു ചിന്തിക്കുന്ന ബൂർഷ്വാകലാകാരന്മാരും തൊഴിലാളിവർഗ്ഗത്തിൽനിന്നു വരുന്ന കലാകാരന്മാരും തൊഴിലാളിവർഗ്ഗകല നിർമ്മിക്കുന്നു. അതു് തൊഴിലാളിപ്രസ്ഥാനത്തെ ആവിഷ്കരിക്കുന്നു. ഒരു വർഗ്ഗമെന്ന നിലനില്പു് അവസാനിപ്പിച്ചു് സമൂഹവുമായി ഒന്നിപ്പി

ക്കാൻ ശ്രമിക്കുന്ന കലയാണത്. എന്നാൽ വിപ്ലവത്തിനു മുമ്പ് തൊഴിലാളിവർഗ്ഗകലയ്ക്ക് വലിയ പ്രാധാന്യമില്ല; കാരണം അത് വളരെ ചെറിയ അനുവാചകവൃന്ദത്തെ മാത്രമേ സമീപിക്കുന്നുള്ളൂ.

തൊഴിലാളിവർഗ്ഗകലാകാരൻ അനുവാചകരുടെ മോഹവും ഔദ്ധത്യവും അവരുടെ യഥാർത്ഥജീവിതത്തിലെ ദുരിതങ്ങളുടെ കാരണം ഇല്ലാതാക്കുന്നതിനു് തിരിച്ചുവിടുന്നു. പക്ഷേ, കവിക്ക് വിപ്ലവത്തിന്റെ നേതൃത്വം ആർജ്ജിക്കാൻകഴിയുന്നതല്ല.എന്തെന്നാൽ അന്യമൂല്യങ്ങളുടെ സമ്പർദ്ദംകൊണ്ട്, അയാളുടെ ലോകം യഥാർത്ഥലോകത്തിന്റെ വളരെ ചെറിയ ഭാഗമായിത്തീരുകയും. അതു വികസിപ്പിക്കുകയെന്നതാകട്ടെ, വിപ്ലവത്തിന്റെ ഉത്തരവാദിത്വമാണ്.

തൊഴിലാളിവർഗ്ഗകലയ്ക്ക് മറ്റൊരു ന്യൂനതയുണ്ട്: ഭാവപരമായ ദൗർബല്യം. ബൂർഷ്വാസിയുമായി തെറ്റിപ്പിരിഞ്ഞ് തൊഴിലാളിവർഗ്ഗവുമായി ഇട്ടിക്കുട്ടുന്ന കലാകാരന്മാർക്ക് വിനാശകരമായ വീക്ഷണമാണുള്ളത്. (അതാണ് ഇന്നു നമ്മുടെ നാട്ടിൽ വിപ്ലവവീക്ഷണമായികൊണ്ടാടപ്പെടുന്നത് എന്നു് ഒട്ടാലോചിച്ചാൽ വ്യക്തമാകും) എന്നാൽ കലാകാരന്മാർ എന്ന നിലയ്ക്ക് സൃഷ്ടിപരമായ ഒരു അഭിവീക്ഷണവും അവർക്കില്ല. സാമ്പത്തികകാര്യങ്ങളിൽ അവർ സോഷ്യലിസം സ്വീകരിക്കുന്നു. എന്നാൽ ബൂർഷ്വാകലയുടെ സ്ഥാനം ഏറ്റെടുക്കുന്ന ഒരു കലയുടെ പുതിയ രൂപഭാവങ്ങളെ അവർക്ക വിഭാവനചെയ്യാൻ കഴിയുന്നില്ല. അവരുടെ വിപ്ലവബോധം പ്രജ്ഞാപരവും പ്രവൃത്ത്യുന്മുഖവുമാണ്; വൈകാരികവും ആവിഷ്കരണക്ഷമവുമല്ല. അവരുടെ രചനയുടെ വൈകാരികസന്ദർഭങ്ങൾ അവ്യക്തവും, വികേന്ദ്രീകൃതവും കുഴഞ്ഞുമറിഞ്ഞതുമാണ്. അവരുടെ ഭാവവിദർശനം രോഗഗ്രസ്തമാണ്. തൊഴിലാളിവർഗ്ഗത്തിന്റെ എല്ലാ ആവശ്യങ്ങളും അവർ അംഗീകരിക്കുന്നു. കലയുടേതിലൊഴിച്ച് എല്ലാ ജീവിതമണ്ഡലത്തിലും. ഇത് കലാകാരനെ സംബന്ധിച്ചിടത്തോളം വിനാശകരമാണ്. കാരണം, അയാളുടെ മുഖ്യധർമ്മം കലാകാരനായിരിക്കുക എന്നുള്ളതാണ്. ഇത് അവരുടെ ജീവിതവും കലയും തമ്മിലുള്ള സാവധാനമായ ഒരു വേർപെടലിനു വഴിവയ്ക്കുന്നു. മാത്രമല്ല, അതോടെ അവ "സജീവതൊഴിലാളിവർഗ്ഗസിദ്ധാന്ത"ത്തെ യാന്ത്രികമായി ഉപയോഗിക്കുന്നു. ആഡൻ, സ്പെൻഡർ, ഡേലൂയി എന്നിവരെക്കുറിച്ചാണ് കോഡ്വൽ ഇവിടെ സൂചിപ്പിക്കുന്നത്. സോഷ്യലിസത്തിൽപോലും കുറെനാളത്തേയ്ക്ക് ബൂർഷ്വാകലയെ സമീപിക്കാൻപോലും തൊഴിലാളിവർഗ്ഗകലയ്ക്ക് കഴിയുമെന്നു തോന്നുന്നില്ല. കോഡ്വൽ ചോദിക്കുന്നു:

"തൊഴിലാളിവർഗ്ഗസമൂഹം അതിന്റേതായ അവബോധം വികസിപ്പിക്കുന്നതിനുമുമ്പ് തൊഴിലാളിവർഗ്ഗകലയ്ക്ക് എങ്ങിനെ ബൂർഷ്വാകലയെക്കാൾ ഉയർന്ന രൂപത്തിൽ നിലനിൽപ്പാൻ കഴിയും? നിലനില്പുന്ന സാമൂഹ്യോല്പന്നം പ്രത്യയശാസ്ത്രത്തിന്മേൽ പ്രതിഫലിക്കുന്നതാണ് കല."

കമ്മ്യൂണിസ്റ്റ് അവബോധമുണ്ടാകുന്നകാലത്തു മാത്രമേ തൊഴിലാളിവർഗ്ഗകലയുണ്ടാകുകയുള്ളുവെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ അന്നത് തൊഴിലാളിവർഗ്ഗകലയായിരിക്കുകയില്ല. തൊഴിലാളിവർഗ്ഗകലയെന്നൊന്നില്ല;കമ്മ്യൂണിസ്റ്റുകലയേ ഉള്ളൂ.

V

സഹജവാസനകളെ വിന്യസിക്കുന്നത് കലാകാരന്റെ ഇഷ്ടത്തിനനുസരിച്ചോ, സമൂഹത്തിന്റെ ഇഷ്ടത്തിനനുസരിച്ചോ? കലാകാരന്റെ ആവശ്യങ്ങൾ എങ്ങിനെയാണ് വ്യാഖ്യാനിക്കേണ്ടത്? സാഹിത്യത്തിന്റെ ധർമ്മത്തെക്കുറിച്ച് ഇന്നയാൾ ഒന്നുമാധി ചോദ്യങ്ങൾക്ക് നിഷ്കൃഷ്ടമായ ഉത്തരങ്ങൾ കോഡ്വൽ നൽകുന്നില്ല. കോഡ്വലിന്റെ നേട്ടങ്ങളെല്ലാം സ്വന്തമാണ്. കോട്ടങ്ങൾ 1930 – കളിലെ സാംസ്കാരികകാലാവസ്ഥയുടേതും. ഒരു സമൂഹത്തിന്റെ അവബോധം അതിലെ ഭരണവർഗ്ഗത്തിന്റെ അവബോധമാണെന്ന ആശയം, ഉടൻതുടന്ന സോഷ്യലിസ്റ്റ് വിപ്ലവം സംഭവിക്കുമെന്ന വിചാരം — ഇതു രണ്ടുമാണ്, മുപ്പതുകളിലായി കോഡ്വൽ പങ്കിട്ട രണ്ടുകാര്യങ്ങൾ.

ഹിറ്റ്ലർ രണ്ടാംലോകമഹായുദ്ധം തുടങ്ങാതിരിക്കാനും ബ്രിട്ടനിൽ മാർക്സിസം പ്രചരിപ്പിക്കുവാനും ആയിരുന്നു മുപ്പതുകളിലെ സാംസ്കാരികവേദികൾ പ്രധാനമായി ശ്രമിച്ചുകൊണ്ടിരുന്നത്. ഒറ്റയിമണ്ട് വില്യംസ് ചൂണ്ടിക്കാട്ടുന്നു. താല്ക്കാലിക രാഷ്ട്രീയമാനദണ്ഡങ്ങളനുസരിച്ച് സാഹിത്യത്തെ വിലയിരുത്തുകയെന്ന അസാദ്ധ്യതയിലാണ് അവർ കൈവച്ചത്.

(തുടരും)

—*—

വായിച്ചിരിക്കേണ്ട
പുസ്തകങ്ങളാം

1. ദാമ്പത്യ ജീവിതശാസ്ത്രം വില രൂ. 1–50, 2. സന്താനനിയന്ത്രണം (ഫാമിലിപ്ലാനിംഗ്) വില രൂ. 1–50, 3. രഹസ്യലൈംഗിക രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും വില രൂ. 1–50, 4. സ്വർണ്ണമാല (വല്ലച്ചിറ മാധവൻ എഴുതിയ നോവൽ) വില രൂ. 2–50.

പുസ്തകങ്ങൾ V. P. ആയി അയച്ചുകൊടുക്കുന്നതാണ്. തപാൽചിലവ് രൂ. 2 വസൂലാക്കും. പൂർണ്ണവിവരങ്ങളടങ്ങിയ കാറ്റലോഗ് ആവശ്യമുള്ളവർ 50പൈസ സ്റ്റാമ്പ് അയയ്ക്കുക.

DAB AGENCIES
Kojimatha. Kottayam,
KERALA.

ഗ്രീഷ്മത്തിലെ കുറിപ്പുകൾ

വി. സുന്ദരേശൻ

ഭൂമി

ദേവനലിൻ തീക്ഷ്ണശരംകൊണ്ടു–
മാറിടം
വേദനപൂണ്ടോരു ഭൂമി
ദാഹിച്ചുചുണ്ടുകൾ നീർമണികാണാതെ
വാടിവരണ്ടോരു ഭൂമി
താമരക്കണ്ണുകളാലസ്യമാന്നിതൾ
താനേതളരുന്ന ഭൂമി
സ്വപ്നം തിരിനീട്ടിയെങ്കിലും പുഷ്പമായ്
തീരാത്ത നിർഭാഗ്യ ഭൂമി
കാനൽജലംകണ്ടു മോഹങ്ങൾ പായുന്ന
കാണാത്ത സൗവർണ്ണഭൂമി.
എന്റെ കിനാവിന്റെ ഭൂമി.

അഗ്നിശൈലം

നീൾമിഴിതേടുന്ന സത്യങ്ങൾലാവയാ–
യുള്ളിൽതിളയ്ക്കുന്നയഗ്നിശൈലം
പൊട്ടിയൊഴുകിയാലായുഷ്ണധാരയിൽ
പെട്ടമരിക്കുവാൻ നോറ്റകാലം
കാലം നിരാശനായ് പൊട്ടിയൊഴുകിയി–
ല്ലഗ്നിശൈലം മൗനധ്യാനംപൂകി–
ഭഗ്നമനോരഥം നിദ്രപൂകി.

വർഷം

പുതുതാലിചാർത്തിയ പൂർവ്വസന്ധ്യയി–
ലെത്തിയവർഷമേഘങ്ങൾ കണ്ടു
ഗ്രീഷ്മാഗ്നിനിന്നുജ്വലിക്കുന്ന വാനവും
ഭൂമിയും മോഹാന്ധരായനേരം
അഗ്നിയാൽപൊട്ടിത്തെറിക്കാതെയിന്ദ്രൻ–
നമ്മുകലയ്ക്കുവാൻ പോന്നതാരോ?
എന്നന്തരംഗിയോ സങ്കല്പമോകാല–
മന്ദാരം പുഷ്പിച്ചബാണങ്ങളോ
ആയിരംതപ്തഹൃദന്തം വമിച്ചതാ–
മുഷ്മളനിശ്വാസധാരകളോ?

സമ്മർ ഫ്രോക്ക് മോഷണവും ബുദ്ധിശാലിനിയായ മണ്ടിയും

ന്യൂയോർക്കിനു് സമീപമുള്ള ഒരു സ്ഥലത്താണു് സംഭവം നടന്നതു്. ജാനറ്റ് സിൻക്ളെയറിന്റെ ഒരു പരാതി സ്ഥലത്തെ പോലീസിനു തലവേദനയായി. തോട്ടത്തിൽ ഉണക്കാനിട്ടിരുന്ന തന്റെ വിലയേറിയ വസ്ത്രങ്ങൾ കാണാനില്ലെന്നായിരുന്നു അവരുടെ പരാതി. വസ്ത്രങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ പരാതിയിലുണ്ടായിരുന്നു. തിരക്കുപിടിച്ച തെരുവീഥികളിൽ. സമയത്തെ പിന്നിട്ടു പായുന്ന മനുഷ്യരിൽനിന്നു് ഈ വസ്ത്രങ്ങളെക്കുറിച്ചെങ്ങനെ അറിയും? പോലീസ് നിസ്സഹായതയോടെ തിരച്ചിലാരംഭിച്ചു. ആഴ്ചകൾ കഴിഞ്ഞിട്ടും പോലീസിനു് ഒരു തുമ്പും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ആയിടയ്ക്കു് ജാനറ്റ് സിൻക്ളെയർ ഒരു സായാഹ്നസവാരിക്കിറങ്ങിയപ്പോൾ അതിവസുന്ദരിയായ ഒരു യുവതിയെക്കണ്ടു. അവളുടെ മധുരമായ ചിരിയിൽ ലയിച്ചു നില്പുവേയാണു്, അവൾ ധരിച്ചിരുന്ന സമ്മർ ഫ്രോക്ക് ശ്രദ്ധിച്ചതു്! അവൾ കണ്ണുതിരുമ്മി ഒന്നുകൂടി നോക്കി — അതു് എന്റെ സമ്മർ ഫ്രോക്കല്ലേ? ജാനറ്റ് ഒരു പോലീസുകാരനെ വിളിച്ചു് ആ പെൺകുട്ടിയെ കയ്യോടെ ഏല്പിച്ചു. തന്റെ പരാതിക്കടലാസിന്റെ രജിസ്റ്റർനമ്പറും പറഞ്ഞുകൊടുത്തു.

കോടതിയിൽ പട്രീഷ്യാ ഫാർനറ് ഇപ്രകാരം മൊഴിനൽകി "ഈ സമ്മർ ഫ്രോക്ക് ഞാൻ ജാനറ്റിന്റെ വീട്ടിലെ തോട്ടത്തിൽനിന്നും മോഷ്ടിച്ചതല്ല. എന്റെ ബോയ്ഫ്രണ്ടു് എനിക്കു് സമ്മാനിച്ചതാണിതു്. ഇതുപോലെ മറ്റനേകം ഫ്രോക്കുകളും അദ്ദേഹമെനിക്കു തന്നു." അദ്ദേഹം എവിടെ ജോലിചെയ്യുന്നു എന്ന ചോദ്യത്തിനു് "ഒരു ഫാഷൻ സല്ലണിൽ" എന്നവൾ മറുപടിനൽകി.

"നിങ്ങളുടെ ബോയ്ഫ്രണ്ടിന്റെ പേരെന്താണു്?" മിസ്സിസ് സിൻക്ളെയർ ചോദിച്ചു. "ആൽഫ്രഡ് സിൻക്ളെയർ" പട്രീഷ്യാ മറുപടിപറഞ്ഞു.

നെറികെട്ട അവിശ്വാസിയായ ആ ഒർത്തഭീകര കോടതിയിൽ ഹാജരാക്കി. സ്വന്തം ഭാര്യയുടെ സമ്മർഫ്രോക്കുകൾ മോഷ്ടിച്ചതിനു് അയാൾക്കു വലിയ പിഴ നല്കി. താക്കീതിനുശേഷം ആൽഫ്രഡിനെ മോചിപ്പിക്കുമ്പോൾ മിസ്സിസ് സിൻക്ളെയർ കോടതിയിൽനിന്നു് പൊട്ടിക്കരയുകയായിരുന്നു;

"റിറിറ്റ്ബിറിറ്റ്സു" എന്ന വാത്സ്യായനകാരികയിൽവന്ന രസകരമായ ഒരു സംഭവമാണിതു്. ഞാനിതു വായിക്കുമ്പോൾ എന്റെ ഭാര്യ സമീപമുണ്ടായിരുന്നു. "ഓ! ഈ പുരുഷന്മാർ എത്ര നന്ദികെട്ടവരാണെന്നോ?" തുടർന്നവൾ അസഹ്യതയോടെ നന്ദികേടിനെക്കുറിച്ചു സംസാരിച്ചു. "നിന്റെ സാരി ഞാൻ മോഷ്ടിച്ചു" എന്റെ കാമുകിക്കു് ജന്മദിനപ്രസന്റായി നൽകിയെന്നിരിക്കട്ടെ. അത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതായിരിക്കട്ടെ. പക്ഷേ അപ്പോഴൊക്കെ ഒരു കാര്യം നീയോർക്കണം നിന്റെ ഹൃദയം നിന്റെ സംരക്ഷണയിൽത്തന്നെയുണ്ടാവുമെന്നു്". ഞാൻ പറഞ്ഞതിന്റെ അർത്ഥം അവൾക്കു് മനസ്സിലായില്ല. അവൾ ബുദ്ധിശാലിനിയായ മണ്ടിയാണു്.

ഷോംകോണറിയും ജെയിംസ്ബോണ്ടും

ജെയിംസ്ബോണ്ടു് അനശ്വരതയെ പുൽകിയ ഒരത്ഭുതപ്രതിഭാസമാണു്. ഡള്ളസിൽവച്ചു് പ്രസിഡണ്ടു് കെന്നഡി കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അറാഷേ കേയ്സിൽ ഒരു ബോണ്ടു് നോവലുണ്ടായിരുന്നുവെന്നു പറയുമ്പോൾ തന്നെ ഈ വിശേഷണം ന്യായീകരിക്കുമല്ലോ നൂറുശതമാനം. മജ്ജയും മാംസവും നേടിയ ഒരു സമസ്യ എന്നു പറയുന്നതാവും ഭംഗി. ചലച്ചിത്രപ്രേമികളെ സംബന്ധിച്ചിടത്തോളം ഷോൺകോണറി ഈ അത്ഭുതം പങ്കിട്ടെടുക്കുന്നു. ഈ രണ്ടു് സങ്കല്പയഥാർത്ഥ്യങ്ങൾ തമ്മിലുള്ള; കൂട്ടായി ലയിച്ചുചേർന്നുള്ള മല്പിടുത്തം രസകരമായ ഒരു കാഴ്ചയായിരുന്നു. ആദ്യകാലത്തു് ഇയാൻ ഫ്ളെമിങ്ങിനുവരെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിലും ലോകത്താകമാനമുള്ള ജെയിംസ്ബോണ്ടു് ആരാധകർ പൂർണ്ണമനസ്സോടെ അംഗീകാരംനൽകിയ ഒരു നടനായുള്ള ഷോൺ കോണറി. ചോരയിലിനിയും കുമിളകളുവശേഷിക്കുന്ന മദ്ധ്യവയസ്കകൾപോലും അത്താഴവിരുന്നുകളിലെ തിരക്കിനിടയിൽനിന്നു് തട്ടിത്തടഞ്ഞുകളിൽ ചോരയപ്പാട്ടകൾ മോഹിച്ചു് നിഴലുകളുറങ്ങുന്ന മൂലകളിലേക്കു് തന്നെ നയിച്ചിട്ടുണ്ടെന്നു് കോണറിതന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ടു്. ഗോതമ്പുകതിർക്കുലപോലെ ഉലഞ്ഞുവീഴുന്ന മുടിയിൽ ചുവന്ന റിബൺധരിക്കുന്ന ഒപ്പൺകുട്ടിയെ ബീജഗണിതം പഠിപ്പിക്കുകയും. ഇൻഫ്രാറെഡ്ഫൊട്ടോഗ്രഫിക്കുവേണ്ടി ക്യാമറയുമായി എതിർപാളയത്തിൽ നുഴഞ്ഞുകയറുകയുംചെയ്യുന്ന ചാരകഥാപാത്രത്തെ ബോണ്ടിന്റെ എതിരാളിയായി റഷ്യാക്കാർ സൃഷ്ടിച്ചുവെന്നതതുപോലെ അയാളുടെ പ്രശസ്തി എത്രയുത്തുംഗതയിലാണെന്നതിനു് തെളിവാണു്. എന്നാൽ ആവർത്തനവിരസതയിൽനിന്നും രക്ഷനേടി കോണറിയും ടറെൻസ് യംഗും സ്ഥലംവിട്ടതോടെ ബോണ്ടിസം ഇന്നു് ആത്മാവു് നഷ്ടപ്പെട്ട ഒരു മൃതദേഹംമാത്രമായിരിക്കുന്നു. കോണറിയെക്കൂടാതെ പുറത്തുവന്ന ബോണ്ടു്ചിത്രങ്ങളിൽ കണ്ടിരിക്കാവുന്നതു് "രാജ്ഞിയുടെ രഹസ്യസേന"മാത്രമാണു്. ആസ്ട്രേലിയയിൽനിന്നുള്ള പരസ്യമാതൃകക്കാരൻ ജോർജ്ജ് ലെയ്ഡൻബി തട്ടിത്തടഞ്ഞുതടഞ്ഞുവീണുകൊണ്ടു്, സാഹസികകഥാപാത്രമെന്നതിലുമുപരി കാമുകനെന്ന നിലയിലുമായിരുന്നു. റോഗർമൂർ ബോണ്ടിന്റെ ആടയാഭരണങ്ങളണിഞ്ഞു് ഈയിടെ പ്രത്യക്ഷപ്പെട്ടു. "സുവർണ്ണത്തോക്കു് കൊണ്ടുനടക്കുന്നയാൾ" "ജീവിച്ചു, മരിക്കാനനുവദിക്കൂ" എന്നീ ചിത്രങ്ങളിലൂടെ തമിഴ്സിനിമാവേദിയിൽ തലയും ചുമലും ശരീരത്തെത്തുല്ലം ചരിച്ചു് നെട്ടോട്ടമോടുന്ന ജയശങ്കറിനു നൽകാൻകഴിഞ്ഞ ഭാരംപോലും മുറിനു് നൽകാൻ കഴിഞ്ഞില്ല എന്നതു് നഗ്നസത്യമാണു്. ഷോൺ കോണറിയിലൂടെ ബോണ്ടു് ഇനിയും പുനർജനിക്കുമോ അതോ ബോണ്ടിലൂടെ കോണറി കാലഘട്ടങ്ങളെ കടക്കുമോ? കാലം തീരുമാനിക്കട്ടെ.

വി. ബി. സി. നായർ

മോൺട്രിയൽ ഒളിമ്പിക്സിന്റെ സമാപനച്ചടങ്ങു് നടന്നുകൊണ്ടിരിക്കുമ്പോൾ സ്റ്റേഡിയത്തിലൂടെ ഒരു യുവാവു് നഗ്നനായി ഓടി. ഗ്രൗണ്ടിനു നടുവിൽ നൃത്തമാടിക്കൊണ്ടിരുന്ന അഞ്ചാറു പെൺകുട്ടികൾക്കിടയിലൂടെ അയാൾ കടന്നുപോയപ്പോൾ ഏകദേശം തൊണ്ണൂറായിരം കാണികൾ കരഘോഷംമുഴക്കി ആഹ്ലാദിച്ചു. പക്ഷേ, ഈ സ്ട്രീക്കിംഗ്വാർത്ത് വിദേശപത്രങ്ങളിൽ യാതൊരു പ്രാധാന്യവും നൽകിയിരുന്നില്ല. കാരണം ഈ നഗ്നഓട്ടക്കാരുടെ കാലം കഴിഞ്ഞിരിക്കുന്നു എന്നതുതന്നെ, അതിന്റെ അർത്ഥം. സ്ട്രീക്കിംഗുകാരുടെ സ്ഥാനം ഇപ്പോൾ പൂർണ്ണചന്ദ്രപ്രദർശകർ എറ്റെടുത്തിരിക്കുന്നു. മനുഷ്യന്റെ തലതിരിഞ്ഞ ചിന്ത എന്നല്ലാതെ ഈ പുതിയ സംഭവത്തെ കുറ്റാന്വേഷകനും വിശേഷിപ്പിക്കേണ്ടിവരില്ല.

മൂണർ റ്റിന്നാണു് വിദേശത്തു് ഇവർ അറിയപ്പെടുന്നതു്. മെക്സിക്കോയിലാണു്

ഇവരുടെ വിഹാരരംഗം. പാൻറും അണ്ടർവെയറും താഴിച്ചു് പാദത്തിനടുത്തിട്ടുകൊണ്ടു് സാധാരണഗതിയിൽ മദ്യം സിപ്പുചെയ്യുകയാണു് ഇവർ ചെയ്യുന്നതു്. ഷൂസുകൾ ഊരിമാറ്റുക്കാറില്ല. പോകാൻ നേരത്തു് പാൻറും മറ്റും ശരിയാക്കിക്കൊണ്ടവർ പോകുന്നു. യുവതികളും മദ്ധ്യവയസ്കകളും വൃദ്ധകളും ഇത്തരം മൂന്നേഴ്സ് സ്ഥിരംപോറുകാരുമുള്ള മദ്യശാലകളിലെ സ്ഥിരം സന്ദർശകരായുണ്ടു്. മൂണറന്മാക്കു് ഇപ്പോൾ ആരാധകർ കൂടിവരുന്നു. അവരെ ഇഷ്ടപ്പെടുന്ന പെൺകുട്ടികളുടെ എണ്ണം ആരെയും ഞെട്ടിപ്പിക്കുമെന്നു് ജോൺ ഡീൻ പോട്ടർ എന്ന ലേഖകൻ പറയുന്നു. പാൻറു മാത്രം അഴിച്ചുമാറുന്നവരെ അർദ്ധചന്ദ്രപ്രദർശകരെന്നും, അണ്ടർ പാൻറുകൂടി മാറി നഗ്നത പ്രദർശിപ്പിക്കുന്നവരെ പൂർണ്ണചന്ദ്രപ്രദർശകരെന്നും വിളിക്കുന്നു. ഈ തലതിരിഞ്ഞ മൂൺഷോയുടെ സംഘാടകരിൽ പ്രധാനിയായ ക്രൈസ് ഡിയർഡൺ ഈ അറപ്പുണ്ടാക്കുന്ന നഗ്നപ്രദർശനത്തിനു് ചന്ദ്രൻ എന്ന വാക്കുപയോഗിക്കാനുള്ള കാരണങ്ങളെ വിശദീകരിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "നഗ്നമായ പുരുഷന്റെ നിതംബങ്ങൾ പൂർണ്ണചന്ദ്രനെപ്പോലെയല്ലേ? അണ്ടർപാൻറു് ഉപയോഗിക്കുമ്പോൾ അർദ്ധചന്ദ്രനായി തോന്നിപ്പിക്കും. തികഞ്ഞ ഭ്രാന്തു് എന്നല്ലാതെ ഏതെങ്കിലും പോലെ ഒരാൾക്കു് ഇതിനെ വിശേഷിപ്പിക്കുവയ്യ. പുരുഷന്മാരുടെ പരസ്യം പാച്ചിലിൽ മനുഷ്യന്റെ അടുത്ത കണ്ടുപിടിത്തം എന്താണാവോ?

ഇംഗ്ലീഷ് പഠിക്കുക

ഞങ്ങളുടെ പോസ്റ്റൽ റസിഡൻഷ്യൽ കോഴ്സുകളിൽ ചേർന്നു് A. B. C. D. മുതൽ B. A. വരെ ഇംഗ്ലീഷ് പഠിക്കാം. കൂടുതൽ വിവരങ്ങൾക്കു മറുപടി സ്റ്റാമ്പുസഹിതം കത്തിടുക.

പ്രകാശ് കോളേജ്
കളക്ടറേറ്റു് P. O.
കോട്ടയം – 2

സിനിമാതാരങ്ങൾ എന്റെ ദൗർബല്യമല്ല പക്ഷേ. . .

സിനിമാതാരങ്ങൾ എന്റെ ദൗർബല്യമല്ല. അവരെ സന്ദർഭവശാൽ കാണുമ്പോൾ കുശലങ്ങൾ പറയുമെന്നതിൽ കവിഞ്ഞു് ഒരിക്കലും ആരാധനാമനോഭാവം എനിക്കു് തോന്നിയിട്ടുമില്ല. മലയാളത്തിലെ അപൂർവ്വം ചില നടന്മാരോടു് ബഹുമാനം തോന്നിയിട്ടുണ്ടു്. ആ തോന്നൽ ഒരിക്കലും മാഞ്ഞു പോകുന്നതുമല്ല. കാരണം അഭിനയത്തിൽ അവർ കാട്ടിത്തന്ന അക്ഷയലോകങ്ങൾ തന്നെ. നമ്മുടെ താരങ്ങളുടെ ഒപ്പമൊന്നിരിക്കാനും, അവരെ തൊട്ടുതലോടാനും, ഒന്നിച്ചിരുന്നു് ഫോട്ടോയെടുക്കാനുമല്ലാതെ അവരെ ബഹുമാനിക്കാൻ ആസ്വാദകരിൽ പലരും ശ്രമിക്കാറില്ല. താരാരാധന വിലകുറഞ്ഞ ഒരു ശാപമായിത്തീർന്നിരിക്കയാണു് മലയാളക്കരയിൽ. ആദ്യവരിയെഴുതാൻ മാത്രമേ ഞാനുദ്ദേശിച്ചുള്ളൂ. ഇത്രയും നീണ്ടുപോയതിനു മാപ്പുതരിക.

എം. ജി. സോമൻ ഇന്നു് മലയാളസിനിമയിലെ അപൂർവ്വമായ ശക്തിയും ചൈതന്യവുമായി മാറിയിരിക്കയാണു്. തനിക്കു കിട്ടിയ ഒരു കഥാപാത്രത്തോടും ഈ ചെറുപ്പക്കാരൻ നീതി കാണിക്കാതിരുന്നിട്ടില്ല. ഏറുശതമാനം പ്രേക്ഷകരും ഇഷ്ടപ്പെടുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ നാലോ നടന്മാരിൽ ഒരാളാണു് സോമൻ. പുരുഷങ്ങളിൽ ഇത്രയധികം പ്രശസ്തി നേടിയ മറ്റൊരാളുമില്ല. ആരാധകർക്കു് ഈ ചെറുപ്പക്കാരൻ പുതിയ ചില കാഴ്ചപ്പാടുകൾ നല്കുന്നുണ്ടു്. വൃദ്ധന്മാരുടേയും മദ്ധ്യവയസ്കന്മാരുടേയും ചെറുപ്പക്കാരുടേയും വികാരവിചാരങ്ങളെ മാനിക്കാൻ സോമനു കഴിയുന്നു. സ്ത്രീകളുടെ കമ്പനിയിൽ സോമൻ ഒരു പൊട്ടിച്ചിരിയുടെ നിലയ്ക്കാത്ത അലയായി മാറുന്നു. എപ്പോഴും ചിരിക്കാനും, എപ്പോഴും ഉല്ലാസവാനായും കഴിയുകയെന്നതു് തിരക്കു പിടിച്ച ഒരു നടനെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണു്. പ്രഭാതത്തിലെ കുളിർമ്മയിൽ കാണുന്ന പ്രസന്നമായ സോമന്റെ മുഖം തന്നെ തളർന്നവശനാവേണ്ട അർദ്ധരാത്രിയുടെ അന്ത്യയാമത്തിൽ സുഹൃത്തുക്കളോടു് കുശലം പറഞ്ഞിരിക്കുന്ന സോമനിൽ കണ്ടിട്ടുണ്ടു്. ആദ്യമെഴുതിയ വാചകത്തിലേക്കു് ഞാൻ കടക്കട്ടെ. സിനിമാതാരങ്ങൾ എന്റെ ദൗർബല്യമല്ല. പക്ഷേ, എം. ജി. സോമൻ എന്റെദൗർബല്യമാണു്. ഒരുപ്രശസ്ത നടനായതു കൊണ്ടല്ല. മനുഷ്യമനസ്സുകളെക്കുറിച്ചു്, അവയിൽ പടരുന്ന വസന്തഭംഗികളെ ആവാഹിച്ചെടുക്കുന്ന ഒരു മാന്ത്രികനായതു കൊണ്ടു്.

***

(16-ൽ നിന്നു തുടർച്ച)

കൾ വലിച്ചുകൂട്ടി കഥയ്ക്കു പൊക്കംകൂട്ടുന്നതു് ഏതു ഗ്രന്ഥിയുടെപ്രവർത്തനംകൊണ്ടാണു്? അറിഞ്ഞുകൂടാ. കഥാനായിക കാമുകൻ മരിച്ചസ്ഥലത്തുപോകുന്നു. അവിടം കണ്ടാലും അവൾക്കു തൃപ്തിയില്ല. പിന്നീടു് അയാളെ അടക്കിയ ശവപ്പറമ്പിലെത്തുന്നു. ശവമടക്കിയ സ്ഥലം കാണുന്നു. നമ്മുടെ ഭാഗ്യംകൊണ്ടു് "ഡെഡ്ബോഡി" ഒന്നു കാണട്ടെ എന്നു് അവൾ പറയുന്നില്ല. പറയാത്തതുകൊണ്ടു് കഥ തീരുന്നു. ഈ ചെറുകഥയിലെ ഒരു വാക്യം എനിക്കു് ഇഷ്ടപ്പെട്ടു. "മദറിനെ അനുസരിക്കുമ്പോൾ മനസ്സു് അനുസരണയില്ലാത്ത വളർത്തുപന്നിയെപ്പോലെ ദൂരെ അവ്യക്തമായൊരാകാശത്തിൽ പാറിപ്പറന്നുനടക്കുകയായിരുന്നു." പന്നി പറക്കുമെന്നു് ഇപ്പോഴാണു് ഞാൻ മനസ്സിലാക്കിയതു്. കലികാലമല്ലേ? പന്നികൾ മാത്രമല്ല ആനയും പറക്കുന്നവരും.

* * *

സന്മാർഗ്ഗം. സദാചാരം എന്നൊക്കെ പറയുന്നതു് ഒരു മണ്ഡലത്തിൽമാത്രം മതി എന്നു കരുതുന്നവരാണു് നമ്മളിൽ പലരും. ഉത്തരക്കടലാസ്സുകിട്ടിയാൽ കെമിസ്ട്രറി പരീക്ഷണശാലയിൽ കൊണ്ടുപോയി "സെൻസിറ്റീവ് ബാലൻസി"ൽവച്ചു് തൂക്കിനോക്കി 33½, 34½, 34¾ എന്നൊക്കെ മാർക്കിട്ടു് സദാചാരതല്പരന്മാരായി വിലസുന്ന ചിലരെ എനിക്കറിയാം. വല്ലവരും ഗ്രൂപാർശയുമായി തങ്ങളെ സമീപിച്ചാൽ ഉടനെ അക്കൗണ്ടർ അക്കാര്യം അധികാരികളെ അറിയിക്കുകയായി. എന്നാൽ അവരുടെ മക്കൾ പരീക്ഷയെഴുതിയിരിക്കട്ടെ. കാറെടുത്തു് ആസനത്തിൽവച്ചുകൊണ്ടു് അവർ കേരളംമുഴുവൻ സഞ്ചരിക്കും. മകളും മകനും ഒന്നാംക്ലാസ്സിൽ ജയിക്കുകയും ചെയ്യും. സന്മാർഗ്ഗം മറ്റുള്ളവരുടെകാര്യത്തിൽമാത്രം. സ്വന്തംകാര്യം ഭദ്രമായി നോക്കും. യഥാർത്ഥത്തിൽ സന്മാർഗ്ഗമിഷ്ടപ്പെടുന്നവർ സന്മാർഗ്ഗരാഹിത്യം കണ്ടാൽ കോപാകുലരാകാറില്ല. ആങ്, "മനുഷ്യന്റെ ദൗർബ്ബല്യം" എന്നു പറഞ്ഞു് അതിനെ സഹതാപത്തോടെ വീക്ഷിക്കുകയേയുള്ളൂ. ഉത്കൃഷ്ടമായ കലയെ ഞാനിഷ്ടപ്പെടുന്നു. അതുകൊണ്ടു് കലാകൗമുദിയിൽ ശ്രീ. ടി. എൻ. രാജേന്ദ്രൻ എഴുതിയ "സാവിത്രിക്കുട്ടിയുടെ മൂന്നു ദിവസം" എന്ന കലാഹിംസയെ സഹതാപത്തോടെ വീക്ഷിക്കുന്നു.

അടുത്തുനിന്നു് ഒരിക്കലും മാറാതെ നിങ്ങളെ ശല്യപ്പെടുത്തുന്ന സുഹൃത്തിനെ ശത്രുവിനേക്കാൾ നിങ്ങൾ വെറുക്കും. മലയാളഭാഷയിലെ കഥകൾ സുഹൃത്തുക്കളുടെമട്ടിൽ നിങ്ങളെ ഉപദ്രവിക്കുന്നു. അവയെ വെറുത്താൽ എന്താണു് തെറ്റു്?



ദീവാർ മലയാളത്തിൽ

ഹിന്ദിയിൽവമ്പിച്ച പ്രദർശനവിജയം നേടി സമകാലീനമായ സകലകളക്ഷൻ റിക്കാർഡുകളേയും ഭേദിച്ച "ദീവാർ" മലയാളം, തമിഴ്, തെലുങ്ക് എന്നീഭാഷകളിൽ ചിത്രമാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മലയാളത്തിൽ മധുവായിരിക്കും പ്രധാനറോളിൽ പ്രത്യക്ഷപ്പെടുക. സംവിധായകൻ ആരെന്നു നിശ്ചയിച്ചിട്ടില്ല. പി. ഭാസ്കരനേറയും സേതുമാധവനേറയും പേരു പറഞ്ഞുകേൾക്കുന്നുണ്ട്. ദീവാർ



തമിഴിൽ നിർമ്മിക്കുന്നവർതന്നെയാണു് മലയാളത്തിന്റേയും നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ളതു്.

ചിത്രസംവിധാനത്തിന്റെ ബാനറിൽനിർമ്മിക്കുന്ന ചിത്രത്തിനു് ഇതുവരെ നാമകരണം ചെയ്തിട്ടില്ല. എം. ആർ. പ്രസാദാണു് സംവിധായകൻ. കരിങ്കുന്നം ചന്ദ്രൻ

അണിയറയിലെ വാർത്തകൾ

ബിച്ചുതിരുമല എന്നിവരെഴുതിയ ഗാനങ്ങൾക്കു് ഭാവതരംഗിണിൽകുന്നതു് ദക്ഷിണാമൂർത്തിയാണു്. എൻ. എസ്. നായരാണു് ചായാഗ്രഹണം. തുളസിമാല ഏറ്റെടുത്തിരിക്കുന്നതു്.

കാമധേനു

ഹസ്സൻറഷീദ് ടീമിന്റെ കാമധേനുവിന്റെ പ്രാരംഭജോലികൾ നടന്നുകൊണ്ടിരിക്കുന്നു. ശശികുമാർ സംവിധാനം ചെയ്യുന്ന കാമധേനുവിൽ ജയഭാരതി, ശ്രീവിദ്യ, ഉഷാറാണി, ഭാസി, ശങ്കരാടി, സുരാസു എന്നിവരാണു് അഭിനയിക്കുന്നതു്.

"അംബ, അംബിക, അംബാലിക" എന്ന ചിത്രത്തിൽ രാഘവൻ

ക്കുന്നതു്. അക്ഷരം ഫിലിംസിന്റെ ആദ്യ ചിത്രത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിയ്ക്കുന്നു. ഹരിഹരനാണു് തിരക്കഥ തയ്യാറാക്കിയിരിക്കുന്നതു്. സംഭാഷണവും, ഗാനരചനയും പി. എൻ. ചന്ദ്രന്റേതാണു്. സംഗീതസംവിധാനം കെ. ആർ. ബാലകൃഷ്ണന്റേതും.

ധനലക്ഷ്മിയുടെ പരിവർത്തനം

ധനലക്ഷ്മികലാമന്ദിർ തങ്ങളുടെ ആദ്യ ചിത്രം ഈസ്റ്റ്മാൻകളറിൽ നിർമ്മിക്കുവാനാണു് തീരുമാനിച്ചിട്ടുള്ളതു്. ശശികുമാർ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിനു് "പരിവർത്തനം" എന്നാണു് നാമകരണം ചെയ്തിരിയ്ക്കുന്നതു്. ശ്രീകുമാരൻതമ്പിയും, എം. എസ്സു് വിശ്വനാഥനുമാണു് സംഗീതവിഭാഗം കൈകാര്യംചെയ്യുന്നതു്: വിദ്യാ, ശ്രീപ്രിയ, ലത, ഭാസി, നസീർ, ബഹദൂർ, ജോസ്പ്രകാശ് മുതലായ, എന്നീ പ്രമുഖതാരങ്ങൾ അഭിനയിച്ചിരിക്കുന്ന ധനലക്ഷ്മിയുടെ ചിത്രം വളരെയധികം പ്രത്യേകതകളും പുതുമകളുമുള്ളതായിരിക്കുമെന്നു് നിർമ്മാതാക്കൾ അവകാശപ്പെടുന്നു.

വന്ദനപിക്ചേഴ്സിന്റെ "മഞ്ജു" തരളിതമായ യുവഹൃദയങ്ങളുടെ തുടിപ്പുകൾ ഒപ്പിയെടുക്കുകയാണു്. ഏ. ആർ. മുകേഷാണു് കഥയ്ക്കു് രൂപം നല്കിയിരിക്കുന്നതു്. സംവിധായകനായ ശശികുമാർതന്നെയാണു് തിരക്കഥയും തയ്യാറാക്കിയിട്ടുള്ളതു്. നിർമ്മാണം തുടരുന്ന മഞ്ജുവിൽ പ്രേംനസീറും, ലക്ഷ്മിയുമാണു് പ്രധാനഭാഗങ്ങളിൽ - പ്രത്യക്ഷപ്പെടുന്നതു്. പി. ഭാസ്കരൻ: ഭരണിക്കാവു് ശിവകുമാർ, സി. കേശവൻ എന്നിവരുടെ ഗാനങ്ങൾക്കു് സംഗീതം നല്കുന്നതു് അർജ്ജുനനും

പുഷ്പശരത്തിനുശേഷം

പുഷ്പശരത്തിനുശേഷം അൻവർ, സുബൈർ ടീം പതിവ്രതയുടെ നിർമ്മാണത്തിൽ വ്യാപൃതരായിരിക്കുകയാണു്. സീനിഭാഗ്യയുടെ ബാനറിൽ നിർമ്മാണമാരംഭിക്കുന്ന പതിവ്രതയുടെ സംവിധായകൻ ശശികുമാറാണു്. പ്രേംനസീർ, ഭാസി, ബഹദൂർ, ലത, മീന, സോമൻ എന്നീ താരങ്ങളെ ഉൾകൊള്ളിച്ചുകൊണ്ടുള്ള ഈ ചിത്രം പ്രേക്ഷകരെ രസിപ്പിക്കുക എന്നതിൽ കവിഞ്ഞു് പ്രത്യേകിച്ചൊരു ലക്ഷ്യവുംമുൾകൊള്ളുന്നതല്ല.

രവികുമാറും, റാണിചന്ദ്രയും ചിത്രം "അയൽക്കാരി"

കൊട്ടാരക്കരയും,വിജയനിർമ്മലയും ചിത്രം "കേണലും കലക്ടറും"

പുതിയൊരു നായകൻ

മലയാളസിനിമരംഗത്തേക്കു് പുതുമുഖങ്ങൾ കടന്നുവരുന്നില്ല എന്ന പരാതിക്കു് കുറച്ചൊരു ശമനം വരുത്താനാണു് കെ. ജി. ജോർജ്ജു് ശ്രമിക്കുന്നതെന്നു തോന്നുന്നു. അദ്ദേഹം സംവിധാനം ചെയ്യുന്ന, "പുനഃപ്രതിഷ്ഠ" എന്ന ചിത്രത്തിലെ പ്രധാനഭാഗം ഒരു പുതുമുഖത്തിനാണു് നല്കിയിരിക്കുന്നതു്. മുരളീമോഹൻ എന്നാണാ പുതിയ നടന്റെ പേരു്. റാണിചന്ദ്ര, ശോഭ, ജോസ്പ്രകാശ്, പ്രേമ, പട്ടംസദൻ തുടങ്ങിയവരാണു് മറ്റു താരങ്ങൾ, സംഗീതവിഭാഗം കൈകാര്യം ചെയ്യുന്ന കെ. എസ്സു്. നമ്പൂതിരി, പ്രതാപ്സിംഗ് എന്നിവരും പുതുമുഖങ്ങളാണു്. ഈ പുതുമുഖങ്ങൾ പ്രേക്ഷകരേയും, പ്രേക്ഷകർ പുതുമുഖങ്ങളേയും എങ്ങിനെ നേരിടുമെന്നു് കാണാനായി നമുക്കു് കാത്തിരിക്കാം.

'ജാംബുസിന്റെ ഭാര്യവീടു്'

മലയാളത്തിൽ എക്കാലത്തും ചർച്ച ചെയ്യപ്പെടുന്ന, അവിസ്മരണീയമായ "നൃ

സ് പേപ്പർ ബോയി"യുടെ ശില്പിയായ രാമദാസ് ഇപ്പോൾ ഭ രൃവീട്ട്"" എന്ന ഒരു ചിത്രം സംവിധാനം ചെയ്യുകൊണ്ടിരിക്കയാണെന്നു് മദിരാശി വാർത്തകളിൽ കാണുന്നു. ചാലക്കുടി സിനി ആർട്ട്സാണു ഭാര്യവീടിന്റെ നിർമ്മാതാക്കൾ. റാണിചന്ദ്ര, ജയഭാരതി, കവിയൂർ പൊന്നമ്മ, പ്രേമ, സോമൻ, രാഘവൻ, ശങ്കരാടി, തുടങ്ങി വലിയൊരു താരനിരയാണു ഭാര്യവീടിനുള്ളതു്.

ലക്ഷ്മിയും നസീറും പ്രധാനറോളുകളിൽ

ആർ. എം. എസ്. ഫിലിംസിന്റെ പ്രഥമ ചിത്രത്തിന്റെ ആദ്യഭാഗഷൂട്ടിംഗ് കഴിഞ്ഞുവെങ്കിലും ഇതുവരെ പേരു് അനൗൺസ് ചെയ്തിട്ടില്ല. തിരക്കഥാ, സംഭാഷണം എന്നീ വിഭാഗങ്ങൾ ശ്രീകുമാരൻതമ്പിയാണു് എഴുതി തയ്യാറാക്കിയതു്. "കാശ്മീരപുഷ്പങ്ങൾ"ക്കു സംവിധായകനായ ശശികുമാർ തന്നെയാണു് ആർ. എം. എസ്സിന്റെ ചിത്രവും സംവിധാനം ചെയ്യുന്നതു്. ലക്ഷ്മിയും നസീറുമാണു് നായികയുടേയുംനായകന്റേയുംവേഷങ്ങളിൽ പ്രത്യക്ഷപ്പെടുക. ഉമ്മർ, ഭാസി എന്നിവരാണു് അവശേഷിക്കുന്ന താരനിരയിൽ പ്രധാനികൾ. ആർ. എം. സുന്ദരമാണു് നിർമ്മാതാവു്.

ഇംഗ്ലീഷിൽ സംസാരിക്കാൻ

(1) ഇംഗ്ലീഷിൽ സംഭാഷണം ചെയ്യാൻ--ഇംഗ്ലീഷ് സംഭാഷണ പാഠാവലി 12ക.

(2) ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ—സമ്പൂർണ്ണ ഇംഗ്ലീഷ് വ്യാകരണ പാഠാവലി 6ക.

(3) ഇംഗ്ലീഷിൽ കത്തുകളെഴുതാൻ—Senior Letter Writer. 8ക.

(4) തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ—Correct English. 5ക.

(5) ഉദാഹരണവാക്യങ്ങളുടെങ്ങിയ ഇംഗ്ലീഷ് നിഘണ്ടു. 20ക. 4ക, മുൻകൂർ അയച്ചു അപേക്ഷിക്കുക. A. P. O. യിലുള്ളവർ മുഴുവൻ തുകയും മുൻകൂറയയ്ക്കുണം. ഓരോന്നിനും തപാൽചെലവു് 2ക. 50സ.

C. C. Book Depot, 6 Rajendran Colony,
Arunachalam Road, Saligramam, MADRAS - 93

കേരള
ദിനേശ് ബീഡി
കണ്ണൂർ

ജീവിതം എന്നോടൊപ്പം

ഉദയായുടെ "ഭല്യനും മാതേവനും" എന്ന ചിത്രത്തിൽ നസീറും ഷീലയും

എസ്. എസ്. ഫിലിംസ് അവതരിപ്പിക്കുന്ന "വാഴ്വ് എൻപക്കം" മാനുഷികവികാരങ്ങളുടെ പരിശുദ്ധിയെ എടുത്തുകാട്ടുന്ന ഒരു ചിത്രമാണു് മഹേന്ദ്രനാണു് കഥയും സംഭാഷണവും രചിച്ചിരിക്കുന്നതു്. കണ്ണദാസനും വിശ്വനാഥനും സംഗീതം പകരുന്നു. മുത്തുരാമൻ, ലക്ഷ്മി, ശ്രീകാന്ത്, മുതലിരാജൻ, വരലക്ഷ്മി, മനോരമ, എം ഭാനുമതി അപർണ്ണ തുടങ്ങിയ താരങ്ങൾ അഭിനയിക്കുന്ന "വാഴ്വ് എൻപക്കം" സംവിധാനം ചെയ്യുന്നതു് കൃഷ്ണൻപഞ്ചുസഹോദരന്മാരാണു്.

ആയിരത്തിൽ ഒരുവൻ

പേരിൽ മാത്രമല്ല, ഉള്ളടക്കത്തിലും മറ്റെല്ലാ സമകാലീന തമിഴ് ചിത്രങ്ങളിൽ നിന്നും "ആയിരത്തിൽ ഒരുവൻ" തികച്ചും മാറിപ്പോയിട്ടുണ്ടെന്നു് സംവിധായകനു നന്ദി പറയുന്നതിനു മുമ്പായി ഞാൻ ഓർമ്മിപ്പിക്കുന്നതാണു് ആലങ്കുടി സോമുവിന്റെ ഗാനങ്ങൾക്കു കുമാർ സംഗീതം പകരുന്നു. വിജയകുമാർ, ശ്രീവിദ്യ, പി കെ. രാമസ്വാമി, ജയചന്ദ്രൻ, തങ്കവേലു, സച്ചു, ലക്ഷ്മിശ്രീ, തുടങ്ങിയവരാണു് പ്രധാന റോളുകളിൽ പ്രത്യക്ഷപ്പെടുന്നതു്. — വി

[8-ൽ നിന്നു തുടർച്ച]

ണ എന്നെല്ലാം ഒന്നിച്ചു നിസ്സംശയം നിർണ്ണയിച്ചവർ (പ്രാശ്നികന്മാർ) ധ്വജത്തിന്റെ സ്ഥാനംമാറിയുള്ള സ്ഥിതി ദേവനു ഹിതമാണെന്നു എടുത്തുകൊണ്ടു പറയുന്നു. ധ്വജം നിൽക്കുന്നതു സ്ഥാനംതെറ്റിയാണെന്നുള്ളതു ശരിയാണെങ്കിൽ ധ്വജം മാറ്റി പ്രതിഷ്ഠിക്കണമെന്നു വിധിക്കുവാനുള്ള കരൾകരുത്തു് എടുത്തുകൊണ്ടു പ്രാശ്നികന്മാക്കു ഇല്ലാതെപോയി. കണക്കിനെ ആശ്രയിച്ചാണു ക്ഷേത്രവും ബിംബവും ധ്വജവുമെല്ലാംതന്നെ. കണ്ണു കാതിന്റെ സ്ഥാനത്തിലും കാതു കണ്ണിന്റെ സ്ഥാനത്തിലുമായാലുള്ള വൈകൃതമാണു ധ്വജം മുതലായവയുടെ അസ്ഥാനസ്ഥിതിയിലുമുള്ളതു്. ഇങ്ങനെ നോക്കിയാൽ പ്രശ്നവും പ്രശ്നത്തിലെ വിധികളും അശ്രദ്ധാജടിലവും അശാസ്ത്രീയവുമെന്നു കാണാം ഈ പ്രശ്നച്ചാത്തു പ്രസിദ്ധികരിക്കാതിരുന്നെങ്കിൽ...